
കോട്ടപ്പടി ഗ്രാമ പഞ്ചായത്ത്

അധികാരം ജനങ്ങളിലേക്ക്

ജനകീയാസൂത്രണ പ്രസ്ഥാനം





വികസന റിപ്പോർട്ട് '96

ആമുഖം

നാളിതുവരെ നിലനിന്നിരുന്ന വികസനസങ്കല്പങ്ങളെ ആകെ മാറ്റി മറിച്ചുകൊണ്ട് ജനകീയാസൂത്രണ പ്രസ്ഥാനം കേരളത്തിൽ ശക്തിപ്രാപിക്കുകയാണ്. ജനങ്ങളുടെ ജീവിത നിലവാരത്തെ പടിപടിയായി ഉയർത്തുന്ന സാമൂഹ്യ പ്രക്രിയയാണല്ലോ വികസനം. ഇതിനു കഴിയണമെങ്കിൽ കാർഷിക വ്യവസായിക മേഖലകളുടേയും സേവനരംഗത്തിന്റേയും അഭൂതപൂർവ്വമായ വളർച്ച സാധ്യമാക്കണം. ഇതിനാകട്ടെ ശരിയായ ആസൂത്രണം അനിവാര്യമാണ്. സാമൂഹ്യ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ വികസനപ്രശ്നങ്ങളുടെ മുൻഗണനാ ക്രമം നിശ്ചയിക്കുകയും അതുപ്രകാരം വിഭവങ്ങൾ നീക്കിവക്കുകയും ചെയ്യുന്ന ക്രിയക്കാണ് ആസൂത്രണം എന്നു പറയുന്നത്. ഇത്തരമൊരു ആസൂത്രണം യാഥാർത്ഥ്യബോധമുള്ളതാകണമെങ്കിൽ ഇന്നാട്ടിലെ ജനങ്ങളുടെ വികാരങ്ങൾ കൂടി തൊട്ടറിഞ്ഞതായിരിക്കണം. ഇതിനാകട്ടെ ഉല്പാദന സേവന രംഗങ്ങളിൽ ശക്തമായ ജനകീയ പങ്കാളിത്തം പ്രാദേശികമായി ഉണ്ടാകണം. ഇതിനായി ഈ മേഖലകളിൽ ആസൂത്രണത്തേയും പദ്ധതി നടത്തിപ്പിനേയും വികേന്ദ്രീകരിക്കണം.

ഇത്തരമൊരു കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ് കേരളത്തിന്റെ 9 ാം പഞ്ചവത്സര പദ്ധതി ഒരു ജനകീയ പദ്ധതിയാക്കുവാൻ നമ്മുടെ സർക്കാർ തീരുമാനിച്ചത്. അതിനുവേണ്ടിയുള്ള വിപുലമായ മുന്നൊരുക്കങ്ങളാണ് ജനകീയാസൂത്രണ പ്രസ്ഥാനം വഴി കേരളത്തിലാകമാനം സംഘടിപ്പിച്ചു വരുന്നത്. ഇതിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങൾ നമ്മുടെ പഞ്ചായത്തിലും നടന്നു വരികയാണ്.

ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ സംസ്ഥാന തല ഉദ്ഘാടനം 1996 ആഗസ്റ്റ് 17 (1172 ചിങ്ങം 1) ന് നടത്തപ്പെട്ടു. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനജില്ലാ തലത്തിലും പ്രാദേശീക തലത്തിലും പരിശീലനങ്ങൾ നടന്നു. 1996 സെപ്റ്റംബർ 10,11,12 തീയതികളിലായിരുന്നു ജില്ലാതല പരിശീലനം. സെപ്റ്റംബർ 19 ന് പഞ്ചായത്തുതല പരിശീലനം കോട്ടപ്പടിയിൽ വച്ചു നടന്നു. പരിശീലന പരിപാടിയിൽ 99 പേർ പങ്കെടുത്തു. ഇതിന്റെ തുടർച്ചയായി എല്ലാ വാർഡുകളിലും വിശേഷാൽ ഗ്രാമസഭകൾ ചേർന്ന് വാർഡുതലത്തിൽ നടത്തേണ്ട വികസനപ്രവർത്തനങ്ങൾ സംബന്ധിച്ച ചർച്ചകൾ നടത്തി. ജനകീയാസൂത്രണത്തിന്റെ പ്രചരാണാർത്ഥം വിവിധ സ്കൂളുകളിൽ ക്വിസ് മത്സരങ്ങളും സംഘടിപ്പിക്കുകയുണ്ടായി.

വിശേഷാൽ ഗ്രാമസഭകൾ

വാർഡ്	കൂടിയ തീയതി	പങ്കെടുത്തവരുടെ എണ്ണം
1.	22-9-1996	56
2.	22-9-'96	68
3.	6-10-'96	87
4.	29-9-'96	98
5.	28-9-'96	69
6.	29-9-'96	159
7.	5-10-'96	76
8.	5-10-'96	135
9.	6-10-'96	133

1996 നവംബർ 5,6,7 തീയതികളിലായി രണ്ടാംഘട്ട പരിശീലനം കോതമംഗലത്തു വച്ചു നടന്നു. നവംബർ 13 -ന് പഞ്ചായത്തുതല ശില്പശാല കോട്ടപ്പടിയിൽ വച്ച് നടത്തപ്പെട്ടു. ശില്പശാലയിൽ 62 പേർ പങ്കെടുത്തു. വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിന്റെ മുന്നോടിയായി നവംബർ 15, 16 തീയതികളിൽ പഞ്ചായത്തിൽ പഠനപര്യടനം സംഘടിപ്പിക്കുകയുണ്ടായി. കൂടാതെ ഗ്രാമസഭാ റിപ്പോർട്ടുകൾ, ദ്വിതീയ വിവരശേഖരണ കണക്കുകൾ, കാരണവ ചർച്ചകൾ, അച്ചടിമാധ്യമങ്ങൾ എന്നിവയെല്ലാം പ്രയോജനപ്പെടുത്തിയാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയത്. ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിന് ആത്മാർത്ഥതയോടെ പ്രവർത്തിച്ച എല്ലാവർക്കും അകൈതവമായ നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു.

സ്നേഹപൂർവ്വം

(ഒപ്പ്)
ഗീതാ ജനാർദ്ദനൻ
(പ്രസിഡന്റ്)

പഞ്ചായത്ത് പൊതുവിവരണം

പഞ്ചായത്തിന്റെ പേര്	-	കോട്ടപ്പടി ഗ്രാമ പഞ്ചായത്ത്
ഉൾപ്പെടുന്ന വില്ലേജുകൾ	-	കോട്ടപ്പടി, തൃക്കാരിയൂർ
ബ്ലോക്ക് പഞ്ചായത്ത്	-	കോതമംഗലം
ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ	-	കോട്ടപ്പടി
താലൂക്ക്	-	കോതമംഗലം
ജില്ലാ പഞ്ചായത്ത് ഡിവിഷൻ	-	നേര്യമംഗലം
അസംബ്ലി മണ്ഡലം	-	കോതമംഗലം
ലോക്സഭാ മണ്ഡലം	-	മൂവാറ്റുപുഴ
വിസ്തീർണ്ണം	-	31.94 ച. കി.മീറ്റർ

അതിരുകൾ

വടക്ക്	-	കോട്ടപ്പാറ റിസർവ് വനം
കിഴക്ക്	-	പിണ്ടിമന പഞ്ചായത്ത്
തെക്ക്	-	നെല്ലിക്കുഴി പഞ്ചായത്ത്
പടിഞ്ഞാറ്	-	അശമന്നൂർ, വേങ്ങൂർ പഞ്ചായത്തുകൾ
ജനസംഖ്യ	-	15,361 (1991)
വാർഡുകൾ	-	9

പ്രസിഡന്റിന്റെ പേര്	-	ശ്രീമതി ഗീതാ ജനാർദ്ദനൻ
വൈസ് പ്രസിഡന്റിന്റെ പേര്	-	ശ്രീ. ഇട്ടൂപ്പ് മത്തായി.

ഭരണ സമിതിയംഗങ്ങൾ

1. ഗീതാ ജനാർദ്ദനൻ (പ്രസിഡന്റ്)
2. ഇട്ടൂപ്പ് മത്തായി (വൈസ് പ്രസിഡന്റ്)
3. ബേബി അഗസ്റ്റ്യൻ (സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ)
4. എം. യു. രാജു.
5. മേരി വർഗ്ഗീസ്.
6. എം. എ സുകുമാരൻ
7. ഷൈബി രവീന്ദ്രൻ
8. കെ. വി. പരീക്കുട്ടി
9. പി. റ്റി. കുഞ്ഞ്

നമ്മുടെ പ്രതിനിധികൾ

എം. പി.	-	ശ്രീ. പി. സി. തോമസ്
എം.എൽ.എ	-	ശ്രീ. വി. ജെ. പൗലോസ്
ജില്ലാ പഞ്ചായത്ത് മെമ്പർ	-	ശ്രീമതി ലിസി ജോസ്
ബ്ലോക്ക് പഞ്ചായത്ത് മെമ്പർ	-	ശ്രീ. ജോയി എബ്രാഹം. (ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്)

ഈ പഞ്ചായത്തിന്റെ മുൻപ്രസിഡന്റുമാരുടെ പേരുവിവരം താഴെ കൊടുക്കുന്നു.

1. K. ശ്രീധരൻ
2. കുരുവിള മത്തായി
3. R. കുഞ്ഞുണ്ണികർത്താവ്
4. K. A. മത്തായി
5. P. P. യാക്കോബ്
6. ഇട്ടൂപ്പ് മത്തായി
7. P.E. ദിവാകരൻ
8. K.G. ഉതുപ്പ്

ചരിത്രം

കോട്ടപ്പടി പഞ്ചായത്ത് രൂപീകരിക്കുന്നത് 1953-ൽ ആണ്. ഈ പഞ്ചായത്തിന്റെ ഇന്നത്തെ വിസ്തീർണ്ണം 31.94 ച: കി. മീറ്ററാണ്. അതിൽ 527.13 ഹെക്ടർ വന ഭൂമിയാണ്. വടക്ക് കോട്ടപ്പാറ റിസർവ് വനവും കിഴക്ക് പിണ്ടിമന പഞ്ചായത്തും പടിഞ്ഞാറ് വേങ്ങൂർ അശമന്നൂർ പഞ്ചായത്തുകളും തെക്ക് നെല്ലിക്കുഴി പഞ്ചായത്തും അതിരുകളായി നിലകൊള്ളുന്നു.



ഈ പഞ്ചായത്തിൽ ജനവാസം ആദ്യം ആരംഭിച്ചത് തെക്കെകോട്ടപ്പടിയിലാണ്. അഞ്ചിക്കൈമൾമാരിൽ പ്രധാനിയായ ചേരാനെല്ലൂർ കർത്താവുമായി ബന്ധമുണ്ടായിരുന്ന താഴശ്ശേരി കോട്ട കർത്താക്കന്മാരുമായി കോട്ടപ്പടി എന്ന പേർ ബന്ധപ്പെട്ടിരിക്കുന്നു. കോട്ടയുടെ പടിയാണ് കോട്ടപ്പടി ആയത്. A.D. 1750-ൽ മാർത്താണ്ഡവർമ്മ വടക്കുംകൂർ ആക്രമിച്ച് കീഴ്പ്പെടുത്തുന്നതുവരെ രാജകീയ അധികാരങ്ങളോടെ ഈ പ്രദേശത്ത് കോട്ടയിൽ കർത്താക്കന്മാർ ഭരണം നടത്തിയിരുന്നു. അതിനുശേഷവും അവരുടെ പ്രതാപം നിലനിന്നിരുന്നു. കോലാലി കയറ്റാനും കറുത്തേടം കടത്താനും കർത്താക്കന്മാർക്ക് അധികാരമുണ്ടായിരുന്നു. കോലാലി കയറ്റുക - കൊല്ലുക, കറുത്തേടം കടത്തുക - നാടു കടത്തുക ഇതായിരുന്നുവത്രേ ഈ പ്രയോഗങ്ങളുടെ അർത്ഥം. കൊല നടത്തിയിരുന്ന സ്ഥലം കോലാലി മോളമായി ഇന്നുമുണ്ട്. ചോര ഒലിച്ചെത്തിയ 'ഉതിരമറ്റ'വും അടുത്തുണ്ട്. കറുത്തേടം ആ പേരിൽത്തന്നെ ഇപ്പോഴുമുണ്ട്.

കോട്ടയിൽ കർത്താക്കന്മാരുടെ പഴമ എത്രമാത്രമുണ്ട് എന്നു നിശ്ചയിക്കാൻ തെളിവുകളൊന്നും ലഭ്യമല്ല. കർത്താക്കന്മാരുടെ കുടുംബ ഭരദേവതയെ പ്രതിഷ്ഠിച്ചിട്ടുള്ള കോട്ടേക്കാവ് മേഞ്ഞിട്ടുള്ള ഓടുകളിൽ A.D. 1086 എന്ന് എഴുതിയിട്ടുണ്ട്. സ്വദേശി ടൈൽസ് വർക്ക്സ് മണലി എന്ന് ഇംഗ്ലീഷിൽ രേഖപ്പെടുത്തിയിട്ടുള്ളതാണ് ആ ഓടുകൾ. അതുകൊണ്ട് A.D. 1086 - ൽ നിർമ്മിച്ചിട്ടുള്ളതാണ് ആ ഓടുകൾ എന്ന് കരുതാനാവില്ല. എങ്കിലും നൂറ്റാണ്ടുകളുടെ പഴമ കർത്താക്കന്മാർക്കും ആ പ്രദേശത്തെ ജനാധിവാസത്തിനും ഉണ്ടെന്ന് നിസ്സംശയം പറയാം.

1800-നോട് അടുത്ത് ഏതാനും ക്രിസ്ത്യൻ കുടുംബങ്ങളും ടിപ്പുവിന്റെ പടയോട്ടക്കാലത്ത് വടക്കൻ മലബാറിൽ നിന്നും ഏതാനും നമ്പൂതിരി കുടുംബങ്ങളും തെക്കേ കോട്ടപ്പടിയിൽ എത്തിച്ചേർന്നു. കുടിയേറ്റ മേഖലയായ കോട്ടപ്പടിയിലെ ആദ്യകുടിയേറ്റക്കാർ ഒരു പക്ഷേ അവരായിരിക്കണം.

മറ്റുള്ള പ്രദേശത്ത് ജനവാസം ആരംഭിക്കുന്നത് 1900 -ത്തോട് അടുത്താണ്. അന്നുവരെ വനഭൂമിയായിരുന്ന പ്രദേശത്തേക്ക് പ്രധാനമായും ക്രിസ്ത്യൻ കുടിയേറ്റമാണ് ഉണ്ടായത്.


കുടിയേറ്റക്കാർ ഭൂമി സർക്കാരിൽ നിന്നും പതിപ്പിച്ച് എടുക്കുകയായിരുന്നു. അതുകൊണ്ട് ഭൂമി മുഴുവൻ ജന്മികളുടേതും, കൃഷിക്കാർ മുഴുവനും കുടിയാന്മാരും - അത്തരമൊരു കാർഷിക ബന്ധം ഈ പഞ്ചായത്തിലുണ്ടായിരുന്നില്ല. എന്നാൽ കല്ലുമല, പ്ലാമുടി, വടക്കുംഭാഗം തുടങ്ങിയ പ്രദേശങ്ങളിൽ കുടിയാന്മാരായ വളരെക്കുറച്ച് കർഷകർ ഉണ്ടായിരുന്നു. അതിനാൽ ഭൂപരിഷ്ക്കരണത്തിന്റെ ഫലമായി ഭൂ ഉടമകളായ കൃഷിക്കാർ നൂറിൽ താഴെ മാത്രമാണ്.

കുടിയേറ്റക്കാരായ കൃഷിക്കാരെ സംബന്ധിച്ചിടത്തോളം ദൈനം ദിന ജീവിതമായിരുന്നു മുഖ്യപ്രശ്നം. അതുകൊണ്ടായിരിക്കണം ഇൻഡ്യൻ സ്വാതന്ത്ര്യ സമരത്തിന്റെ പ്രക്ഷുബ്ധമായ കാലഘട്ടങ്ങൾ ഈ പ്രദേശത്തെ ജനങ്ങളിൽ സ്വാധീനം ചെലുത്താതെ പോയത്.


1940 കളിൽ കോൺഗ്രസ് പാർട്ടിയുടെ മെമ്പർഷിപ്പുള്ള ചുരുക്കം ചിലർ മാത്രമാണ് ഈ പഞ്ചായത്തിലുണ്ടായിരുന്നത്. ആ കാലഘട്ടത്തിൽ കൽക്കുരിശുപള്ളിക്കു സമീപം കോൺഗ്രസ് പാർട്ടിയുടെ ഒരു യോഗം ചേർന്നിരുന്നുവെന്നു മാത്രമേ അന്വേഷണത്തിൽ കണ്ടെത്താനായുള്ളു.


തെക്കെ കോട്ടപ്പടി, നാഗഞ്ചേരി പ്രദേശങ്ങളിലെ ജനാധിവാസത്തിന് നൂറ്റാണ്ടുകളുടെ ചരിത്രമുണ്ടെങ്കിലും ഈ പഞ്ചായത്ത് ഒരു കുടിയേറ്റ മേഖലയാണെന്നു വേണം പറയാൻ. രണ്ട് വിദ്യാഭ്യാസ സ്ഥാപനങ്ങളും വായനശാലയും ഉണ്ടായത് കോട്ടപ്പടിയുടെ തെക്കുഭാഗത്താണ്. മറ്റുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളും സാംസ്ക്കാരികകേന്ദ്രങ്ങളായ വായനശാലകളും ആരംഭിക്കുന്നത് സ്വാതന്ത്ര്യപ്രാപ്തിക്ക് തൊട്ടുമുമ്പോ അതിനു ശേഷമോ ആണ്.

കുടിയേറ്റ മേഖലയായ ഈ പഞ്ചായത്തിനെ ഇന്നഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ നിരവധിയാണ്.


S
N
മുണ്ടക്കുഴി മുതൽ വടക്കോട് ബ്രാഞ്ചർ വരെ (1)
മുണ്ടക്കുഴി
HLC
കോട്ടപ്പടിക്കോണം ഗേൾസ് സ്കൂൾ റോഡ്
x സംഗമേശ്വരി പള്ളി
ചിറ
MAIN CANAL
പൂവോലം
മുണ്ടൂർപ്പാടം
വടക്കേരി തെക്കേലി റോഡ്
ചേറൻതൊടി കോളനി
ചേറൻതൊടി കനാൽ
പാണേലി ബ്രാഞ്ച് കനാൽ
കല്ലുമലത്തണ്ടം
വടക്കേലി കല്ലുമല കനാൽ

മുണ്ടയ്ക്കാപ്പടി മുതൽ വടക്ക് പ്ലാന്റേഷൻ വരെ




N
W
E



ഭൂപ്രകൃതിയനുസരിച്ച് ഇടനാട് മേഖലയിൽപെട്ട കോട്ടപ്പടി പഞ്ചായത്തിന് കിഴക്കുനിന്നും അല്പം പടിഞ്ഞാറോട്ട് ചെരിഞ്ഞ് കിടക്കുന്ന ഭൂപ്രകൃതിയാണുള്ളത്. വടക്ക് ഭാഗം അല്പം ഉയർന്നു കിടക്കുന്നു. ചെറിയ കുന്നുകളും താഴ്വരകളും കൊണ്ട് നിറഞ്ഞതാണ് കോട്ടപ്പടി പഞ്ചായത്ത്. പഞ്ചായത്തിന്റെ തെക്കുപടിഞ്ഞാറു ഭാഗം കുന്നുകൾ കുറഞ്ഞ പ്രദേശമാണ്. താഴ്വരകളിലൂടെ ചെറിയ തോടുകൾ പടിഞ്ഞാറോട്ട് ഒഴുകുന്നു. അവയുടെ വശങ്ങളിൽ രണ്ടു പൂനെൽകൃഷി ചെയ്യുന്ന പാടങ്ങളാണ്. പെരിയാർവാലി കനാലുകളിൽ നിന്നും ജലസേചനസൗകര്യമുള്ള പ്രദേശങ്ങളിൽ മൂന്നു പൂവും കൃഷിചെയ്യുന്നുണ്ട്. കുന്നുകൾ ബഹുഭൂരിപക്ഷവും റബർതോട്ടങ്ങളായി മാറിയിരിക്കുന്നു. അവിടങ്ങളിൽ മണ്ണൊലിപ്പ് ഭാഗീകമായി തടഞ്ഞിട്ടുണ്ട്. എങ്കിലും മണ്ണൊലിപ്പ് പഞ്ചായത്തിൽ അധികം പ്രദേശത്തും അനുഭവപ്പെടുന്നു. കുന്നിൻ മുകളിലുള്ള പ്രദേശത്ത് മണ്ണൊലിപ്പു മൂലം പാറയായി മാറിയ പ്രദേശങ്ങളിൽ പാറ വെടിവച്ച് പൊട്ടിച്ചുകൊണ്ടിരിക്കുന്നു. പഞ്ചായത്തിൽ 6568.50 ഏക്കർ സ്ഥലമുള്ളതിൽ 1302 ഏക്കർ വനഭൂമിയാണ്. വനഭൂമിയൊഴികെയുള്ള 5266.50 ഏക്കർ ഭൂമിയിൽ 3926.04 ഏക്കർ ഭൂമി കുന്നുകളും കുന്നിൻചെരിവുകളും ചേർന്ന പ്രദേശമാണ്. കുന്നുകളിൽ വെള്ളം കിനിഞ്ഞ് ഇറങ്ങി താഴ്ന്ന പ്രദേശങ്ങളിൽ ഉറവുകൾ ഉണ്ടാകുന്നതിനുള്ള സാഹചര്യം ഉണ്ട്. സംസ്ഥാനത്തെ മണ്ണിനെ പലതായി തിരിച്ചിട്ടുള്ളതിൽ ലാറ്ററൈറ്റ് സോയിൽ വിഭാഗത്തിൽ പെട്ടതാണ് നമ്മുടെ പഞ്ചായത്തിലെ മണ്ണ്.

നാഗഞ്ചേരി പള്ളിമോളം, പൂമോളം കൊടിഞ്ഞാങ്കുഴികുന്ന്, കല്ലുമല തണ്ട്, നെല്ലിത്തണ്ട് പ്ലാമുടി, ചീനിക്കുഴിത്തണ്ട്, കോട്ടപ്പാറമുടി, പെരുമാലമുടി, മൂന്തൂർ എന്നിവയാണ് പഞ്ചായത്തിലെ പ്രധാനപ്പെട്ട കുന്നുകൾ.

എട്ടാം പാടം, മുതിരമറ്റം, മൂന്തൂർ പാടം, നാഗഞ്ചേരി പാടം (താഴത്തെപാടം), മൂന്നാം തോടുപാടം, പ്ലാമുടി പാടം ചേറങ്ങനാൽ പുഞ്ച, ചേലയ്ക്കാപ്പിള്ളി പാടം, വടക്കുംഭാഗം പാടം, വിരിപ്പക്കാട്ട് പാടം, പൂക്കോട്ട് പാടം, പ്ലാച്ചേരി പാടം, തോളേലിപാടം, ചവറേലിപാടം, കറുത്തേടം പാടം എന്നിവയാണ് പ്രധാന തടങ്ങൾ.

കോട്ടപ്പടി പഞ്ചായത്തിന്റെ മൊത്തം വിസ്തൃതിയുടെ 75% കുന്നുകളും ചെരിവുകളുമാണ്. 3262 mm മഴ ലഭിക്കുന്ന ഈ പ്രദേശത്ത് മണ്ണൊലിപ്പ് പൂർണ്ണമായും തടഞ്ഞിട്ടില്ല. കുന്നിൻ പ്രദേശങ്ങളുടെ 85% വും റബർ കൃഷി ചെയ്തിരിക്കുന്നു. ചുരുക്കമായി തെങ്ങും കവുങ്ങും കുരുമുളകും കൃഷി ചെയ്തിട്ടുണ്ട്. അപൂർവ്വമായി തേക്കും കൃഷി ചെയ്തുവരുന്നു. ഈ പ്രദേശത്ത് ചെങ്കൽ കലർന്ന മണ്ണാണ് കാണപ്പെടുന്നത്.

കുന്നുകളുടെ ഇടയ്ക്കുള്ള തടങ്ങൾക്ക് വീതി വളരെ കുറവാണ്. എല്ലാ തടങ്ങളിലും പടിഞ്ഞാറോട്ട് ഒഴുകുന്ന തോടുകൾ ഉണ്ട്. തോടുകൾക്ക് വീതി വളരെ കുറവാണ്. കുന്നുകളിൽ നിന്നും പെട്ടെന്ന് ഒഴുകിയെത്തുന്ന വെള്ളം വെള്ളപ്പൊക്കത്തിനും തോടുകളുടെ ബണ്ട് പൊട്ടുന്നതിനും ഇടയാക്കുന്നു. തന്മൂലം കൃഷിനാശം സർവസാധാരണയാണ്.

കാലാവസ്ഥ

സംസ്ഥാന ഭൂവിനിയോഗ ബോർഡിന്റെ തരം തിരിക്കലനുസരിച്ച് കോട്ടപ്പടി പഞ്ചായത്ത് ഹൈലാൻഡ് ബി ഹൊറിസോൺ എന്ന കാർഷിക മേഖലയിലാണ്.

പഞ്ചായത്തിൽ ലഭിക്കുന്ന മഴ

മാസം	മഴ (mm)	മാസം	മഴ (mm)
ജനുവരി	15	ജൂലായ്	725
ഫെബ്രുവരി	17	ആഗസ്റ്റ്	451
മാർച്ച്	41	സെപ്റ്റംബർ	288
ഏപ്രിൽ	134	ഒക്ടോബർ	312
മെയ്	318	നവംബർ	172
ജൂൺ	744	ഡിസംബർ	45

പഞ്ചായത്തിലെ താപനില

മാസം	കൂടുതൽ	കുറവ്
ജനുവരി	30.8 °C	22.1 °C
ഫെബ്രുവരി	31.6 "	24.7 "
മാർച്ച്	32.4 "	25.3 "
ഏപ്രിൽ	32.5 "	25.2 "
മെയ്	32.2 "	26.0 "
ജൂൺ	30.0 "	24.1 "
ജൂലായ്	29.3 "	23.4 "
ആഗസ്റ്റ്	29.5 "	23.9 "
സെപ്റ്റംബർ	30.8 "	24.3 "
ഒക്ടോബർ	30.9 "	23.8 "
നവംബർ	31.7 "	24.2 "
ഡിസംബർ	31.9 "	22.9 "

ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത് ജൂൺ, ജൂലായ് മാസങ്ങളിലാണ്. തണുപ്പ് ഏറ്റവും കൂടുതൽ അനുഭവപ്പെടുന്നത് ഡിസംബർ, ജനുവരി മാസങ്ങളിലാണ്. ഫെബ്രുവരി, മാർച്ച്, ഏപ്രിൽ മാസങ്ങളിലാണ് ഏറ്റവും കൂടുതൽ ചൂട് അനുഭവപ്പെടുന്നത്. കാലവർഷത്തിലാണ് ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത്. തുലാവർഷം പലപ്പോഴും പരിമിതമായിപ്പോവാറുണ്ട്.

ജല ലഭ്യത

മഴയിൽ നിന്ന് ലഭ്യമാകുന്ന ജലത്തിന്റെ കണക്ക് മുകളിൽ കാണിച്ചിട്ടുണ്ട്. കോട്ടപ്പാറ വനത്തിൽനിന്നും ആരംഭിക്കുന്ന പ്ലാമുടി തോട്, വാവേലി - ചേലയ്ക്കാപ്പിള്ളി തോടുകൾ ചേർന്ന് രൂപം കൊണ്ട മൂന്നാം തോട്, മൂന്തൂർ ചിറയിൽ നിന്നും ആരംഭിക്കുന്ന തോട്, നാഗഞ്ചേരി താഴത്തെ പാടത്തുനിന്നും ആരംഭിക്കുന്ന തോട്, എട്ടാം പാടത്തുനിന്നും ആരംഭിക്കുന്ന തോട്, കറുത്തേടം പാടത്തുനിന്ന് ആരംഭിക്കുന്ന തോട് എന്നിവ യോജിച്ച് ഒഴുകുന്ന കോലാലി തോട് ഇവയാണ് ഈ പഞ്ചായത്തിലെ പ്രധാന തോടുകൾ. ഈ തോടുകളിൽ വർഷക്കാലത്ത് വെള്ളപ്പൊക്കം ഉണ്ടാകുന്നു.

അരച്ചിറ, വിരിപ്പക്കാട്ടു ചിറ, ഉപ്പുകണ്ടം ചിറ, കുട്ടംകുളം ചിറ, മൂന്തൂർ ചിറ, നൂലേലി ചിറ, കലയാംകുളം, മാളികക്കുളം, ഉറവും പൊട്ടക്കുളം, കുമ്പിളിൻചോട് കുളം, പുത്തൻകുളം, പെലച്ചിറ, പൂച്ചക്കുളം, കണ്ണേത്തുപൊട്ട, പുഞ്ചക്കുളം, പൊങ്ങാലിക്കുളം, പ്ലാച്ചേരിക്കുളം എന്നിവ പ്രധാനപ്പെട്ട ജലസംഭരണികളാണ്. ഇതിൽ വിരിപ്പക്കാട്ടുചിറ, നൂലേലിചിറ, അരച്ചിറ എന്നിവ ഒഴികെയുള്ള ജലാശയങ്ങൾ നികന്നുപോയതുകൊണ്ട് വേനൽകാലത്ത് ഉപയോഗയോഗ്യമല്ല.

പെരിയാർ വാലി കനാലിൽ നിന്നുള്ള ജലസേചനമാണ് വേനൽകാലത്ത് പഞ്ചായത്തിന് ആശ്വാസം നൽകുന്നത്. പെരിയാർ വാലി മെയ്ൻ കനാൽ, ഹൈ ലെവൽ കനാൽ എന്നിവ ഈ പഞ്ചായത്തിന്റെ തെക്കുഭാഗത്തുകൂടി കടന്നുപോകുന്നു. ഹൈലെവൽ കനാലിൽ നിന്നും തുടങ്ങുന്ന പാണിയേലി ബ്രാഞ്ച് കനാലും, പാണിയേലി ബ്രാഞ്ച് കനാലിൽ നിന്നും ആരംഭിക്കുന്ന രണ്ട് എം. ഡി. കനാലുകളും മെയ്ൻ കനാലിൽ നാഗഞ്ചേരിയിൽ നിന്നും ആരംഭിച്ച് മൂന്നാം തോട്ടിൽ അവസാനിക്കുന്ന കോട്ടപ്പടി ബ്രാഞ്ച് കനാലും ഈ പഞ്ചായത്തിൽ വേനൽകാലത്ത് വെള്ളം എത്തിക്കുന്നു. കോട്ടപ്പടി പഞ്ചായത്തിലെ പ്രധാനപ്പെട്ട ജലസ്രോതസ്സ് ഈ കനാലുകളാണ്.

കനാലുകൾ കോട്ടപ്പടി പഞ്ചായത്തിൽ ചില മേഖലകളിൽ നെൽകൃഷിയ്ക്ക് സഹായകമായിട്ടുണ്ടെങ്കിലും കോലാലി പാടം, എട്ടാംപാടം, താഴത്തെപാടം, മുതലായ പാടശേഖരങ്ങൾ വെള്ളക്കെട്ടുനിമിത്തം ചതുപ്പുനിലങ്ങളുടെ സ്വഭാവം ആർജ്ജിച്ചിരിക്കുന്നു. തന്മൂലം മണ്ണിന്റെ ഫലഭൂയിഷ്ഠത നഷ്ടപ്പെടുകയും കൃഷി ഇറക്കുന്നത് ദുഷ്ക്കരമാവുകയും ചെയ്തിരിക്കുന്നു.

കുന്നിൻ പ്രദേശങ്ങളിൽ ഭൂഗർഭജലം ലഭ്യമല്ല. ആറു മീറ്ററോളം താഴ്ചയിൽ നിരപ്പാർന്ന പാറയാണ് കാണപ്പെടുന്നത്. അതിനാൽ കുന്നിൻ പ്രദേശങ്ങളിലുള്ള കിണറുകളിൽ വർഷത്തിൽ 8 മാസത്തിൽ കൂടുതൽ വെള്ളം ലഭിക്കുന്നില്ല. ഈ പഞ്ചായത്തിൽ 4 കുഴൽ കിണറുകൾ ഉണ്ടെങ്കിലും അതിലെ വെള്ളത്തിന് രുചി വ്യത്യാസം ഉള്ളതുകൊണ്ട് ഗുണനിലവാരം വേണ്ടത്രയുണ്ടോ എന്ന് സംശയമുണ്ട്.

ഭൂവിനിയോഗം

ഭൂവിനിയോഗം

ഇനം	വിസ്തീർണ്ണം (ഹെക്ടർ)
നെല്ല് ഒന്നാം വിള	250
നെല്ല് രണ്ടാം വിള	250
നെല്ല് മൂന്നാം വിള	190
തെങ്ങ്	480
കുരുമുളക്	30
റബ്ബർ	900
കവുങ്ങ്	50
കൊക്കെ	40
പൈനാപ്പിൾ	30
മഞ്ഞൾ	10
എള്ള്	8
ഇഞ്ചി	70
വാഴ	15
പച്ചക്കറികൾ	15
കൃഷിയോഗ്യമായ തരിശ്	9
കൃഷിയോഗ്യമല്ലാത്ത തരിശ്	17.9
വനം (യൂക്കാലി പ്ലാന്റേഷൻ)	1325
ക്ഷേത്രം, കാവ്	2.5
റോഡും റോഡുപുറംപോക്കും	97.10
തോടും തോടുപുറംപോക്കും	73.25
കുളം	14.74
കനാലും പുറംപോക്കും	117.77

ജൈവസമ്പത്ത്

ഈ പഞ്ചായത്തിൽ 4034 വീടുകളാണ് ഉള്ളത് ഈ വീടുകളിലായി 4221 പശുക്കളും 387 എരുമകളും വളർത്തപ്പെടുന്നു. കൂടാതെ 716 ആടുകളും 109 പന്നകളും വളർത്തപ്പെടുന്നു. വീടുകളിൽ വ്യാവസായികാടിസ്ഥാനത്തിലല്ലാതെ 12909 കോഴികളെ വളർത്തുന്നുണ്ട്. പഞ്ചായത്തിൽ പതിനഞ്ചോളം കോഴി ഫാമുകളും പ്രവർത്തിച്ചുവരുന്നു. പഴയകാലത്തുണ്ടായിരുന്ന പക്ഷികളുടെ എണ്ണത്തിൽ വളരെയധികം കുറവ് സംഭവിച്ചിട്ടുണ്ട്.

ഉദാഹരണമായി നാട്ടിൽ ധാരാളമായി കണ്ടുവന്നിരുന്ന ആറ്റക്കിളികൾ ഇന്ന് അപൂർവമാണ്.

മനുഷ്യവിഭവം


1991-ലെ സെൻസസ് പ്രകാരം പഞ്ചായത്തിലെ ആകെ ജനസംഖ്യ 15,361 ആണ്. ഇതിൽ 7684 പുരുഷന്മാരും 7677 സ്ത്രീകളും ആണ്. ആറ് വയസ്സിൽ താഴെയുള്ള കുട്ടികളുടെ എണ്ണം 1699 ആണ്. ഇതിൽ 849 പേർ ആൺകുട്ടികളും 850 പേർ പെൺകുട്ടികളുമാണ്. 1179 പുരുഷന്മാരും 1209 സ്ത്രീകളും ഉൾപ്പെടെ 2388 പട്ടികജാതി/പട്ടികവർഗ വിഭാഗക്കാരാണ് ഈ പഞ്ചായത്തിലുള്ളത്. മൊത്തം ജനസംഖ്യയിൽ 6288 പുരുഷന്മാരും 5590 സ്ത്രീകളും സാക്ഷരരാണ്.

വനം



കോട്ടപ്പടി പഞ്ചായത്തിൽ 1302 ഏക്കർ റിസർവ് വനം ഉണ്ട്. ഈ വനപ്രദേശം ഇപ്പോൾ യൂക്കാലി പ്ലാന്റേഷനാണ്. ഇതുമൂലം സ്വാഭാവിക വനം നഷ്ടപ്പെട്ടിരിക്കുന്നു. കൂടാതെ യൂക്കാലി പ്ലാന്റേഷൻ പഞ്ചായത്തിൽ പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. അതുകൊണ്ട് യൂക്കാലി വെട്ടിമാറ്റി സ്വാഭാവിക വനം വികസിക്കാൻ സാഹചര്യം ഉണ്ടാക്കേണ്ടതാണ്.

കൃഷിയും ജലസേചനവും



ഈ നൂറ്റാണ്ടിന്റെ ആരംഭകാലത്താണ് കോട്ടപ്പടി പഞ്ചായത്തിന്റെ അധികം പ്രദേശത്തും കൃഷി ആരംഭിച്ചത്. ഏതെങ്കിലും വിധത്തിൽ വെള്ളം ലഭിക്കാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ നിലങ്ങളുണ്ടാക്കി നെൽകൃഷി നടത്തുന്നതിനായിരുന്നു കൃഷിക്കാർക്ക് താല്പര്യം. ആദ്യകാലത്ത് മഴയെ മാത്രം ആശ്രയിച്ചാണ് തടങ്ങളിൽ കൃഷി ഇറക്കിയിരുന്നത്. പിന്നീട് ഈ തടങ്ങളോട് ചേർന്ന് കിടക്കുന്ന ഭാഗങ്ങൾ മാലിക്കണ്ടങ്ങളായി രൂപാന്തരപ്പെടുകയും തിലാവ് ഉപയോഗിച്ച് തേവി കൃഷി ചെയ്യുകയും ചെയ്തിരുന്നു. പിന്നീട് അതിനു മുകളിലുള്ള ഭാഗങ്ങൾ മാനഞ്ഞാലുകളാക്കി രൂപാന്തരപ്പെടുത്തിയിരുന്നു. മാനഞ്ഞാലുകൾ എന്നതുകൊണ്ട് ഉദ്ദേശിച്ചിരുന്നത് പൂർണ്ണമായും മാനത്തെ വെള്ളത്തെ ആശ്രയിക്കുന്നത് എന്നാണ്. ഏറ്റവും മഴ കൂടുതലുള്ള ജൂൺ, ജൂലൈ മാസങ്ങളിൽ അവിടെ നെൽകൃഷി ഇറക്കുകയും വിളവെടുപ്പിനു ശേഷം ചാമ, ചോനാട്ട് പുല്ല് (പഞ്ഞപ്പുല്ല്), കൂവരക്, മുതിര, തിന, ഉഴുന്ന്, എള്ള്, മധുരക്കിഴങ്ങ് എന്നിവ കൃഷി ചെയ്തിരുന്നു. അതിനും മുകളിലുള്ള കുന്നിൻ പ്രദേശം ചവറുമലകളായി നിലനിന്നിരുന്നു. അവിടം കാലി മേയ്ക്കുന്നതിനായി ഉപയോഗിച്ചിരുന്നു.

ആയിരത്തിതൊള്ളായിരത്തി മുപ്പതുകൾ ആയപ്പോഴേക്കും കുന്നുകളിൽ നാണ്യവിളയായി ഇഞ്ചിപ്പുൽകൃഷി വ്യാപകമാകാൻ തുടങ്ങി. ഈ കാലഘട്ടത്തിൽ കുന്നിൻ പ്രദേശങ്ങളിൽ ചെറിയ തോതിൽ കുരുമുളകും കശുമാവും കൃഷിചെയ്തിരുന്നു. ഇഞ്ചിപ്പുൽകൃഷി വ്യാപകമായതോടെ മാനഞ്ഞാലുകളിൽ പലതും ഇഞ്ചിപ്പുൽ കൃഷിക്കായി ഉപയോഗിച്ചുതുടങ്ങി. ഇഞ്ചിപ്പുൽകൃഷിയുടെ വ്യാപനത്തോടെ കുന്നുകളിലെ സ്വാഭാവിക മരങ്ങൾ വിറകാവശ്യത്തിനായി മുറിക്കാനാരംഭിച്ചു. കിഴങ്ങുവർഗങ്ങളായ കാച്ചിൽ, ചേന, ചേമ്പ്, ചെറുകിഴങ്ങ്, കൂർക്ക മുതലായ കൃഷികളും അക്കാലത്ത് നിലനിന്നിരുന്നു. പച്ചക്കറികൃഷിയും വാഴകൃഷിയും വ്യാപകമായിരുന്നു. വീട്ടാവശ്യത്തിനു മാത്രമായി തെങ്ങുകളും കൃഷി ചെയ്തിരുന്നു.

1940 - കൾ ആയപ്പോഴേയ്ക്കും ഇഞ്ചികൃഷി വ്യാപകമായി നിലവിൽ വന്നു. അതോടൊപ്പം കപ്പകൃഷിയും കുരുമുളകും വ്യാപകമായി. ഇഞ്ചികൃഷിയും കപ്പകൃഷിയും വ്യാപകമായതോടെ മണ്ണൊലിപ്പ് വർദ്ധിച്ചു. 1950 - കളിൽ നാണ്യവിളകളായി തെങ്ങും കവുങ്ങും വ്യാപകമായി കൃഷിചെയ്തു തുടങ്ങി. 1960- കളിൽ റബ്ബർ കൃഷി വ്യാപകമാകാൻ തുടങ്ങി. ഈ കാലഘട്ടമായപ്പോഴേക്കും കവുങ്ങിന് രോഗങ്ങൾ ആരംഭിക്കുകയും ആ കൃഷി നാശോന്മുഖമാവുകയും ചെയ്തു. എങ്കിലും തെങ്ങിൻ തോട്ടങ്ങൾ നിലനിന്നിരുന്നു. തെങ്ങിൽ തോട്ടങ്ങളിൽ ഇടവിള എന്ന നിലയിൽ കൊക്കൊ കൃഷി ആരംഭിച്ചു. കവുങ്ങ് കൃഷിയും തെങ്ങുകൃഷിയും വ്യാപിച്ചതോടെ മാലിക്കണ്ടങ്ങളിലും മാനഞ്ഞാലികളിലും നെൽകൃഷി കുറയുവാൻ തുടങ്ങി. റബർ കൃഷിയുടെ അഭൂതപൂർവ്വമായ വ്യാപനമാണ് ഇന്ന് പഞ്ചായത്തിലുള്ളത്. തെങ്ങുകൾക്ക് കാറ്റ് വീഴ്ച രോഗം ബാധിച്ചതോടെ തെങ്ങിൻ തോട്ടങ്ങളിൽ റബർ കൃഷി ആരംഭിച്ചു. ഇന്ന് മാലിക്കണ്ടങ്ങളും കുന്നുകളും ബഹുഭൂരിപക്ഷവും റബർ തോട്ടങ്ങളായി മാറിക്കഴിഞ്ഞു. അടുത്ത കാലത്തായി പൈനാപ്പിൾ കൃഷിയും ആരംഭിച്ചിട്ടുണ്ട്.

ആദ്യകാലത്തുണ്ടായിരുന്ന ഇഞ്ചിപ്പുല്ല്, കശുമാവ്, ചാമ, തിന, മുതിര, കൂവരക് എന്നിവ ഏറെക്കുറെ പൂർണമായും അസ്തമിച്ചു. കപ്പകൃഷി വിരളമാണ്. തെങ്ങിന് കാറ്റ് വീഴ്ച ബാധിച്ചതോടെ തെങ്ങ് കൃഷി ഗുരുതരമായ പ്രതിസന്ധിയെ നേരിടുന്നു.

കാർഷികോല്പന്നങ്ങളുടെ ഉല്പാദനക്ഷമത

ഉല്പന്നം	സംസ്ഥാന ശരാശരി/കി. ഗ്രാം (ഹെക്ടർ)	പഞ്ചായത്തു ശരാശരി/കി. ഗ്രാം (ഹെക്ടർ)
നെല്ല് ഒന്നാം വിള	2193	2700
നെല്ല് രണ്ടാം വിള	------	2700
നെല്ല് മൂന്നാം വിള	------	2500
തെങ്ങ്	5890	5400
റബ്ബർ	934	1600
കുരുമുളക്	270	500
ഇഞ്ചി	3387	16,000
മഞ്ഞൾ	1937	400
വാഴ	7951	12,000
അടയ്ക്ക	213409 എണ്ണം	160 എണ്ണം/മരം
കൊക്കൊ	630	1200
എള്ള്	265	400

തെങ്ങ്, മഞ്ഞൾ എന്നിവയൊഴികെയുള്ള ഉല്പന്നങ്ങളുടെ ഉല്പാദനം സംസ്ഥാന ശരാശരിയേക്കാൾ ഉയർന്നതാണെങ്കിലും പഞ്ചായത്തിലെ സാഹചര്യങ്ങൾ വിലയിരുത്തുമ്പോൾ നമ്മുടെ സാധ്യതകൾ ഇനിയും അനന്തമാണ്.

വേരുചീയൽ, ഓല മഞ്ഞളിപ്പ്, ഓലകരിച്ചിൽ, കൂമ്പ് ചായൽ എന്നീ രോഗങ്ങൾകൊണ്ട് തെങ്ങിന്റെ ഉല്പാദനക്ഷമത തീരെ കുറവാണ്. ജലസേചന സൗകര്യത്തിന്റെ അപര്യാപ്തത കൊണ്ടും ഉല്പാദനം കുറഞ്ഞിട്ടുണ്ട്. തേങ്ങയ്ക്ക് വിലസ്ഥിരത ഇല്ലാത്തതും ഉല്പാദനം കുറഞ്ഞതും തെങ്ങ് കൃഷി നഷ്ടത്തിലെത്തിച്ചിരിക്കുന്നു.

നെൽകൃഷിയെ ബാധിക്കുന്ന പ്രധാന രോഗങ്ങളിൽ ഒന്ന് പോളകരിച്ചിൽ ആണ്. നെല്ല് കതിരാകുമ്പോൾ ആണ് ഈ രോഗം സാധാരണ പ്രത്യക്ഷപ്പെടുന്നത്. നെൽകൃഷിയെ ബാധിക്കുന്ന മറ്റൊരു പ്രധാന പ്രശ്നം കീടബാധയാണ്. പഴയ നെൽവിത്തുകൾ ഈ പഞ്ചായത്തിൽ അധികമാരും ഉപയോഗിക്കുന്നില്ല. പുതിയ നെൽവിത്തുകൾക്ക് അനുഭവത്തിൽ രോഗപ്രതിരോധശേഷി കുറവാണ്. കൃഷിപ്പണിയ്ക്ക് വേണ്ടത്ര പണിക്കാരെ സമയത്തിന് കിട്ടുന്നില്ല. കൃഷിക്കാർ അധികം നിലം കൈവശം നിലനിർത്താൻ ആഗ്രഹിക്കുന്നില്ല. അതുകൊണ്ട് നെൽകൃഷി നടത്തുന്നവരുടെ എണ്ണം മുമ്പുള്ളതിനേക്കാൾ കൂടുതലാണ്. കൃഷിക്കാർക്ക് പരസ്പര ധാരണ ഇല്ലാത്തതുകൊണ്ട് പലതരം നെൽ വിത്തുകൾ ഉപയോഗിക്കുകയും പലസമയങ്ങളിൽ കൃഷി നടത്തുകയും ചെയ്യുന്നു. അതുകൊണ്ട് കീടനിയന്ത്രണം പലപ്പോഴും അസാധ്യമായിത്തീരുന്നു. ഇന്ന് നെൽകൃഷിയെ മാത്രം ആശ്രയിക്കുന്ന കൃഷിക്കാരില്ല. നെൽകൃഷിക്ക് വളരെക്കൂടുതൽ ശ്രദ്ധയും താല്പര്യവും സമയബന്ധിത ശുശ്രൂഷയും ആവശ്യമാണ്. അത്രയും ശ്രദ്ധയും താല്പര്യവും കാണിക്കാൻ നെൽകൃഷിക്കാർക്ക് ഇന്ന് കഴിയുന്നില്ല. അതിനാൽ നെൽകൃഷിയോട് പൊതുവെ ആഭിമുഖ്യം കുറഞ്ഞുവരികയാണ്.

പെരിയാർ വാലി കനാലിനേക്കാൾ താഴ്ന്ന നിലങ്ങളായ എട്ടാംപാടം, താഴത്തെ പാടം, പൂക്കോട്ട് താഴം, ചേറങ്ങനാൽ പുഞ്ച, കോലാലി പാടം എന്നിവ വെള്ളം വറ്റാത്തതുമൂലം ചതുപ്പുനിലങ്ങളുടെ സ്വഭാവം ആർജ്ജിച്ചിരിക്കുന്നു. പ്രസ്തുത നിലങ്ങളിൽ വളപ്രയോഗം നടത്തിയാലും കൃഷി ഫലപ്രദമാവുന്നില്ല. ഉഴവുതട്ട് നഷ്ടപ്പെടുന്നതുകൊണ്ട് കൃഷിപ്പണി പ്രയാസമേറിയതാവുന്നു. മണ്ണിന് അമ്ലത്വം കൂടുതലായതിനാൽ ഉല്പാദനം കുറയുന്നു. ബണ്ട് പൊട്ടുന്നതുമൂലമുള്ള കൃഷിനാശവും പതിവാണ്. വാവേലിപാടം, ചേലയ്ക്കാപ്പിള്ളി പാടം എന്നിവിടങ്ങളിൽ കനാൽ ജലം ലഭ്യമല്ലാത്തതുകൊണ്ട് മൂന്ന് പൂവും കൃഷിചെയ്യാൻ സാധിക്കുന്നില്ല.

അത്യുല്പാദനശേഷിയുള്ള RRI i 105 എന്ന ഇനം റബ്ബർ തൈകളാണ് നമ്മുടെ നാട്ടിൽ അധികവും കൃഷിചെയ്യുന്നത്. ചീക്ക്, പട്ടമരവിപ്പ് എന്നീ രോഗങ്ങൾ റബ്ബറിന് കാണപ്പെടുന്നു. വിദഗ്ദ്ധ ടാപ്പിംഗ് തൊഴിലാളികളെ ലഭ്യമല്ല എന്നുള്ളത് ഈ കൃഷിയുടെ ഉല്പാദനക്ഷമതയെ പ്രതികൂലമായി ബാധിക്കുന്നു.

കൊക്കൊ കൃഷിയെ പ്രധാനമായും ബാധിക്കുന്ന പ്രശ്നം എലി, അണ്ണാൻ എന്നിവയുടെ ശല്യമാണ്. ഈ കൃഷിയെ ബാധിക്കുന്ന പ്രധാനരോഗം ഫംഗസ് ബാധയാണ്. കൊക്കോയുടെ വിലയിടിച്ചിൽ ഈ കൃഷിയെ പ്രതികൂലമായി ബാധിക്കുന്ന മറ്റൊരു പ്രശ്നമാണ്.

കുരുമുളക് ഒരു ദീർഘകാല വിളയാണ്. ഈ കൃഷിയെ ബാധിക്കുന്ന പ്രധാന രോഗം ദ്രുതവാട്ടമാണ്. ഇത് കുരുമുളക് കൃഷിയെ തകർച്ചയിൽ എത്തിച്ചിരിക്കുന്നു. കുരുമുളക് കൃഷി നശിച്ചുപോയ സ്ഥലത്ത് വീണ്ടും കൃഷി നടത്താറില്ലാത്തതുകൊണ്ട് ഈ കൃഷി അസ്തമിച്ചുകൊണ്ടിരിക്കുന്നു. കുരുമുളകിന് വിലയിടിവും അനുഭവപ്പെടുന്നു.

വാഴകൃഷിക്ക് ഏറ്റവും പ്രതികൂലമായിട്ടുള്ളത് കൂമ്പടപ്പ് രോഗവും ചെല്ലി, മാണപ്പുഴു എന്നിവയുടെ ഉപദ്രവും ആണ്. ജൈവവളത്തിന്റെ അഭാവമാണ് മറ്റൊരു പ്രശ്നം.

നല്ലൊരു ഭക്ഷ്യവിളയായ കപ്പ കൃഷി ഏതാണ്ട് അവസാനിച്ച സ്ഥിതിയിലാണ്. കപ്പക്ക് നല്ല വിലയുണ്ടെങ്കിലും തോട്ടകൃഷി വ്യാപകമായതോടെ വർദ്ധിച്ച എലി ശല്യം കൃഷിക്കാരെ പ്രതികൂലമായി ബാധിച്ചിരിക്കുന്നു.

കവുങ്ങ് കൃഷി വളരെകൂടുതൽ ലാഭം നല്കുന്ന കൃഷിയാണ്. എന്നാൽ കവുങ്ങിനെ ബാധിക്കുന്ന പ്ലേഗ്, മഹാളി എന്നിവ ഈ കൃഷിയെ അനാകർഷകമാക്കി യിരിക്കുന്നു.

ഇഞ്ചി, മഞ്ഞൾ, എള്ള് മുതലായ കൃഷികൾ തോട്ട വിളയുടെ വർദ്ധനവോടെ വളരെയധികം കുറഞ്ഞിരിക്കു കയാണ്. നിരവധി ഇഞ്ചികൃഷിക്കാർ ഈ പഞ്ചായത്തിൽ ഉണ്ടെങ്കിലും ഈ പഞ്ചായത്തിൽ ഇഞ്ചി കൃഷി കുറവാണ്. പൂ - ഫലവർഗ കൃഷി, കൂൺ, മത്സ്യം എന്നിവയുടെ കൃഷി ഈ പഞ്ചായത്തിൽ കാര്യമായിട്ടില്ല.

പച്ചക്കറികൾക്ക് നല്ലൊരു വിപണിയാണ് കോട്ടപ്പടി പഞ്ചായത്ത് എങ്കിലും പച്ചക്കറി കൃഷി വ്യാപമല്ല. പച്ചക്കറി കൃഷിക്ക് വളരെയധികം ശ്രദ്ധയും ശുശ്രൂഷയും ആവശ്യമാണ്. അതിനാൽ ഈ കൃഷി ചെയ്യുന്നവരുടെ എണ്ണം വളരെ കുറവാണ്. കീടബാധയാണ് ഈ കൃഷിയെ ബാധിക്കുന്ന പ്രധാന പ്രശ്നം. മണ്ണു പരിശോധനയുടെ അഭാവവും ശാസ്ത്രീയ മായ വളപ്രയോഗരീതി ഇല്ലാത്തതും കൃഷിച്ചിലവ് കൂട്ടുന്നതിനും ഉല്പാദനമാന്ദ്യത്തിനും കാരണമാകുന്നു.

ജലസേചനം.

151.28 ഏക്കർ ഭൂമി കനാൽ ജലം ഉപയോഗിച്ച് കൃഷിചെയ്യുന്നവയാണ്. ചിറകളിൽ നിന്നുള്ള ജലം ഉപയോഗിച്ച് 202 ഏക്കർ ഭൂമി കൃഷി ചെയ്തിരുന്നതായി പഞ്ചായത്ത് M.1 രജിസ്റ്ററിൽ പറയുന്നുണ്ടെങ്കിലും ചിറകളിൽ വെള്ളമില്ലാത്തതിനാൽ ഇപ്പോൾ പ്രയോജനപ്പെടുന്നില്ല.

വിപണനവും വിലയും.

റബ്ബർ, ചുക്ക് മുതലായ മലഞ്ചരക്കുകൾക്കും പച്ചക്കറികൾക്കും നമ്മുടെ പഞ്ചായത്തിൽ വിപണന സൗകര്യമുണ്ട്. അടയ്ക്ക, തേങ്ങ എന്നിവ കുടിയിടങ്ങളിൽ പോയി വാങ്ങിയിരുന്ന പരമ്പരാഗത ശൈലിയാണ് ഇപ്പോഴും നിലവിലുള്ളത്. പൈനാപ്പിളിന്റെ വിപണനത്തിന് വാഴക്കുളം മാർക്കറ്റിനെ ആശ്രയിക്കുന്നു. റബ്ബർ, ചുക്ക് മുതലായവയ്ക്ക് ഈ പഞ്ചായത്തിന്റെ മിക്ക സ്ഥലത്തും വിപണന സൗകര്യ മുണ്ട്. കൊച്ചി മാർക്കറ്റിൽ ഏറ്റവും കൂടുതൽ മാർക്കറ്റുള്ളത് കുറുപ്പംപടി ചുക്കിനാണ്. കുറുപ്പംപടി ചുക്കിന്റെ പ്രധാന ഉല്പാദനകേന്ദ്രം കോട്ടപ്പടി, വേങ്ങൂർ പഞ്ചായത്തുകളാണ്. അതിനാൽ ചുക്കിന് നല്ല വില ലഭിക്കുന്നു. റബ്ബറിന്റെ വിലയും കൊച്ചി മാർക്കറ്റിൽ നിന്നും താഴെയല്ല. ഈ പഞ്ചായത്തിൽ ഉല്പാദിപ്പിക്കുന്ന കൊക്കൊ മുഴുവനും വാങ്ങുന്നത് കാഡ്ബറീസ് കമ്പനിക്കാരാണ്. അതുകൊണ്ട് കൊക്കോയുടെ വില നിയന്ത്രിക്കുന്നത് ഈ കമ്പനിയാണ്. അതിനാൽ അവ രുടെ ചൂഷണത്തിന്റെ തോത് കണക്കാക്കാൻ ആവില്ല. തേങ്ങ, അടയ്ക്ക എന്നിവയുടെ വിലയുടെ കാര്യത്തിൽ കർഷകർ ഇടത്തട്ടുകാരുടെ ചൂഷണത്തിന് വിധേയരാണ്. ലഭിക്കേണ്ട വിലയുടെ 25% എങ്കിലും ഇടത്തട്ടുകാർ തട്ടിയെടുക്കുന്നുണ്ട്.

കാർഷിക ബന്ധങ്ങൾ

സ്വയം പണിയെടുക്കുന്ന കർഷകരുടെ എണ്ണം വളരെ കുറവാണ് എന്നുതന്നെ പറയാം. കൃഷിക്കാരിൽ ബഹുഭൂരി പക്ഷവും കാർഷികേതര ജോലി ചെയ്യുന്നു. ദീർഘകാല നാണ്യവിളകളുടെ വ്യാപനം കാർഷിക മേഖലയിൽ നിന്നും വിട്ടുനില്ക്കാൻ കൃഷിക്കാരനെ പ്രേരിപ്പിക്കുന്ന മറ്റൊരു ഘടകമാണ്.

കൂലി സേവന വ്യവസ്ഥകൾ

വിഭാഗം	പുരുഷൻ	സ്ത്രീ	ജോലിസമയം
കർഷക തൊഴിലാളി	50 - 60	30 - 35	5 മണിക്കൂർ
തെങ്ങുകയറ്റ തൊഴിലാളി	3 - 4.50	--------	----------
ടാപ്പിംഗ് തൊഴിലാളി	22 - 25 പൈസ/ റബ്ബർ	--------	----------

കാർഷികമേഖലയിൽ വേണ്ടത്ര തൊഴിലാളികളെ കിട്ടാനില്ലാത്ത അവസ്ഥയാണ് ഇപ്പോഴുള്ളത്. അതിനാൽ കർഷകത്തൊഴിലാളിക്ക് ലഭിക്കേണ്ട കൂലി സംബന്ധിച്ച കാര്യത്തിൽ തർക്കങ്ങൾ ഉണ്ടാവില്ല. എന്നാൽ തൊഴിലാളികൾ തങ്ങളുടെ തൊഴിലിൽ വേണ്ടത്ര ആത്മാർത്ഥത കാണിക്കുന്നു എന്ന് പറയാനാവില്ല.

പ്രശ്നങ്ങൾ

1. ഒന്നാം വാർഡ്, രണ്ടാം വാർഡ്, മുട്ടത്തുപാറ, പ്ലാവിൻ ചുവട്, ആയപ്പാറ, മൂന്തൂർ, വടാശ്ശേരി, പൂമോളം, പള്ളിമോളം, മുണ്ടയ്ക്കാപ്പടി, മണ്ണൂർമോളം, പാനിപ്ര, തുരങ്കം കവലയ്ക്ക് തെക്കും വടക്കും ഭാഗങ്ങൾ, കൊള്ളിപറമ്പ്, പാറച്ചാലിപ്പാറ, ചിരയ്ക്കാമറ്റം, ചാപ്പൽതുരുത്ത്, കല്ലുമല, പ്ലാമുടി, കണ്ണക്കട, കല്ലുളി, കൂവക്കണ്ടം, കോലക്കാടൻ തണ്ട്, കുത്തുകുഴങ്ങര, കൽച്ചിറ, കൈനിക്കുടി തണ്ട് എന്നീ പ്രദേശങ്ങളിൽ ജലസേചന സൗകര്യം ഇല്ല.
2. പരമ്പരാഗത ജല സ്രോതസ്സുകൾ നശിച്ചുകൊണ്ടിരി ക്കുന്നു.
3. മണ്ണു പരിശോധനയുടെ അഭാവം കൊണ്ട് അധികച്ചിലവ് വരുന്നു. വിളവ് കുറയുന്നു.
4. എട്ടാം പാടം, നാഗഞ്ചേരിപ്പാടം, കോലാലി പാടം, ചേറങ്ങനാൽ പുഞ്ച, ചവറേലിപാടം, കറുത്തേടം പാടം എന്നിവിടങ്ങളിൽ വെള്ളം വറ്റാത്തതുകൊണ്ട് മണ്ണിന്

അമ്ലത്വം കൂടി കൃഷിച്ചിലവ് അധികരിക്കുന്നു. വിളനാശം ഉണ്ടാകുന്നു. യന്ത്രോപകരണങ്ങൾ ഉപയോഗിക്കാൻ പറ്റുന്നില്ല.

5. കല്ലുമല, പ്ലാമുടി ഭാഗങ്ങളിൽ കൂടുതലായും മറ്റുള്ള സ്ഥലത്ത് നേരിയ തോതിലും മണ്ണൊലിപ്പ് ഉണ്ടാകുന്നു.
6. പല സമയത്തായി വിവിധ വിത്തുകൾ ഉപയോഗിച്ചിട്ടുള്ള നെൽകൃഷി നടത്തുന്നതുകൊണ്ട് കീടനിയന്ത്രണം അസാധ്യമാണ്.
7. കർഷകത്തൊഴിലാളികളുടെ സേവനനിലവാരം കുറഞ്ഞു വരുന്നു.
9. കാർഷികോല്പന്നങ്ങൾക്ക് ഉല്പാദനചിലവിന് ആനുപാതികമായി വില ലഭിക്കുന്നില്ല.
10. കൃഷിഭവനിൽ നിന്നും കൃഷിക്കാർക്ക് ലഭിക്കേണ്ട സേവനങ്ങൾ പൂർണമായി ലഭിക്കുന്നില്ല.
11. കൃഷി മുഖ്യതൊഴിലായിട്ടുള്ളവരുടെ എണ്ണം കുറഞ്ഞു വരുന്നു.
12. കൃഷിയിടങ്ങളിലേയ്ക്കുള്ള റോഡിന്റെ അഭാവം യന്ത്രവത്ക്കരണം അസാധ്യമാക്കുന്നു.
13. തേങ്ങ, കൊക്കൊ, അടയ്ക്ക എന്നിവയുടെ കാര്യത്തിൽ ഇടത്തട്ടുകാരുടെ ചൂഷണം നിലനില്ക്കുന്നു.
14. പോളകരിച്ചിൽ കൊണ്ട് നെൽകൃഷി നശിക്കുന്നു.
15. തെങ്ങ്, കവുങ്ങ്, കുരുമുളക് എന്നിവയ്ക്ക് രോഗം ബാധിക്കുന്നതുകൊണ്ട് ഈ കൃഷികൾ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു.
16. പച്ചക്കറി കൃഷി കീട ബാധ മൂലം ആദായകരമല്ലാതായിത്തീർന്നിരിക്കുന്നു.
17. ജൈവളങ്ങളുടെ ലഭ്യതകുറവും വില കൂടുതലും മൂല് ജൈവവള പ്രയോഗം കുറയ്ക്കുവാൻ കർഷകർ നിർബന്ധിതരാവുന്നു. മണ്ണിന്റെ സ്വാഭാവികഘടന ഇതുമൂലം നഷ്ടമാവുന്നു.
18. എലി, അണ്ണാൻ എന്നിവയുടെ വർദ്ധനവ് നെല്ല്, കൊക്കൊ, തെങ്ങ്, കപ്പ മുതലായ എല്ലാ വിളകളേയും ദോഷകരമായി ബാധിക്കുന്നു.
19. വോൾട്ടേജ് ക്ഷാമം മൂലം മോട്ടോർ ഉപയോഗിച്ചുള്ള ജലസേചനം വിഷമകരമാവുന്നു.
20. പച്ചക്കറികളുടെ വിത്തുകൾ യഥാസമയം വേണ്ടത്ര ലഭിക്കുന്നില്ല.
21. പാടങ്ങളുടെ ബണ്ട് പൊട്ടുന്നു.
22. റബറിന് പട്ടമരവിപ്പ്, ചീക്ക്, എന്നീ രോഗങ്ങൾ ബാധിക്കുന്നു.
23. ആധുനീകമായ കൃഷിരീതിയെ സംബന്ധിച്ചും പുതിയ കൃഷികളെ സംബന്ധിച്ചും (ഉദാ:- പൂ-ഫലവർഗകൃഷി, കൂൺ, വാനില കൃഷികൾ)കൃഷിക്കാർക്ക് വേണ്ടത്ര അറിവില്ല.
24. കേരസമിതി, പാടശേഖര സമിതി തുടങ്ങിയ കർഷക സംഘങ്ങളുടെ പ്രവർത്തനം തൃപ്തികരമല്ല.
25. കൃഷിക്ക് കൊടുക്കുന്ന സബ്സിഡികൾ വാങ്ങുന്നതിന് കൃഷിക്കാർ നിരവധി പ്രാവശ്യം അധികൃതരെ സമീപിക്കേണ്ടി വരുന്നു. പലപ്പോഴും ഈ സംഖ്യ യഥാർത്ഥകൃഷിക്കാരുടെ കൈവശം എത്തിച്ചേരുന്നില്ല.

സാദ്ധ്യതകൾ.

1. മുട്ടത്തുപാറ, കല്ലുമല, ഒന്നാംവാർഡ് എന്നിവിടങ്ങളിൽ ജലസേചനം നടത്തുന്നതിന് ചേലയ്ക്കാപ്പിള്ളി തോട്ടിൽ ചീനിക്കുഴി പാലത്തിന് 200 മീറ്റർ താഴെയായി ഒരു തടയിണ നിർമ്മിച്ച് P.V.I.P പാണേലി ബ്രഞ്ച് കനാലിൽ നിന്നും സ്ലൂയിസ് വഴി വെള്ളം എത്തിച്ച് അവിടെ നിന്നും വെള്ളം ലിഫ്റ്റ് ചെയ്യുക.
2. പാണേലി ബ്രാഞ്ച് കനാലിൽ നിന്നും വെള്ളം കൊണ്ടുപോകുന്നതിന് തോളേലിപ്പള്ളിയ്ക്ക് സമീപത്തു നിന്നും 250 മീറ്റർ ചാനൽ സന്നദ്ധപ്രവർത്തനത്തിലൂടെ വെട്ടിയിട്ടുണ്ട്. ചാനൽ അവസാനിക്കുന്നിടത്ത് കുളം നിർമ്മിച്ച് ലിഫ്റ്റ് ഇറിഗേഷൻ വഴി കോമയിൽ മത്തായിയുടെ വീടിന് വടക്കുവശം ഉള്ള കുന്നിൻ മുകളിൽ എത്തിച്ച് വിതരണം ചെയ്താൽ രണ്ടാം വാർഡിലെ 300 ഏക്കർ സ്ഥലം കൃഷിക്ക് ഉപയോഗിക്കാം. കുടിവെള്ള ക്ഷാമവും പരിഹരിക്കാം.
3. ഇഞ്ചക്കണ്ടം ബ്രാഞ്ച് കനാൽ മുണ്ടയ്ക്കൽ എസ്റ്റേറ്റിൽ അവസാനിക്കുന്നിടത്ത് കുളം നിർമ്മിച്ച് അവിടെ നിന്നും വെള്ളം ലിഫ്റ്റ് ചെയ്ത് ഉയർന്ന ഭാഗത്തെത്തിച്ചാൽ 150 ഏക്കർ സ്ഥലത്ത് ജലസേചനസൗകര്യം ഉണ്ടാക്കാം.
4. കമ്മ്യൂണിറ്റി ഇറിഗേഷൻ സ്കീമിൽ പെടുത്തി പണി പൂർത്തിയാക്കിയിട്ടുള്ള ഉപ്പുകണ്ടം പാടത്തെ നിർദ്ദിഷ്ട പദ്ധതിക്ക് വൈദ്യുതി കണക്ഷനുകൾ നല്കി പ്രവർത്തനക്ഷമമാക്കുക.
5. ഹൈലെവൽ കനാലിന് സമീപമുള്ള പൊതുകുളത്തിൽ നിന്നും ഇറിഗേഷൻ വഴി പെരുംപാറയിൽ വെള്ളം എത്തിച്ച് വിതരണം ചെയ്താൽ ആയപ്പാറ, മൂന്തൂർ പ്രദേശങ്ങളിൽ ജലസേചനസൗകര്യമാവും.
6. മൂന്തൂർ പാടത്ത് കുളം നിർമ്മിച്ച് ലിഫ്റ്റ് ഇറിഗേഷൻ സ്ഥാപിച്ചാൽ വടാശ്ശേരിയിൽ ജലസേചനം നടത്താം.
7. തോളേലി, പ്ലാവിൻചുവട് എന്നിവിടങ്ങളിൽ വെള്ളം എത്തിക്കുന്നതിന് തോളേലി പാടത്ത് കുളം താഴ്ത്തി ലിഫ്റ്റ് ഇറിഗേഷൻ സ്ഥാപിക്കുക.
8. പൂമോളം, മണ്ണൂർ മോളം എന്നിവിടങ്ങളിലെ ജലസേചനത്തിന് അരച്ചിറയിൽ നിന്നും ലിഫ്റ്റ് ഇറിഗേഷൻ വഴി വെള്ളം എത്തിക്കുക.
9. കൊള്ളിപറമ്പ്, പാറച്ചാലിപ്പാറ, വടാശ്ശേരി എന്നിവിടങ്ങളിലെ ജലക്ഷാമം പരിഹരിക്കുന്നതിന് ഹൈലെവൽ കനാലിൽ ആയപ്പാറയിൽ നിന്നും തുടങ്ങുന്ന, ഭാഗീകമായി പണിതീർത്തിരിക്കുന്ന കലയാംകുളം ബ്രാഞ്ച് കനാൽ പണിപൂർത്തിയാക്കുക. നാഗഞ്ചേരി - കോട്ടപ്പടി ബ്രാഞ്ച് കനാൽ എല്ലാവർഷവും നന്നാക്കുക.

10. തുരങ്കം കവലയ്ക്ക് വടക്കു ഭാഗത്തുള്ള ജല സേചനത്തിന് പുത്തൻകുളം നന്നാക്കി ലിഫ്റ്റ് ഇറിഗേഷൻ സ്ഥാപിക്കുക.

11. പാനിപ്ര, തുരങ്കം കവലയ്ക്ക് തെക്കുഭാഗം എന്നിവിടങ്ങളിലെ ജലസേചനത്തിന് നൂലേലിച്ചിറയിൽ നിന്നും വെള്ളം ലിഫ്റ്റ് ചെയ്ത് വിതരണം ചെയ്യുക.

12. ഹൈലെവൽ കനാലിന്റെ അഞ്ചാം കിലോമീറ്ററിലുള്ള സ്ലൂയിസിൽ നിന്നും കാടാ പദ്ധതി പ്രകാരം തോട് നിർമ്മിച്ചതിനുശേഷം ആ ഭാഗത്ത് ഉദ്ദേശം 600 മീറ്റർ നീളം നാട്ടുകാർ ശ്രമദാനമായി ഉണ്ടാക്കിയ ചാനൽ (40 cm ഉൾവീതി) കോൺക്രീറ്റ് ചെയ്താൽ ഇരുപതോളം കുടുംബങ്ങൾക്ക് കുടിയ്ക്കുന്നതിനും കാർഷീകാവശ്യത്തിനും വെള്ളം ലഭിക്കും.

13. നാഗഞ്ചേരി ഹൈലെവൽ കനാലിൽ പള്ളിയ്ക്കു തെക്കുനിന്നും പുല്ലിക്കുടി വഴി വടക്കോട്ട് ചാനൽ വഴി വെള്ളം മാമ്പിള്ളിച്ചാലിൽ എത്തിച്ചാൽ 16 വീട്ടുകാർക്ക് ജലസേചന സൗകര്യം ലഭിക്കും.

14. വിരിപ്പക്കാട്ടുചിറയിൽ നിന്നും ചിറയ്ക്കാമറ്റം കൂടി താഴോട്ട് പോകുന്ന തോട് കെട്ടി സ്ലൂയിസ് വല്യതാക്കിയാൽ ജലസേചനസൗകര്യം വർദ്ധിപ്പിക്കാം.

15. ചാപ്പൽ തുരുത്തിൽ ലിഫ്റ്റ് ഇറിഗേഷൻ വഴി വെള്ളം എത്തിക്കുക.

16. പാണിയേലി ബ്രാഞ്ച് കനാലിലെ വെള്ളം കുത്തുകുഴങ്ങര പാടത്ത് എത്തിക്കുന്നതിന് പാലത്തിന്റെ താഴെ 8 മീറ്റർ നീളത്തിൽ അക്വഡേറ്റ് നിർമ്മിക്കുക. പാടത്ത് മൂന്ന് പൂകൃഷി സാദ്ധ്യമാകും.

17. മൂന്നാം തോട്ടിൽ കൽച്ചിറ ഭാഗത്ത് ചിറ നിർമ്മിക്കുക. 100 പറ നിലം കൃഷി ചെയ്യാൻ പറ്റും.

18. കൈനിക്കുടി തണ്ടിൽ ജലസേചനത്തിന് അശമന്നൂർ പഞ്ചായത്തിലെ ലിഫ്റ്റ് ഇറിഗേഷനിൽ നിന്നും പൈപ്പ് ഇടുക.

19. കണ്ണക്കടയിൽ ചെക്ക് ഡാം നിർമ്മിക്കുക.

20. പ്ലാമുടി പാടത്തിന്റെ രണ്ടുവശവുമുള്ള കനാലുകൾ നന്നാക്കുകയും നീളം കൂട്ടുകയും ചെയ്യുക.

21. പ്ലാമുടി പാടത്തുനിന്ന് വെള്ളം ലിഫ്റ്റ് ചെയ്താൽ കൂവക്കണ്ടം പ്രദേശത്തെ ജലക്ഷാമം പരിഹരിക്കാം.

22. പൊതുകുളങ്ങളും ചിറകളും നന്നാക്കി അരിക് കെട്ടി സംരക്ഷിക്കുക.

23. മണ്ണു പരിശോധനയ്ക്കുള്ള സൗകര്യം ഏർപ്പെടുത്തുകയും അത് സംബന്ധിച്ച് ബോധവത്ക്കരണം നടത്തുകയും ചെയ്യുക.

24. വെള്ളക്കെട്ടുള്ള പാടങ്ങളിലെ തോടുകൾ വീതികൂട്ടി കാര്യക്ഷമമാക്കുക. പാടങ്ങളിൽ അമ്ലത കുറയ്ക്കുന്നതിന് കുമ്മായം ചേർക്കുന്നതിന് കർഷകർക്ക് സബ്സിഡി അനുവദിക്കുക.

25. മണ്ണൊലിപ്പുള്ള ഭാഗങ്ങളിൽ ഇടക്കയ്യാല തീർക്കുകയോ മണ്ണ് കോരിമറിച്ച് അരികിൽ കൂടി ഇഞ്ചിപ്പുല്ല്, രാമച്ചം എന്നിവ വച്ചു പിടിപ്പിക്കുകയോ ചെയ്യുക.

26. പാടശേഖര സമിതികൾ മുൻകൈ എടുത്ത് ഏകീകൃതകൃഷിരീതികളും കീടനിയന്ത്രണവും നടപ്പാക്കുക.

27. കൃഷിമേഖലയിൽ പരമാവധി യന്ത്രവത്ക്കരണം നടപ്പാക്കുക.

28. തൊഴിലാളികളുടെ സേവനനിലവാരം മെച്ചപ്പെടുത്തുന്നതിന് ട്രേഡ് യൂണിയനുകൾ വഴിയും അല്ലാതെയും ബോധവത്ക്കരണം നടത്തുക.

29. നിലവിലുള്ള സഹകരണബാങ്കുകൾ പണം പലിശയ്ക്ക് കൊടുക്കുക മാത്രമാണ് ചെയ്യുന്നത്. അവയുടെ പ്രവർത്തനം വിപുലീകരിച്ച് കൃഷിക്കാരുടെ ഉല്പന്നങ്ങൾക്ക് തൃപ്തികരമായ വില ലഭിക്കുന്നതിന് ഉല്പന്നങ്ങൾ പണമായി സ്വീകരിച്ച് സാധനത്തിന്റെ പകുതി വിലയെങ്കിലും കർഷകർക്ക് നല്കുക. അതിന് ആധുനിക ഗോഡൗൺ സൗകര്യം സജ്ജീകരിക്കുക.

30. നാണ്യവിളകളുടെ സംഭരണസംസ്ക്കരണ വിപണന യൂണിറ്റുകൾ സഹകരണാടിസ്ഥാനത്തിൽ സ്ഥാപിക്കുക.

31. കൃഷിഭവൻ ഉദ്യോഗസ്ഥർ കൃഷിയിടങ്ങൾ കൃഷിയുടെ ഓരോ ഘട്ടത്തിലും സന്ദർശിക്കുകയും വേണ്ട നിർദ്ദേശങ്ങൾ നല്കുകയും ചെയ്യുക. കർഷക സംഘടനകൾ ഇതിനായി ഉദ്യോഗസ്ഥരുമായി സഹകരിക്കണം. ആധുനീക കൃഷി രീതി സംബന്ധിച്ച് കൃഷിക്കാരുമായി ഈ സന്ദർഭത്തിൽ ചർച്ച ചെയ്യുക. കൃഷി ഭവൻ ഉദ്യോഗസ്ഥർ കാർഷിക രംഗത്ത് ഒരു ചാലക ശക്തിയായി പ്രവർത്തിക്കുകയും ബോധവത്ക്കരണ സെമിനാറുകൾ സംഘടിപ്പിക്കുകയും ചെയ്യുക.

32. കാർഷിക മേഖലയിൽ കൃഷിക്കാർക്ക് സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് ആകർഷകമായ വിള ഇൻഷുറൻസ് സ്കീമുകളും കർഷകപെൻഷനും ഏർപ്പെടുത്തുക. വർഷംതോറും വാർഡടിസ്ഥാനത്തിൽ നല്ല കർഷകനെ പ്രോത്സാഹന സമ്മാനം നല്കി ആദരിക്കുക.

33. കുറ്റിക്കുഴി - പ്ലാമുടി റോഡിൽ നിന്നും കുത്തുകുഴങ്ങര പാടത്തേക്ക് ട്രാക്ടർ ഇറക്കുന്നതിന് സൗകര്യം ഉണ്ടാക്കുക. പരന്ന പാറ പാടത്തേക്ക് കല്ലുമല പഞ്ചായത്തു റോഡിൽനിന്നും റാംപ് കെട്ടുക. ചേരങ്ങനാൽ പുഞ്ചറോഡിൽ നിന്നും പടിഞ്ഞാറ് ഭാഗത്തുള്ള പാടത്തേയ്ക്ക് റാംപ് വീതി കൂട്ടികെട്ടുക. പ്ലാമുടി പാടത്തേക്ക് ട്രാക്ടർ ഇറക്കുന്നതിന് ഉള്ള പാലം നിർമ്മിക്കുക. കാരിയോട് പാടശേഖരത്തിലേക്ക് ഫാം റോഡ് നിർമ്മിക്കുക. കോട്ടേപാടത്തേക്ക് തുരങ്കം കവലയിൽ നിന്ന് ഫാം റോഡ് നിർമ്മിക്കുക. മണപ്പിള്ളി പാടത്തുനിന്നും കുരങ്ങൻചിറ ഭാഗത്തേയ്ക്ക് ഫാം റോഡ് നിർമ്മിക്കുക.

34. കീട നിയന്ത്രണത്തിന് ജൈവകീട നിയന്ത്രണോപാധികൾ നടപ്പാക്കുക. രോഗം മൂലം നഷ്ടപ്പെടുന്ന കൃഷികൾക്ക് ധനസഹായം നല്കുകയും കേടുവന്ന തെങ്ങുകൾ വെട്ടിമാറ്റി പുതിയത് വയ്ക്കുന്നതിന് ധനസഹായം നല്കുകയും ചെയ്യുക.

35. പുരയിടത്തിന്റെ അരികിൽ കൂടി ചവറ് ലഭിക്കുന്നതിന് ആവശ്യമായ സസ്യങ്ങൾ നട്ടുവളർത്തുക. കംബോസ്റ്റ്, മണ്ണിരകംബോസ്റ്റ് എന്നിവയുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കുക. ജൈവവളത്തിനും സബ്സിഡി ഏർപ്പെടുത്തുക.

36. എലി നശീകരണത്തിന് ഒരേ സമയത്ത് കൂട്ടായ ശ്രമങ്ങൾ നടത്തുക.

37. താഴെ പറയുന്ന പാടങ്ങളുടെ ബണ്ട് കെട്ടുക.

i.	കാളികുളങ്ങര പാടം
ii.	പൂക്കോട്ട പാടം
iii.	കോലാലി പാടം
iv.	കുത്തുകുഴങ്ങര പാടം
v.	വടക്കുംഭാഗം പാടം
vi.	ചേലയ്ക്കാപ്പിള്ളി പാടം
vii.	ഉപ്പുകണ്ടം പാടം
viii.	പ്ലാമുടി പാടം
ix.	മൂന്തൂർ പാടം
x.	നാഗഞ്ചേരി പാടം
xi.	എട്ടാംപാടം
xii.	കോട്ടേപാടം
xiii.	കോലാലി പാടം
xiv.	കറുത്തേടം പാടം
xv.	ചവറേലി പാടം
xvi.	കൈതറപാടം
xvii.	തോളേലി പാടം
xviii.	ചേറങ്ങനാൽ പുഞ്ച

38. തേനീച്ച, പുഷ്പ-ഫല, കൂൺ, വാനില മുതലായ കൃഷികൾക്ക് ആവശ്യമായ പരിശീലനം നൽകുക.

39. കർഷകരിൽ നിന്ന് സംഭാവന സ്വീകരിച്ച് കർഷകസമിതികൾക്ക് ഒരു ഫണ്ട് ഉണ്ടാക്കുക. കർഷക സമിതിയിലെ മുഴുവൻ അംഗങ്ങളേയും വിവരങ്ങൾ അറിയിക്കുന്നതിന് ഫലപ്രദമായ നടപടി സ്വീകരിക്കുക. സമിതിക്ക് കൊടുക്കുന്ന യന്ത്രോപകരണങ്ങൾ സമിതിയുടെ ഉടമസ്ഥതയിൽ ആയിരിക്കുന്നതിന് നടപടി സ്വീകരിക്കുക.

40. കൃഷിസ്ഥലങ്ങൾ കൃഷിയുദ്യോഗസ്ഥൻ സന്ദർശിച്ച് വിലയിരുത്തി സബ്സിഡി സംഖ്യ കൃഷിക്കാർക്ക് ചെക്കായി അയച്ചുകൊടുക്കുക. (ഉദാ:- റബ്ബർ ബോർഡ് മാതൃക സ്വീകരിക്കാവുന്നതാണ്.) ഈച്ചമാംസം തിന്ന് ഭൃഷ്ടാവുന്നതുപോലെ നിസ്സാര സംഖ്യയാണ് ഇന്ന് സബ്സിഡി. അത് വർദ്ധിപ്പിക്കണം.

41. വോൾട്ടേജ് ക്ഷാമം പരിഹരിക്കുക, കൃഷിയാവശ്യത്തിനുള്ള വൈദ്യുതി കണക്ഷൻ അടിയന്തരമായി നല്കുക, വൈദ്യുതി സൗജന്യമാക്കുക.

42. കോട്ടപ്പടി പഞ്ചായത്ത് പശ്ചിമഘട്ട വികസന പരിപാടിയിൽ ഉൾപ്പെടുത്തുക.

43. കാഡാ പദ്ധതികളുടെ നടപ്പാക്കൽ പൂർണ്ണമായും പഞ്ചായത്തിന് വിട്ടുകൊടുക്കണം.

44. കനാലുകൾ നശിക്കുന്നതിന്റെ പ്രധാന കാരണം മത്സ്യം പിടിക്കുന്നതാണ്. ഏതാനും മത്സ്യങ്ങൾക്ക് വേണ്ടി ഒരു ഭാഗത്തുള്ള കരിങ്കൽ കെട്ടുകളാകെ കുത്തിപ്പൊളിക്കുന്നത് സാമൂഹ്യ ദ്രോഹമാണ്. കനാലുകളിലെ മീൻ പിടുത്തം തടയുക.

45. നിലവിലുള്ള പുറം പോക്കുകൾ അന്യാധീനപ്പെടാതെ സംരക്ഷിക്കണം.

46. വനങ്ങളിലെ യൂക്കാലി വെട്ടിമാറ്റി സ്വാഭാവിക വനം വച്ചു പിടിപ്പിക്കുക.

മൃഗസംരക്ഷണം



മൂന്നു ദശാബ്ദം മുമ്പ് കൃഷിക്കാർ മാത്രമാണ് കാലി വളർത്തിയിരുന്നത്. നാടൻ കന്നുകാലികളാണ് അന്നുണ്ടായിരുന്നത്. ഈ പഞ്ചായത്തിൽ പശുക്കളെക്കാൾ വളരെ കൂടുതൽ കാളകളായിരുന്നു. കൃഷിപ്പണികൾക്കും, വണ്ടിവലിപ്പിക്കുന്നതിനും കാളകൾ അത്യാവശ്യമായിരുന്നു. വടക്കനാര്യൻ, കൂട്ടുമുണ്ടോൻ, ഇട്ടിക്കണ്ടപ്പൻ, ചെമ്പാവ് എന്നീ വിത്തിനങ്ങൾ കൃഷി ചെയ്തിരുന്നു. ഈ നെല്ലിനങ്ങൾക്ക് ചണ്ട് കൂടുതൽ ഉള്ളതുകൊണ്ട് ഉഴവ് അസാദ്ധ്യമായിരുന്നു. അതുകൊണ്ട് ഈ പാടങ്ങൾ ചവിട്ടിച്ചാണ് അടുത്ത കൃഷി തയ്യാറാക്കിയിരുന്നത്. കൂടുതലും പോത്തുകളെ ഉപയോഗിച്ചാണ് ചവിട്ടിച്ചിരുന്നത്. അതിനാൽ അക്കാലങ്ങളിൽ പോത്തുകൾ മറ്റു മൃഗങ്ങളേക്കാൾ വളരെ കൂടുതലായിരുന്നു. എന്നാൽ ഇന്ന് ഉഴവ് ജോലി പൂർണ്ണമായും യന്ത്രവത്കൃതമാണ് എന്ന് പറയാം. എങ്കിലും ആറ് കർഷകത്തൊഴിലാളികൾ 6 ജോഡി പോത്തുകളെ ഉപയോഗിച്ച് കൂലിക്ക് ഉഴവ് നടത്തുന്നുണ്ട്. ആദ്യകാലത്ത് ധാരാളം മേച്ചിൽ സ്ഥലങ്ങൾ ഈ പഞ്ചായത്തിൽ ഉണ്ടായിരുന്നു. കുന്നുകളുടെ ഏറ്റവും ഉയർന്ന ഭാഗങ്ങളിൽ അക്കാലത്ത് കൃഷി ചെയ്തിരുന്നില്ല. അവിടം കാലിമേയ്ക്കാൻ വർഷം മുഴുവൻ ഉപയുക്തമായിരുന്നു. ഇരുപ്പു നിലങ്ങളിൽ മകരകൊയ്ത്തിനു ശേഷം കാലികളെ

മേച്ചിരുന്നു. കുന്നുകൾ റബ്ബർ തോട്ടങ്ങളാവുകയും കനാൽ വന്നതോടെ ഇരുപ്പുനിലങ്ങൾ മുപ്പുനിലങ്ങളാവുകയും ചെയ്തതോടെ മേച്ചിൽ സ്ഥലങ്ങൾ ഈ പഞ്ചായത്തിൽ ഇല്ലെന്നു തന്നെ പറയാം. ആദ്യകാലത്ത് കാലികളെ അഴിച്ചുവിട്ട് നോട്ടക്കാരനെ ജോലിക്ക് നിറുത്തി വൻകിട കൃഷിക്കാർ കാലി വളർത്തിയിരുന്നു. കാളവണ്ടികൾ ഈ പഞ്ചായത്തിൽ ഒന്നുമില്ല. അതിനാൽ കാളയും പോത്തും അത്യപൂർവ്വമായി മാത്രമേ വളർത്തുന്നുള്ളു.

കോട്ടപ്പടിയുടെ സമീപ പ്രദേശത്ത് വനമായതിനാൽ വനത്തിൽ വിട്ട് കന്നുകാലികളെ വളർത്തുന്നവരുണ്ട്. അവരുടെ കണക്ക് ലഭ്യമല്ല. നാടൻ പശുക്കളിൽ നിന്നും ലഭിക്കുന്ന ഏറ്റവും കൂടിയ ഉല്പാദനം ഇടങ്ങഴി പാൽ ആയിരുന്നു.

ഇന്ന് സങ്കരയിനം പശുക്കളാണ് ഈ പഞ്ചായത്തിൽ കൂടുതലും. പകുതിയിൽ കൂടുതൽ വീടുകളിൽ ഒരു പശുവെങ്കിലും ഉണ്ട്. താഴ്ന്ന വരുമാനക്കാർ ഒരു ആദായ മാർഗ്ഗം എന്ന നിലയിൽ പശുവിനെ വളർത്തുന്നുണ്ട്. ആടുകളെ അധികവും വനപ്രദേശത്തിനടുത്ത് താമസിക്കുന്നവരാണ് വളർത്തുന്നത്. മറ്റു പ്രദേശങ്ങളിൽ ആടു വളർത്തൽ ആദ്യകാലത്തുള്ളതുപോലെ ഇല്ലെന്നു പറയാം.

മൂന്ന് ദശാബ്ദം മുമ്പ് ധാരാളം പേർ പന്നി വളർത്തലിൽ ഏർപ്പെട്ടിരുന്നു. പന്നിയെ അഴിച്ചുവിട്ടാണ് വളർത്തിയിരുന്നത്. ഉപയോഗശൂന്യമായ ഭക്ഷ്യവസ്തുക്കളാണ് പന്നിക്ക് ഭക്ഷണമായി നല്കിയിരുന്നത്. ഇന്ന് കൂടുകളിലാണ് പന്നിയെ വളർത്തുന്നത്. നാടൻ ഇനത്തിന്റെ സ്ഥാനത്ത് നല്ലയിനം പന്നികളെയാണ് ഇന്നു വളർത്തുന്നത്.

ആദ്യകാലങ്ങളിൽ നാടൻ കോഴികളെയാണ് വളർത്തിയിരുന്നത്. എന്നാൽ ഇന്ന് വീടുകളിൽ അഴിച്ചുവിട്ടുവളർത്തുന്ന കോഴികളിലധികവും സങ്കരയിനം കോഴികളാണ്. ഇറച്ചിക്കോഴി വളർത്തുന്ന 15 ഓളം ഫാമുകൾ ഈ പഞ്ചായത്തിൽ ഇന്നുണ്ട്. മുട്ടക്കോഴികളെ വളർത്തുന്നില്ല.

മിൽമ, P.D.D.P., നിർമ്മൽ മിൽക്ക് എന്നീ സഹകരണസംഘങ്ങൾ ഈ പഞ്ചായത്തിൽ പാൽ വാങ്ങുന്നുണ്ട്. മിൽമയുടെ മുന്നു ബ്രാഞ്ചുകളും, P.D.D.P. യുടെ ഒരു ബ്രഞ്ചും, നിർമ്മൽ മിൽക്കിന്റെ 2 ബ്രാഞ്ചും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ഈ സഹകരണസംഘങ്ങളിൽ നിർമ്മൽ, തൈക്കാവ് ദിനംപ്രതി 125 ലിറ്റർ പാൽ വാങ്ങു ന്നുണ്ട്. 15 ലിറ്ററോളം പ്രാദേശിക വില്പന നടത്തുന്നുണ്ട്. നിർമ്മൽ തോളേലി 160 ലിറ്റർ പാൽ വാങ്ങുന്നു. വടാശ്ശേരി മിൽമ 130 ലിറ്റർ പാൽ വാങ്ങുന്നു. 26.4 ലിറ്റർ പാൽ പ്രാദേശിക വില്പന നടത്തുന്നു. ചേലക്കാതി ള്ളി മിൽമ 191.6 ലിറ്റർ പാൽ വാങ്ങുന്നു. 8.3 ലിറ്റർ പാൽ പ്രാദേശിക വില്പന നടത്തുന്നു. കോതമംഗലത്ത് പ്രവർത്തി ക്കുന്ന ഡയറി ഡെവലപ്മെന്റ് ഓഫീസ് ഈ പഞ്ചായത്തിന്റെ കീഴിലാണ്.

മൃഗസംരക്ഷണത്തിന് ഒരു മൃഗാശുപത്രി ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. മൃഗാശുപത്രിയുടെ സബ്സെന്ററുകൾ പ്ലാമുടിയിലും, ഉപ്പുകണ്ടത്തിലും അനുവാദം കിട്ടിയെങ്കിലും പ്രവർത്തനമാരംഭിച്ചിട്ടില്ല. മൃഗാശുപത്രിയിൽ നിലവിലുള്ള ഫ്രീസർ കേടായതിനാൽ പല മരുന്നുകളുടേയും ഗുണം നഷ്ടപ്പെടാതെ സൂക്ഷിക്കാനാവുന്നില്ല. കൂടാതെ മൃഗാശുപത്രിയിൽ ആവശ്യത്തിന് മരുന്നും ലഭിക്കുന്നില്ല. മിൽമ, P.D.D.P., നിർമ്മൽ എന്നിവയുടെ യൂണിറ്റുകളിൽ പാൽ അളക്കുന്നവർക്ക് ആ സഹകരണസംഘങ്ങളിലെ ഡോക്ടറുടെ സേവനം ദിവസവും ലഭ്യമാണ്. നിർമ്മൽ ഗ്രാം നല്ലയിനം പശുക്കളെ വാങ്ങുന്നതിന് വായ്പ കൊടുക്കുന്നു. മിൽമ, P.D.D.P, നിർമ്മൽ എന്നിവ കാലിത്തീറ്റ സൗജന്യ നിരക്കിൽ വിതരണം ചെയ്യുന്നുണ്ട്. എങ്കിലും ഇവയുടെ വില പാലുല്പാദകർക്ക് താങ്ങാവുന്നതിൽ കൂടുതലാണ്. പച്ചപ്പുല്ലും, വയ്ക്കോലും ആവശ്യത്തിന് ലഭ്യമല്ല. വയ്ക്കോൽ പഞ്ചായത്തിന് പുറത്തുനിന്നും കൊണ്ടുവരുന്നുണ്ട്.

കർഷക തൊഴിലാളി സ്ത്രീകൾ ഒരു ഉപ തൊഴിലായി പശുക്കളെ ഇന്ന് ധാരാളമായി വളർത്തുന്നുണ്ട്. കാലിത്തീറ യുടെ വില വർദ്ധനവ് ഈ മേഖലയെ ഒരു പ്രതിസന്ധിയി ലേക്ക് നയിച്ചിരിക്കുന്നു.

ഇറച്ചിക്കോഴി വളർത്തലിൽ താല്പര്യമുള്ള നിരവധി പേർ ഈ പഞ്ചായത്തിലുണ്ട്. എങ്കിലും കോഴിവളർത്തൽ നാൾക്കുനാൾ അനാകർഷകമായിക്കൊണ്ടിരിക്കുന്നു. കോഴിക്കുള്ള രോഗമാണ് പ്രധാന പ്രശ്നം. മൃഗാശുപത്രിയിൽ നിന്നു വിതരണം ചെയ്യുന്ന കോഴി പോലും ഉടനെ ചാവുന്നു എന്നതാണ് കോഴികൃഷിക്കാരുടെ പരാതി. അതുപോലെ കോഴിത്തീറ്റയുടെ വിലയും താങ്ങാനാവുന്നില്ല. തമിഴ് നാട്ടിൽ നിന്നും വൻതോതിൽ ഇറച്ചിക്കോഴി എത്തിച്ചേരുന്നതും ഈ കൃഷിയെ പ്രതികൂലമായി ബാധിച്ചിരിക്കുന്നു. തമിഴ്നാട്ടിൽ ഉല്പാദനച്ചെലവ് കുറവായതുകൊണ്ട് വില കുറച്ചു വിൽക്കാൻ അവർക്കു കഴിയുന്നുണ്ടത്രെ!

ആടുവളർത്തലും പന്നിവളർത്തലും ആദായകരമായ കൃഷിയാണ്. എന്നാൽ ഇതിൽ ഏർപ്പെട്ടിരിക്കുന്നവർ വളരെ വിരളമാണ്. വനത്തോട് ചേർന്ന് കിടക്കുന്ന പ്രദേശത്ത് ആടു കൃഷിയും പന്നി കൃഷിയും വ്യാപകമാക്കാവുന്നതാണ്. ആടിന് വായ് പുണ്ണ് എന്ന രോഗമാണ് പ്രധാന പ്രശ്നം. പുണ്ണ് വന്ന് വർഷക്കാലത്ത് ആടുകൾ കൂട്ടത്തോടെ ചത്തു പോകുന്നു.

ഈ പഞ്ചായത്തിൽ മുയൽ വളർത്തൽ ആരംഭിച്ചാൽ വൻതോതിൽ ആദായമുണ്ടാക്കാൻ കഴിയുന്നതാണ്. മുയലിന്റെ ഇറച്ചിക്കും തോലിനും നല്ല ഡിമാന്റുണ്ട്. മുയൽതോൽ ഉപയോഗപ്രദമാക്കാനുള്ള സാങ്കേതിക പരിജ്ഞാനം ആർജ്ജിച്ച ശേഷം മുയൽ വളർത്തൽ തുടങ്ങുന്നത് നല്ല ലാഭത്തിന് ഇടയാകും. മുയലിനുള്ള ഭക്ഷ്യവസ്തുവായ മുരിക്കിന്റെ ഇല പഞ്ചായത്തിൽ സുലഭമാണ്. ആവശ്യമെങ്കിൽ കൃഷി ചെയ്യാനും കഴിയും.

പ്രശ്നങ്ങൾ


1. സങ്കരയിനം പശുക്കൾക്ക് രോഗപ്രതിരോധശേഷി കുറവായതുകൊണ്ട് അടിക്കടി രോഗങ്ങൾ ഉണ്ടാവുന്നു.
2. മൃഗാശുപത്രിയുടെ പ്രവർത്തനം തൃപ്തികരമല്ല. വേണ്ടത്ര മരുന്ന് ലഭിക്കുന്നില്ല. ഡോക്ടർ മുഴുവൻ സമയവും ഇല്ല.

3. ആടിന് വായ്പുണ്ണ് രോഗം വർഷക്കാലത്ത് ഉണ്ടാവുന്നു.
4. മേച്ചിൽ സ്ഥലങ്ങൾ ഇല്ല.
5. പശു വളർത്തലിന് സൗകര്യമില്ലാത്തവർക്കും I.R.D.P പദ്ധതിപ്രകാരം പശുവിനെ നല്കുന്നു.
6. കാലിത്തീറ്റയ്ക്ക് വില കൂടുതലാണ്.
7. പഞ്ചായത്തിന്റെ എല്ലാ പ്രദേശത്തും മൃഗാശുപത്രിയുടെ സേവനം എത്തുന്നില്ല.
8. പ്ലാമുടി, തുരങ്കം വടക്കുംഭാഗം എന്നീ സ്ഥലങ്ങളിൽ പാൽ വിപണന കേന്ദ്രമില്ല.
9. സൗജന്യ നിരക്കിൽ മുട്ടയ്ക്കും ഇറച്ചിക്കും ഉള്ള കോഴിക്കുഞ്ഞുങ്ങളെ വേണ്ടത്ര ലഭിക്കുന്നില്ല. യഥാസമയം ഇൻസിമിനേഷൻ ലഭിക്കാനുള്ള സൗകര്യമില്ല.
10. പാൽ വിപണന കേന്ദ്രങ്ങളിൽ പാലിന്റെ റീഡിംഗ് എടുക്കുന്നതിലും വില നിശ്ചയിക്കുന്നതിലും കൃത്രിമം ആക്കുന്നു എന്ന് പരാതിയുമുണ്ട്.
11. ഉല്പാദനച്ചിലവിന് അനുസരിച്ച് പാലിന് വില ലഭിക്കുന്നില്ല.
12. മൃഗാശുപത്രിയിൽ ടെലഫോൺ സൗകര്യമില്ല.
13. നായശല്യം അനുഭവപ്പെടുന്നു.

സാധ്യതകൾ

1. മൃഗാശുപത്രിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുക. ചികിത്സക്കുള്ള മുഴുവൻ മരുന്നും, സൗകര്യങ്ങളും ഉണ്ടാക്കുക. മുഴുവൻ സമയത്തും ഡോക്ടർ ഉണ്ടാവണം. ധാരാളം വാഹനങ്ങൾ ഓടുന്ന റോഡിൽ കൂടി മൃഗങ്ങളെ 4-ഉം 5-ഉം കിലോമീറ്റർ ദൂരെ ആശുപത്രിയിൽ കൊണ്ടു വരിക പ്രയാസമേറിയ കാര്യമാണ്. അതുകൊണ്ട് പ്ലാമുടി, വടക്കുംഭാഗം തുരങ്കം, ഉപ്പുകണ്ടം, ആയപ്പാറ എന്നിവിടങ്ങളിൽ സബ്സെന്ററുകൾ സ്ഥാപിക്കുക. മൊബൈൽ ഇൻസിമിനേഷൻ യൂണിറ്റ് ആരംഭിക്കുക. മൃഗാശുപത്രിയിൽ ടെലഫോൺ സൗകര്യം ഏർപ്പെടുത്തുക.
2. തീറ്റപ്പുൽ കൃഷി പ്രോത്സാഹിപ്പിക്കുക.
3. കാലിത്തീറ്റക്ക് വില കുറക്കാൻ നടപടി സ്വീകരിക്കുക. നാട്ടിൽ ലഭിക്കുന്ന അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് ചെലവ് കുറഞ്ഞ കാലിത്തീറ്റ നിർമ്മാണത്തിനുള്ള സാങ്കേതിക വിദ്യ വികസിപ്പിക്കുക.
4. പ്ലാമുടി, തുരങ്കം, വടക്കുംഭാഗം എന്നിവിടങ്ങളിൽ സഹകരണ ക്ഷീര സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കുക.
5. ബാക്ക്യാഡ് പ്രോത്സാഹിപ്പിക്കുക.
6. പാൽ സംഭരണത്തിലെ ടെസ്റ്റ് റിസൽറ്റുകൾ സുതാര്യമാക്കുക.
7. പാലുല്പന്നങ്ങളുടെ വൈവിധ്യവത്ക്കരണം നടത്തി വിപണന സൗകര്യം ഏർപ്പെടുത്തുക.
8. മൃഗാശുപത്രിയിൽ ടെലഫോൺ സൗകര്യം ഏർപ്പെടുത്തുക. വാഹനസൗകര്യം ഏർപ്പെടുത്തുക.
9. നായ്ക്കളെ വളർത്തുന്നതിന് ലൈസൻസ് ഏർപ്പെടുത്തുക. അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ നിർമ്മാർജ്ജനം ചെയ്യുക.


മത്സ്യബന്ധനം



മത്സ്യബന്ധനം തൊഴിലായി സ്വീകരിച്ച ആരും ഈ പഞ്ചായത്തിൽ ഉണ്ടായിരുന്നില്ല. എങ്കിലും ഭക്ഷ്യാവശ്യത്തിനു വേണ്ടി പലരും തോടുകളിലും കുളങ്ങളിലും ഉള്ള മത്സ്യം പിടിച്ചിരുന്നു. ഇതിനായി ചൂണ്ടയും വലയും കൂടും ഉപയോഗിച്ചിരുന്നു. തോട്ടപൊട്ടിച്ചും മത്സ്യം പിടിക്കാറുണ്ടായിരുന്നു. പുതിയ നെല്ലുവിത്തുകളും ആധുനിക കൃഷി രീതിയും കീടനാശിനി പ്രയോഗവും ആരംഭിച്ചതോടെ മത്സ്യസമ്പത്ത് നാശോന്മുഖമായിരിക്കുന്നു. ആറേഴ് വർഷം മുമ്പ് മത്സ്യങ്ങളുടെ വാൽ ഭാഗം വ്രണങ്ങൾ വന്ന് ചാവുന്ന ഗുരുതരമായ ഒരു രോഗം പ്രത്യക്ഷപ്പെടുകയുണ്ടായി. എല്ലാത്തരം മത്സ്യങ്ങളേയും ഈ രോഗം ബാധിച്ചുവെങ്കിലും ഇവിടെ സർവ്വസാധാരണമായിരുന്ന വരാൽ മത്സ്യത്തിന് വംശനാശം തന്നെ സംഭവിച്ചു. വരാൽ, മുഴി, കാരി, മണന്തൻ, ആരോൻ, മലിഞ്ഞീൻ, വട്ടോൻ, കല്ലേമുട്ടി, കോലുവാ കൊന്തൻ, പൂളോൻ, കുറുവ മുതലായ മത്സ്യങ്ങളായിരുന്നു ഉണ്ടായിരുന്നത്. ആദ്യകാലത്ത് ആരും ഈ പഞ്ചായത്തിൽ മത്സ്യം വാങ്ങിയിരുന്നില്ല. എന്നാൽ ഇന്ന് മുഖ്യമായും ഉണക്കിയതും പച്ചയുമായ വരവു മത്സ്യങ്ങളെയാണ് ജനങ്ങൾ ആശ്രയിക്കുന്നത്. വില വർദ്ധനവുമൂലം സാധാരണക്കാർക്ക് അവരുടെ ഭക്ഷണത്തിൽ നിന്ന് മത്സ്യം ഒഴിവാക്കേണ്ടി വന്നിരിക്കുന്നു. പോഷക സമ്പന്നമായ ഈ ഭക്ഷ്യവസ്തു സാധാരണ ക്കാർക്ക് ലഭ്യമാക്കാൻ ശുദ്ധജല മത്സ്യകൃഷി യുടെ സാദ്ധ്യതകൾ നാം ഉപയോഗപ്പെടുത്തേണ്ടതുണ്ട്.

സാദ്ധ്യതകൾ

1. പഞ്ചായത്തിൽ നിലവിലുള്ള പൊതുകുളങ്ങളും ചിറകളും സംരക്ഷിച്ച് മത്സ്യകൃഷിക്ക് ലേലം ചെയ്ത് കൊടുക്കുക.
2. സ്വകാര്യകുളങ്ങളിൽ മീൻ വളർത്തൽ പ്രോത്സാഹിപ്പിക്കുക.



വ്യവസായം

കോട്ടപ്പടിയിലെ വ്യാവസായിക മേഖല വികസിക്കുകയാണ് എന്നു തന്നെ പറയാം. വൻകിട വ്യവ സായങ്ങളൊന്നും ഈ പഞ്ചായത്തിലില്ല. ഏകദേശം 2000 ത്തോളം തൊഴിലാളികൾ വ്യവസായിക മേഖലയിൽ ഇന്ന് പണിയെടുക്കുന്നു. മാന്ദ്യം അനുഭവപ്പെടുന്നത് ചെങ്കൽ നിർമ്മാണ മേഖലയിലാണ്. ഏറ്റവും കൂടുതൽ ആളുകൾ ഇന്ന് പണിയെടുക്കുന്നത് കരിങ്കല്ലുമായി ബന്ധപ്പെട്ട വ്യവസായത്തിലാണ്. ചെങ്കൽ വ്യവസായം കൊള്ളിപറമ്പ് മേഖലയിലാണെങ്കിൽ കരിങ്കൽ വ്യവസായം കേന്ദ്രീകരിച്ചി ട്ടുള്ളത് പാനിപ്ര, ആയപ്പാറ, ഉപ്പുകണ്ടം, പ്ലാമുടി മേഖലക ളിലാണ്. കരിങ്കൽ വ്യവസായം ഇനിയും പുരോഗമിക്കുന്ന പ്രവണതയാണ് കാണിക്കുന്നത്. സുലഭമായി പാറ ലഭിക്കുന്നു വെന്നതാണ് ഈ വ്യവസാത്തിന്റെ വളർച്ചക്ക് അടിസ്ഥാനം. നിർമ്മാണപ്രവർത്തനങ്ങളുടെ ഗതിവേഗം വർദ്ധിച്ചതോടെ പാറയും മെറ്റലും വൻതോതിൽ ആവശ്യമായി വന്നിരിക്കുന്നു.

പാറമടകളുടെ വളർച്ച എത്രമാത്രം പരിസ്ഥിതി പ്രശ്നം ഉണ്ടാക്കും എന്നു പറയാനാവില്ല. അക്കാര്യം പരിശോധനക്ക് വിധേയമാക്കേണ്ടതാണ്. റബ്ബർ കൃഷി വളരെ വ്യാപകമാ ണെന്ന് മുമ്പ് വ്യക്തമാക്കിയിട്ടുണ്ടല്ലോ. റബ്ബറിനെ അടിസ്ഥാന മാക്കിയുള്ള വ്യവസായത്തിന് വലിയ സാദ്ധ്യതയുണ്ട്. എന്നാൽ റബ്ബറിനെ ആസ്പദമാക്കിയുള്ള വ്യവസായം ഒന്നും തന്നെ യില്ല. പരമ്പരാഗതമായി പനമ്പ് നെയ്ത്തു വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന നിരവധി സ്ത്രീ തൊഴിലാളികൾ ഈ പഞ്ചായത്തിലുണ്ട്. അവരെ സംഘടിതരാക്കി ഒരു വ്യവസായ യൂണിറ്റ് ആരംഭിക്കുന്നതിനുള്ള സാധ്യത ഈ പഞ്ചായ ത്തിലുണ്ട്. തയ്യൽ പഠിച്ച നിരവധി സ്ത്രീകൾ ഈ പഞ്ചായ ത്തിലുണ്ട്. അവരിൽ ബഹുഭൂരിപക്ഷത്തിനും നിരവധി ഏജൻ സികൾ മുഖേന തയ്യൽ മെഷീൻ ലഭിച്ചിട്ടുണ്ട്. ഇന്ന് ഈ പഞ്ചായത്തിൽ 'തമിഴർ' ഗ്രാമപ്രദേശങ്ങളിൽ സഞ്ചരിച്ച് റെഡിമെയ്ഡ് വസ്ത്രങ്ങളും തുണിയും വില്പന നടത്തുന്നുണ്ട്. സ്ത്രീകളാണ് ഇതിന്റെ ഗുണഭോക്താക്കൾ. ഗ്രാമപ്രദേശങ്ങളിൽ സ്ത്രീകൾക്ക് സംഘടിതമായി റെഡിമെയ്ഡ് ഡ്രസ്സുകൾ ഉണ്ടാക്കാവുന്നതാണ്.


പ്രശ്നങ്ങൾ

1. റബ്ബറിനെ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾ ഇല്ല.
2. റെഡിമെയ്ഡ് നിർമ്മാണ യൂണിറ്റുകൾ വേണ്ടത്രയില്ല.
3. വൈദ്യുതിക്ക് വോൾട്ടേജ് ഇല്ല. കണക്ഷൻ കിട്ടുന്നതിന് പ്രയാസം നേരിടുന്നു.
4. തൊഴിൽ പരിജ്ഞാനം ഇല്ല.
5. സംരംഭ തല്പരത (EnterpreneurShip) ഉള്ളവർ ചുരുക്കമാണ്.
6. മാർക്കറ്റിനെപറ്റി അവബോധമില്ല.
7. ചെറുകിട വ്യവസായികൾക്ക് വായ്പ നല്കുന്നതിന് ബാങ്കു കൾക്ക് താല്പര്യമില്ല.
8. ബാങ്കുകളുടെ പ്രവർത്തനം മേഖലാടിസ്ഥാന സമീപനം ആക്കിയിട്ടുള്ളത് പ്രയാസങ്ങൾ സൃഷ്ടിക്കുന്നു.
9. ലൈസൻസ് സമ്പാദിക്കുക എളുപ്പമുള്ള കാര്യമല്ല.
10. വ്യവസായത്തിന് വിവിധ ഏജൻസികൾ നല്കുന്ന ആനുകൂല്യങ്ങളെപ്പറ്റി വേണ്ടത്ര അറിവില്ലായ്മ.
11. ഈറ്റ മുതലായ അസംസ്കൃത വസ്തുക്കളുടെ അപര്യാ പ്തത.
12. വ്യവസായം സംബന്ധിച്ച സർക്കാർ സ്ഥാപനങ്ങളുടെ സേവനം ഗ്രാമപ്രദേശത്ത് എത്തുന്നില്ല.

സാധ്യതകൾ.

1. റബ്ബറിനെ അടിസ്ഥാനമാക്കിയുള്ള വ്യവസായം ആരംഭി ക്കുക.
2. റെഡിമെയ്ഡ് യൂണിറ്റുകൾ വനിതകൾക്ക് മുൻതൂക്കം നല്കി ആരംഭിക്കുക.
3. വ്യവസായ ആവശ്യത്തിനുള്ള വൈദ്യുതി കണക്ഷൻ നല്കുന്നതിൽ കാലതാമസം വരുത്താതിരിക്കുക.
4. വ്യവസായ സാധ്യതകളെപ്പറ്റി സർക്കാർ ഏജൻസികൾ ബോധവത്ക്കരണം നടത്തുക.
5. വ്യവസായങ്ങൾക്ക് നല്കുന്ന വായ്പ ഉദാരമാക്കുക.
6. ലൈസൻസ് നല്കുന്നതിനുള്ള അധികാരം പഞ്ചായത്തിന് നല്കണം. അതിനുള്ള നടപടിക്രമം ലഘൂകരിക്കുക.
7. പുറമ്പോക്കുഭൂമികളിൽ ഈറ്റ മുതലായ അസംസ്കൃത വസ്തുക്കൾ കൃഷിചെയ്യുക.

ഊർജ്ജം



കോട്ടപ്പടി പഞ്ചായത്തിൽ പ്രധാന ഊർജ്ജസ്രോതസ്സ് മറ്റെല്ലാ പ്രദേശങ്ങളെപ്പോലെയും വിറകും മണ്ണെണ്ണയുമായിരുന്നു. 1970-ന് ശേഷമാണ് വൈദ്യുതി ആദ്യമായി പഞ്ചാത്തിൽ വന്നത്. പാചക വാത കകണക്ഷൻ ലഭ്യമായത് 1985-നു ശേഷമാണ്. ഇപ്പോഴും L.P.G ഉപയോഗിക്കുന്ന വീടുകൾ വളരെ കുറവാണ്. ഇപ്പോൾ വെളിച്ചത്തിനുവേണ്ടി പ്രധാനമായും വൈദ്യുതിയെ ആശ്രയിക്കുന്നു. ഏതാണ്ട് 40% വീടുകളിലും ഇപ്പോഴും വെളിച്ചത്തിനു മണ്ണെണ്ണ വിളക്കുകളെ ആശ്രയിക്കുന്നുണ്ട്. പാചക ആവശ്യം മിക്കവാറും നിറവേറ്റപ്പെടുന്നത് വിറകിലൂടെയാണ്. ഗോബർഗ്യാസ് പ്ലാന്റുകൾ പലതും പ്രവർത്തനരഹിതമായിക്കിടക്കുന്നു. തെങ്ങിൽ നിന്നു കിട്ടുന്ന മടൽ, ചകിരി, ചിരട്ട മുതലായവ ഇപ്പോൾ പ്രധാനപ്പെട്ട ഇന്ധനസ്രോതസ്സാണ്. കൂടാതെ പറമ്പുകളിൽ നിന്നു ലഭിക്കുന്ന വിറകും വനത്തിൽ നിന്ന് സംഭരിക്കുന്ന വിറകും വിപുലമായ തോതിൽ തന്നെ ഉപയോഗിക്കുന്നു. ജലസേചനാവശ്യത്തിനും വ്യവസായത്തിനും ഊർജ്ജ സ്രോതസ്സ് വൈദ്യുതിയാണ്. ഡീസൽ പമ്പ് സെറ്റുകൾ വളരെ അപൂർവ്വമാണ്. റബ്ബർ ഷീറ്റുകൾ ഉണങ്ങുന്നതിന് വളരെയധികം വിറകുകൾ ഉപയോഗിക്കപ്പെടുന്നു. വളരെ ചുരുക്കം വീടുകൾ പരിഷത്ത് അടുപ്പുകൾ ഉപയോഗിക്കുന്നുണ്ട്.

പ്രശ്നങ്ങൾ

1. ഈ പഞ്ചായത്തിന്റെ മിക്കവാറും സ്ഥലങ്ങളിൽ വോൾട്ടേജ് ക്ഷാമം ഉണ്ട്. ചേറങ്ങനാൽ, ഹൈസ്ക്കൂൾ കവല എന്നവിടങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന ട്രാൻസ് ഫോർമറുകളിൽ നിന്നുമുള്ള പ്രസാരണ ലൈനുകളിൽ കൂടെകൂടെ വൈദ്യുതി നിലയ്ക്കുന്ന അവസ്ഥ ഉണ്ട്.

2. കൂടുതൽ കൂടുതൽ വീടുകൾ വൈദ്യുതീകരിക്കുന്നതിന് ആളുകൾ തയ്യാറാണെങ്കിലും കണക്ഷൻ കിട്ടാനുള്ള താമസം മൂലം പ്രശ്നങ്ങൾ ഉണ്ട്.

3. കോട്ടപ്പടി പഞ്ചായത്തിൽ വൈദ്യുതി പ്രസാരണം ചെയ്യുന്നത് ഒൻപതു ട്രാൻസ്ഫോർമറുകൾ വഴിയാണ്. എല്ലാ ട്രാൻസ്ഫോമറുകളിലും ഓവർലോഡ് ഉണ്ട്.

4. ഇവിടെയുള്ള വൈദ്യുതി ലൈനുകൾ കൂടുതലായും തോട്ടവിളകളുള്ള പ്രദേശങ്ങളിലൂടെ കടന്നുപോകുന്നതുകൊണ്ട് മരക്കൊമ്പുകൾ ലൈനുകളിൽ മുട്ടി നിൽക്കുന്നത് സർവ്വസാധാരണമാണ്. ഇത് പ്രസാരണ നഷ്ടം ഉണ്ടാക്കുന്നതിനു പുറമെ കമ്പികൾ കൂട്ടിമുട്ടി വൈദ്യുത അപകടങ്ങൾ ഉണ്ടാകുന്നതിനും കൂടെ കൂടെ ഫ്യൂസുകൾ കത്തിപ്പോകുന്നതിനും ഇടയാക്കുന്നു.

5. പഞ്ചായത്തിന്റെ തെക്കൻ മേഖലയിൽ വിറകിന്റെ ലഭ്യത കുറഞ്ഞുവരുന്നു.

6. ഗോബർ ഗ്യാസ് പ്ലാന്റുകൾ നിർമ്മിച്ച് പ്രവർത്തിപ്പിക്കുന്നതിന് ധാരാളം സാധ്യതകൾ ഉണ്ടെങ്കിലും ജനങ്ങൾ പൊതുവെ വിമുഖത കാണിക്കുന്നതായി അനുഭവപ്പെടുന്നു.

7. വഴിവിളക്കുകൾ മിക്ക കാലങ്ങളിലും തെളിയുന്നില്ല. കൂടാതെ സാധാരണ ബൾബുകൾ മാത്രം ഇടുന്നതു കൊണ്ട് റോഡിൽ ആവശ്യത്തിന് വെളിച്ചം കിട്ടുന്നുമില്ല. പ്രധാനപ്പെട്ട പല റോഡുകളിലും വഴിവിളക്കുകൾ സ്ഥാപിച്ചിട്ടില്ല.

സാധ്യതകൾ

1. വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനും ഓവർലോഡ് മുഖാന്തിരം ഉണ്ടാകുന്ന വൈദ്യുതി സ്തംഭനത്തിനും പരിഹാരമായി ഇപ്പോഴുള്ള മുടിക്കൽ ഫീഡർ വിഭജിച്ച് പുതിയ ഫീഡറിൽ നിന്ന് വൈദ്യുതി പ്രസാരണം ചെയ്യുക. കൂടുതൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക. ലൈൻ വളരെ പഴയതായതുകൊണ്ട് ജംബറിംഗ് മെച്ചപ്പെടുത്തുക. വീടുകളിൽ ട്യൂബുകൾ കൂടുതലായി ഉപയോഗിക്കുവാൻ പ്രേരിപ്പിക്കുക.

2. ടച്ചിംഗുകൾ കാലാകാലങ്ങളിൽ വെട്ടിനീക്കുക.

3. ദക്ഷത കൂടിയ അടുപ്പുകൾ പ്രചരിപ്പിക്കുക. ഗോബർ ഗ്യാസ് പ്ലാന്റുകൾ കൂടുതലായി നിർമ്മിച്ച് പ്രവർത്തിക്കുന്നതിന് വേണ്ട ബോധവത്ക്കരണം നടത്തുക.

4. കൂടുതൽ ട്യൂബുകൾ റോഡിൽ സ്ഥാപിക്കുക. കൂടാതെ വഴി വിളക്കുകൾ ഇല്ലാത്തിടത്ത് വഴിവിളക്കുകൾ സ്ഥാപിക്കുക.

ഗതാഗതം



കോട്ടപ്പടി പഞ്ചായത്തിലെ ഗതാഗതമാർഗ്ഗം റോഡുകൾ മാത്രമാണ്. ഈ പഞ്ചായത്തിൽ 166.190 K.M റോഡുകൾ ഉണ്ട്. P.W.D. റോഡ് 15 K. M മാത്രമാണുള്ളത്. 18.3 K.M മാത്രമേ ടാർ ചെയ്തിട്ടുള്ളു.

ഇവിടുത്തെ റോഡ് ശൃംഖല സാമാന്യം മെച്ചപ്പെട്ട താണെങ്കിലും മിക്കവാറും റോഡുകൾക്ക് ഓവുചാലുകൾ ഇല്ല. കലുങ്കുകൾ ആവശ്യത്തിനില്ല. എത്ര നന്നാക്കിയാലും ഇക്കാരണം കൊണ്ട് റോഡുകൾ വർഷക്കാലത്തോടെ ഗതാഗതയോഗ്യമല്ലാതായിത്തീരുന്നു. പഞ്ചായത്തിന്റെ സാമ്പത്തികസ്ഥിതി പരിതാപകരമായതു കൊണ്ട് റോഡുകൾ നന്നാക്കുക എന്നത് പ്രയാസമുള്ള കാര്യമാണ്. ഓവുചാലുകൾ നിർമ്മിക്കുകയും കലുങ്കുകൾ നിർമ്മിക്കുകയും ആവശ്യമുള്ള ഭാഗങ്ങളിൽ റോഡ് ഉയർത്തിയും റോഡുകളുടെ സ്ഥിതി മെച്ചപ്പെടുത്താവു ന്നതാണ്.

P. W .D റോഡുകൾ വഴിയാണ് പ്രധാനമായും ബസ് സർവ്വീസ് ഉള്ളത്. ചേറങ്ങനാലിൽ നിന്നും ഉപ്പുകണ്ടം വഴി വടക്കും ഭാഗത്തിന് ഒരു ബസ് നിലവിൽ പഞ്ചായത്തുറോഡു വഴി സർവ്വീസ് നടത്തുന്നുണ്ട്. അയിരൂർപാടത്തുനിന്നും ഒരു K.S.R.T.C ബസ് വടക്കുംഭാഗത്തിന് സർവ്വീസ് നടത്തുന്നുണ്ട്. ബസ് സർവ്വീസുള്ള റോഡുകളുടെ മൊത്തം ദൈർഘ്യം 17 കി.മീറ്ററിൽ താഴെ മാത്രമാണ്.

കോട്ടപ്പടി പഞ്ചായത്തിൽ ചേറങ്ങനാൽ കവലയിൽ 26 ഓട്ടോറിക്ഷകളും ഹൈസ്ക്കൂൾ കവലയിൽ 12-ഉം ഓട്ടോറിക്ഷകളും ഉണ്ട്. 18 ജീപ്പുകളും 16 ടെംപോകളും 8 കാറുകളും പാർക്കുചെയ്യുന്നു. ചേറങ്ങനാൽ കവലയിൽ സർവ്വീസ് അവസാനിപ്പിക്കുന്ന മൂന്നു ബസ്സുകളും ഉണ്ട്. എന്നാൽ ഇവയ്ക്കൊന്നിനും പാർക്കിംഗ് സൗകര്യമില്ല.

കുറുപ്പംപടി - കൂട്ടിക്കൽ റോഡ് നിർമ്മാണം പൂർത്തിയായാൽ കോട്ടപ്പടി പഞ്ചായത്തിന്റെ വികസനത്തിന് വളരെയധികം സഹായകരമായിരിക്കും. മാത്രമല്ല ഭൂതത്താൻകെട്ട്, വടാട്ടുപാറ, പൂയംകുട്ടി പദ്ധതിപ്രദേശം വരെയുള്ള ദൈർഘ്യം വളരെയധികം കുറയ്ക്കാനും കോതമംഗലം പട്ടണത്തിലെ ഗതാഗത കുരുക്ക് ഒഴിവാക്കുവാനും കഴിയും. കൂടാതെ കോട്ടപ്പടി, പിണ്ടിമന പഞ്ചായത്തിന്റെ വികസനത്തിന് ഈ റോഡ് അത്യന്താപേക്ഷിതമാണ്.

മറ്റൊരു പ്രധാന റോഡാണ് ആയപ്പാറയിൽ നിന്നും ചേറങ്ങനാൽ കവലയിലേക്കുള്ള ചേറങ്ങനാൽ മുന്തൂർ തൈക്കാവുംപടി റോഡ്. ജനപങ്കാളിത്തത്തോടെ ഈ റോഡിന്റെ കുറെ പണികൾ നടന്നിട്ടുണ്ട്.

പ്രശ്നങ്ങൾ.

1. കുറുപ്പംപടി കൂട്ടിക്കൽ റോഡിൽ വടക്കുംഭാഗം പള്ളിയുടെ വടക്കെ കുരിശിൽ നിന്നും കോട്ടപ്പാറക്ക് പോകുന്ന പൊതുവഴി നന്നാക്കുക.
2. മണപ്പിള്ളി പാടത്തുനിന്നും കുരങ്ങൻചിറ ഭാഗത്തേക്കുള്ള റോഡ് സഞ്ചാര യോഗ്യമല്ല.
3. കുറുപ്പംപടി കൂട്ടിക്കൽ റോഡ്, വാവേലി-കൂട്ടിക്കൽ റോഡ് എന്നിവ പണി പൂർത്തിയാക്കണം.
4. ഉപ്പുകണ്ടം ലക്ഷംവീട് കോളനിയിലേക്കുള്ള റോഡ് ഗതാഗത യോഗ്യമല്ല.
5. ഉപ്പുകണ്ടം ആനോട്ടുപാറ റോഡ് ഗതാഗത യോഗ്യമല്ല.
6. തോളേലി ഉപ്പുകണ്ടം റോഡ് ഗതാഗത യോഗ്യമല്ല.
7. ഉപ്പുകണ്ടം വാവേലി റോഡ് ഗതാഗത യോഗ്യമല്ല.
8. കനാൽ റോഡുകൾ സഞ്ചാരയോഗ്യമല്ല.
9. ഉപ്പുകണ്ടം - കുറുമറ്റം ഉപ്പുകണ്ടം - ചേലയ്ക്കാപ്പിള്ളി റോഡ് സഞ്ചാരയോഗ്യമല്ല.
10. ചീനിക്കുഴി തോളേലി റോഡ് സഞ്ചാരയോഗ്യമല്ല.
11. പനംകുടിച്ചാൽ - നെടുമല തണ്ട് റോഡ് സഞ്ചാരയോഗ്യമല്ല.
12. തോളേലി കനാൽ റോഡ് സഞ്ചാരയോഗ്യമല്ല.
13. മുട്ടത്തുപാറ ലക്ഷംവീട് കോളനിയിലേക്ക് റോഡ് ഇല്ല.
14. പരന്നപാറ മൂന്നാം തോട് റോഡ് ഗതാഗതയോഗ്യമല്ല.
15. പ്ലാമുടി പുഞ്ചക്കര റോഡ് ഗതാഗതയോഗ്യമല്ല.
16. പാമ്പൂരി പാറ മിച്ച ഭൂമി കോളനി റോഡ് ഗതാഗതയോഗ്യമല്ല.
17. ചീനിക്കുഴി കൂവക്കണ്ടം റോഡ് സഞ്ചാരയോഗ്യമല്ല.
18. ചീനിക്കുഴി - പ്ലാമുടി മുട്ടത്തുപാറ റോഡ് സഞ്ചാരയോഗ്യമല്ല.
19. മുട്ടത്തുപാറ ഗിരിജൻ കോളനി റോഡിന് വീതിയില്ല.
20. മുട്ടത്തുപാറ, ചീനിക്കുഴി, ഉപ്പുകണ്ടം എന്നിവിടങ്ങളിൽ ബസ് യാത്രക്കാർക്ക് വെയ്റ്റിംഗ് ഷെഡ് ഇല്ല.
21. ചേറങ്ങനാൽ കവലയുടെ ഒരു ഭാഗം മാത്രമാണ് വീതി കൂട്ടിയിട്ടുള്ളു. കുറുമറ്റം റോഡുവരെ റോഡിനു വീതിയില്ല.
22. ചേർങ്ങനാൽ മുന്തൂർ റോഡ് സഞ്ചാരയോഗ്യമല്ല.
23. കുഴികണ്ടം ഉറവും പൊട്ട റോഡിന് വീതിയില്ല.
24. വടാശ്ശേരി പാറച്ചാലിപ്പാറ റോഡ് സഞ്ചാരയോഗ്യമല്ല. ഈ റോഡിലൂടെ വടാശ്ശേരി U.P സ്കൂളിലേക്ക് ധാരാളം പിഞ്ചുകുട്ടികൾ യാത്രചെയ്യുന്നതാണ്.
25. കൊടിഞ്ഞാംകുഴി - ചാൽ ഭാഗം റോഡ് സഞ്ചാരയോഗ്യമല്ല.
26. വടാശ്ശേരി - തോളേലി റോഡ് സഞ്ചാരയോഗ്യമല്ല.
27. കോതമംഗലം - ഗുരുവായൂർ, കോതമംഗലം - പെരുമ്പാവൂർ റൂട്ടിൽ K.S.R.T.C ബസ്സുകൾ സർവ്വീസുകൾ നടത്തിയിരുന്നു. അവ ഇന്നില്ല.
28. തൈക്കാവും പടി - മുണ്ടയ്ക്കൽ പടി റോഡ് സഞ്ചാരയോഗ്യമല്ല.
29. പാനിപ്രകാവ് മണ്ണൂർ മോളം റോഡ് ഗതാഗതയോഗ്യമാക്കണം.

30. നന്ദനാർ കൊള്ളിപ്പറമ്പ് റോഡ് സഞ്ചാരയോഗ്യ മാക്കണം.
31. അരച്ചിറ - ആയപ്പാറ റോഡ് അനാഥമാണ്.
32. നാഗഞ്ചേരി കനാൽ കവലയിൽ വെയിറ്റിംഗ് ഷെഡ് നിർമ്മിക്കണം.
33. പാനിപ്രകാവിൽ നിന്നും ആരംഭിക്കുന്ന നടപ്പ് റോഡ് പാനിപ്ര - ഇരുമലപ്പടി റോഡിൽ എത്തിയിട്ടില്ല.
34. വടാശ്ശേരി സ്കൂൾ പാറച്ചാലിപാറ റോഡ് നന്നാക്കണം.
35. നാഗഞ്ചേരി - പുൽക്കുഴിച്ചാൽ റോഡ് ഗതാഗതയോഗ്യ മാക്കണം.
36. കുന്നത്തെപ്പീടിക - അരച്ചിറ റോഡ് നന്നാക്കണം.
37. പൂമ്പാലം റോഡ് ഗതാഗതയോഗ്യമല്ല.
38. ആയപ്പാറക്കാവിന് വടക്കുംഭാഗത്തുകൂടി മുന്നൂർ കോളനി റോഡ് ഗതാഗതയോഗ്യമാക്കുക.
39. ഹൈലെവൽ കനാൽ - മൂന്നൂർ കോളനി റോഡ്.
40. ഇരുമലപ്പടി - കോട്ടപ്പടി റോഡിൽ കൂടി ബസ് സർവ്വീസ് ഇല്ല.
41. നൂലേലിചിറ മുതൽ ബാലകൃഷ്ണൻ കർത്താവിന്റെ പുരയിടത്തിനു സമീപത്തുകൂടി പോകുന്ന പഞ്ചായത്ത് റോഡ് ഗതാഗതയോഗ്യമല്ല.
42. നാഗഞ്ചേരി പാനിപ്ര റോഡിൽ നിന്നും എട്ടാം പാടത്തേക്കുള്ള റോഡ് നന്നാക്കണം.
43. പാനിപ്ര മുസ്ലീം പള്ളിയുടെ സമീപത്തുനിന്നും കോഴി ക്കുന്നം മോളത്തേക്കുള്ള റോഡും, നൂലേലി ക്ഷേത്രത്തി ലേക്കുള്ള റോഡും നന്നാക്കണം.
44. തുരങ്കം - കോട്ടേപ്പാടം - കോലാലിറോഡ് നിർമ്മാണം പൂർത്തിയായിട്ടില്ല.
45. ആനവാതിൽക്കോട്ട - കോലാലി റോഡ് ഗതാഗത യോഗ്യമാക്കുക.
46. ചാപ്പൽ തുരുത്ത് റോഡ് ഗതാഗതയോഗ്യമല്ല.
47. 'W' ജംഗ്ഷൻ പനിച്ചയം റോഡ് സഞ്ചാരയോഗ്യമാക്കുക.
48. ചാപ്പൽതാഴം റോഡ് ഗതാഗതയോഗ്യമല്ല.
49. കോട്ടപ്പടി ഇരുമലപ്പടി റോഡ് ഗതാഗതയോഗ്യമാക്കുക.
50. കൽക്കുരിശുപള്ളിയിൽ നിന്നും കാളികുളംപാട ത്തേക്കുള്ള റോഡ് സഞ്ചാരയോഗ്യമാക്കുക.
51. എൻ.ഒ.പി. പടി റോഡ് ഗതാഗതയോഗ്യമല്ല., പാലമില്ല.
52. ഹൈസ്ക്കൂൾ കവലയിൽ വെയ്റ്റിംഗ് ഷെഡ് നിർമ്മി ക്കുക.
53. പാറച്ചാലിപ്പാറ കോട്ടേപ്പാടം റോഡിന് വീതിയില്ല.
54. കോട്ടപ്പടി - കൊള്ളിപ്പറമ്പ് - കോട്ടേക്കാവ് റോഡ് വീതിയെടുത്തും നടകെട്ടിയും സഞ്ചാരയോഗ്യമാക്കുക.
55. വിരിപ്പക്കാട്ടുചിറ - പാറച്ചാലിപ്പാറ റോഡിന് വീതിയില്ല.
56. വടാശ്ശേരി കൊള്ളിപ്പറമ്പ് റോഡ് ഗതാഗതയോഗ്യ മാക്കുക.
57. പാറച്ചാലിപ്പാറ - ഇടപ്പുളവൻ വർക്കി പടി റോഡ് വീതിയില്ല.
58. പാറച്ചാലിപാറ - അമ്പാട്ടുമാലി റോഡ് പണി പൂർത്തിയാ യിട്ടില്ല.
59. മൂന്നാംതോട് - പുഞ്ചക്കര റോഡ് സഞ്ചാരയോഗ്യമാക്കുക.
60. നെല്ലിത്തണ്ട് കോളനി റോഡ് സഞ്ചാരയോഗ്യമാക്കുക.
61. മടത്തുംപടി പാറച്ചാലിപ്പാറ റോഡിന്റെ സൈഡ് ഇടിഞ്ഞു പോയിരിക്കുന്നു.
62. കുറുപ്പംപടി കൂട്ടിക്കൽ റോഡിൽ കൈനിക്കുടി തണ്ടിലേക്ക് റോഡിന് വീതിയില്ല. പണി പൂർത്തിയാ ക്കിയിട്ടില്ല. 63. സിൻസിയർ കവല - പ്ലാമുടി റോഡിന് വീതിയില്ല.
64. കുറ്റിക്കുഴി - പ്ലാമുടി റോഡ് സഞ്ചാരയോഗ്യമല്ല.
65. മൂന്നാംതോട് - ചേർങ്ങനാൽ (പാറേക്കുടി കൊച്ചു മുഹമ്മദിന്റെ വീടിന്റെ സമീപത്തുനിന്നും) റോഡ് സഞ്ചാര യോഗ്യമല്ല.
66. പാറഗിരിജൻ കോളനി റോഡ് സഞ്ചാരയോഗ്യമല്ല.
67. കോട്ടപ്പടി - പ്ലാമുടി റോഡിൽ മൂന്നാംതോട് പാലം അപകടസ്ഥിതിയിലാണ്.
68. പ്ലാമുടി - കർണ്ണൂർ റോഡ്, മുട്ടത്തുപാറ - പ്ലാമുടി റോഡ്, പ്ലാമുടി - കനാൽ റോഡ്, കല്ലുമല - ഹരിജൻ കോളനി റോഡ്, കണ്ണക്കട - കൈതപ്പാറ റോഡ്, കൂവക്കണ്ടം - പ്ലാമുടി ലിങ്ക് റോഡ് എന്നിവ സഞ്ചാരയോഗ്യമല്ല.
69. പ്ലാമുടി - M.A.F.C റോഡ് ഗതാഗതയോഗ്യമല്ല.
70. വടാശ്ശേരി - ആയപ്പാറക്കാവ് റോഡ് പണി പൂർത്തി യാക്കുക.
71. ഉപ്പുകണ്ടം - പാറ വഴി കഴുതറപാടം റോഡ് സഞ്ചാര യോഗ്യമാക്കുക.
72. ഉപ്പുകണ്ടം കോളനി വഴി തോളേലി റോഡ് സഞ്ചാര യോഗ്യമാക്കുക.
73. വടക്കുംഭാഗം - കോട്ടപ്പാറ റോഡ്, വാവേലി - കുള ങ്ങാട്ടുകുഴി റോഡ്, വാവേലി - വെറ്റിലപ്പാറ റോഡ്, ചേലക്കാപ്പിള്ളി - കുറുമറ്റം റോഡ് എന്നിവ പണി പൂർത്തീകരിക്കുക.
74. വാവേലിയിൽ വെയ്റ്റിംഗ് ഷെഡ് നിർമ്മിക്കുക.
75. തുരങ്കം കവലയിൽ നിന്നും കോട്ടേപ്പാടത്തേക്കുള്ള റോഡ് ടാർ ചെയ്യുക.

സാധ്യത

ജനസാന്ദ്രതതിയിൽ മുന്നിട്ടുനില്ക്കുന്നതും കൃഷിപ്രധാന തൊഴിലുമായിട്ടുള്ളതുമായ നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം മേൽപറഞ്ഞ റോഡുകൾ അത്യന്താപേക്ഷിതമാണ്. ബസ് ഗതാഗമാ ലുപരി കൃഷിസ്ഥലങ്ങളിലേക്ക് വിത്തും, വളവും, ആധുനിക കാർഷിക ഉപകരണങ്ങളും എത്തിക്കുന്നതിനും, വിളകൾ വീടുകളിലും മാർക്കറ്റിലും എത്തിക്കുന്നതിനുമാണ് ഈ റോഡുകൾ ഭൂരിപക്ഷവും ഉപയോഗിക്കുന്നത്. മേൽപറഞ്ഞ റോഡുകൾ ആവശ്യകത വിലയിരുത്തി മുൻഗണനാക്രമം നിശ്ചയിച്ച് പണികൾ നടത്തേണ്ടതാണ്.



പാർപ്പിടം

കോട്ടപ്പടി പഞ്ചായത്തിൽ നിലവിൽ 4034 വീടുകൾ ഉണ്ട്. 450-ൽ പരം കുടുംബങ്ങൾ കുടിലുകളിലാണ് താമസം. ഈ കുടുംബങ്ങൾക്ക് സ്വന്തമായി സുസ്ഥിരമായ വീടുകൾ നിർമ്മിക്കുവാൻ സാമ്പത്തികമായി കഴിവില്ലാത്തവരാണ്. 4 ലക്ഷംവീട് കോളനികളും 1 മിച്ചഭൂമി കോളനിയും 2 ഗിരിജൻ കോളനിയും ഉണ്ട്. മുട്ടത്തുപാറ, ഉപ്പുകണ്ടം, വടാശ്ശേരി, കൊള്ളിപ്പറമ്പ് എന്നീ ലക്ഷം വീട് കോളനികളിൽ 51 വീടുകൾ ഉണ്ട്. കഴിഞ്ഞ 5 വർഷക്കാലത്ത് 33 വീടുകൾ ബ്ലോക്കുവഴി മാത്രം നിർമ്മിച്ചുകൊടുത്തിട്ടുണ്ട്. I.H.D.P പദ്ധതിയിൽ ഉൾപ്പെടുത്തി പതിനാറോളം വീടുകൾ മൂന്നൂർ കോളനിയിൽ പട്ടികജാതി വെൽഫെയർ ഓഫീസ് വഴി കൊടുത്തിട്ടുണ്ട്. 55 കുടുംബങ്ങൾ പുറമ്പോക്കിൽ കുടിൽ കെട്ടി താമസിക്കുന്നുണ്ട്.

കെട്ടിടനിർമ്മാണത്തിന് ആധുനിക വാസ്തുശില്പ മാതൃകകൾ സ്വീകരിക്കുന്ന പ്രവണതയാണുള്ളത്. നിർമ്മാണരംഗത്ത് ദുർവ്യയവും ആഡംബരവും കൂടിവരുന്നതായി കാണുന്നു. ചെലവു കുറഞ്ഞ നിർമ്മാണ രീതി അവലംബിക്കുന്നില്ല. അതിനുള്ള സാങ്കേതിക ജ്ഞാനം ലഭിച്ചിട്ടുള്ള തൊഴിലാളികൾ ലഭ്യമല്ല. കെട്ടിട നിർമ്മാണ തൊഴിലാളികളുടെ വേതന വ്യവസ്ഥ വളരെ മെച്ചമാണ്. ഈ മേഖലയിലുള്ള വിദഗ്ദ്ധ, അവിദഗ്ദ്ധ തൊഴിലാളികൾക്ക് തൊഴിലില്ലായ്മ ഇപ്പോൾ നിലവിലില്ല. എന്നാൽ ആവശ്യത്തിന് വിദഗ്ദ്ധ തൊഴിലാളികളെ ലഭിക്കാത്ത സാഹചര്യമുണ്ട്. പരമ്പരാഗത തൊഴിലാളികളല്ലാത്തവർ ഈ രംഗത്ത് കൂടുതലായി വന്നിട്ടില്ല.

പ്രശ്നങ്ങൾ.

1. 450 -ൽ പരം കുടുംബങ്ങൾക്ക് താമസയോഗ്യമായ വീടുകളില്ല.
2. ഇതിനുപുറമെ 55 പുറമ്പോക്ക് നിവാസികൾക്ക് വീടുകൾ വയ്ക്കുന്നതിനുള്ള സഹായങ്ങൾ സർക്കാരിൽ നിന്നും നിയമ പ്രകാരം ലഭ്യമാക്കാൻ കഴിയുന്നില്ല.
3. ലക്ഷം വീടു കോളനികളിൽ ഒരു വീട്ടിൽ രണ്ടു കുടുംബങ്ങൾ താമസിക്കുന്നത് സാമൂഹ്യപ്രശ്നങ്ങൾക്ക് കാരണമാകുന്നു.
4. ഈ കോളനികളിൽ പ്രാഥമിക സൗകര്യങ്ങളുടെ അഭാവം ഉണ്ട്.
5. ഭൂമിയുടേയും കെട്ടിട നിർമ്മാണ സാമഗ്രികളുടേയും വിലവർദ്ധനവും വേതനവർദ്ധനവും മൂലം കെട്ടിടങ്ങൾക്ക് ചിലവേറുന്നു. ഇത് സാധാരണക്കാരെ കൂടുതലായി ബാധിക്കുന്നു.
6. നിർമ്മാണ തൊഴിലാളികളുടെ ദൗർലഭ്യം.
7. കെട്ടിട നിർമ്മാണ വായ്പകൾ കിട്ടുന്നതിനുള്ള കാലതാമസവും സങ്കീർണ്ണമായ നടപടി ക്രമങ്ങളും സാധാരണക്കാരെ വലയ്ക്കുന്നു.
8. കെട്ടിട നിർമ്മാണരംഗത്തെ ആഡംബരവും ധൂർത്തും ഉല്പാദനരംഗത്ത് വ്യയം ചെയ്യേണ്ട ധനത്തെ വഴിതിരിച്ചുവിടുന്നു.

സാധ്യതകൾ.

1. വീടില്ലാത്ത 450 -ൽ പരം കുടുംബങ്ങൾക്ക് വിവിധ ഭവനനിർമ്മാണ സഹായപദ്ധതിയിൽ പെടുത്തി വീടുകൾ കൊടുക്കുന്നതിന് സമയബന്ധിതമായി പരിപാടി ആസൂത്രണം ചെയ്യുക. കൊടുത്ത വീടുകൾ പണി പൂർത്തീകരിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക. നിലവിലുള്ള അപര്യാപ്തമായ ധനസഹായം യാഥാർത്ഥ്യബോധത്തോടുകൂടി പുതുക്കി നിശ്ചയിക്കുക. ഈ രംഗത്ത് സന്നദ്ധ സംഘടനകളുടെ സഹായം തേടുക.
2. പുറമ്പോക്ക് നിവാസികൾക്ക് സ്ഥലം നൽകി എത്രയും വേഗം പുനരധിവസിപ്പിക്കുക.
3. ലക്ഷം വീട് കോളനികളിലെ ഇരട്ട വീടുകൾ ഒറ്റവീടുകളാക്കുക.
4. പ്രാഥമിക സൗകര്യങ്ങളായ വഴി, കക്കൂസ്, കുടിവെള്ളം, വൈദ്യുതി എന്നിവ എത്തിക്കുവാനുള്ള സംവിധാനം ഉണ്ടാക്കുക. ഈ വക പ്രവർത്തനങ്ങൾ കോളനികളിൽ നടപ്പാക്കുമ്പോൾ ആളോഹരി ചെലവ് കുറവായിരിക്കുമെന്നുള്ളതുകൊണ്ട് ഇതിന് മുൻഗണന കൊടുക്കുക.
5. ചിലവു കുറഞ്ഞ കെട്ടിടനിർമ്മാണരീതികളെ കുറിച്ച് ബോധവൽക്കരണം അത്യാവശ്യമാകുന്നു. ചെലവു കുറഞ്ഞ കെട്ടിടനിർമ്മാണ സാമഗ്രികൾ പഞ്ചായത്തിൽ തന്നെ ഉല്പാദിപ്പിച്ച് വിൽക്കുന്നതിന് പ്രോത്സാഹനം നൽകുക.
6. തൊഴിലുകൾക്ക് പരമ്പരാഗതമായിട്ടുള്ള ജാതീയമായ വേർതിരിവ് അവസാനിപ്പിക്കുന്നതിന് ബോധവൽക്കരണം നടത്തുക. ചെറുപ്പക്കാരായ തൊഴിലന്വേഷകരെ കെട്ടിടനിർമ്മാണ രംഗത്ത് പരിശീലിപ്പിക്കുവാനുള്ള സംവിധാനം ഉണ്ടാക്കുക.
7. സർവ്വീസ് സഹകരണ ബാങ്കുകൾ കെട്ടിടനിർമ്മാണ വായ്പയുടെ രംഗത്ത് കൂടുതൽ ശ്രദ്ധ പതിപ്പിക്കുക.
8. കെട്ടിട നിർമ്മാണരംഗത്തെ ധൂർത്ത് അവസാനിപ്പിക്കുന്നതിന് ബോധവത്ക്കരണം നടത്തുക.

ആരോഗ്യം



കോട്ടപ്പടി പഞ്ചായത്തിലെ ആരോഗ്യനിലവാരത്തെപ്പറ്റി വിലയിരുത്തുന്നതിന് കൃത്യമായ കണക്കുകൾ ലഭ്യമല്ല. ഈ പഞ്ചായത്തിലെ ജനസംഖ്യ 17323 ആണ്. സ്ത്രീപുരുഷ അനുപാതം 1:1 എന്നതാണ്. ആകെ 4034 വീടുകളാണ് ഈ പഞ്ചായത്തിലുള്ളത്. പ്രായാടിസ്ഥാനത്തിൽ ദമ്പതിമാരുടെ പട്ടിക താഴെ ചേർക്കുന്നു.

15 വയസുമുതൽ		19 വയസുവരെ		-	12
20	"	24	"	-	287
25	"	29	"	-	652
30	"	34	"	-	562
35	"	39	"	-	418
40	"	44	"	-	166

കുട്ടികളില്ലാത്ത അമ്മമാരുടെ എണ്ണം 157 ആണ്.
അംഗവൈകല്യമുള്ളവർ 82 പേരോളം വരും.
ഒരു വയസ്സിന് താഴെയുള്ള കുട്ടികളുടെ എണ്ണം 215 ആണ്.

കുഷ്ഠം രണ്ടാൾക്കും മലമ്പനി ഒരാൾക്കും ഉള്ളതായി പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ നിന്നും മനസ്സിലാക്കുവാൻ കഴിഞ്ഞു. തിമിരം വളരെപേർക്കുണ്ട്. ഈ പഞ്ചായത്തിൽ ജലജന്യരോഗങ്ങളാണ് അധികം. 93-94 -ൽ ജലജന്യ രോഗങ്ങൾ 252 ആയിരുന്നെങ്കിൽ 94-95 -ൽ 320 ആയിട്ടുണ്ട്. 1995-96 -ൽ 418 ആയി വർദ്ധിച്ചു. കുട്ടികൾക്ക് ചൂടുപനിയും ചിക്കൻപോക്സും വേനൽകാലത്ത് സർവ്വസാധാരണമാണ്. കോട്ടപ്പടിയിലുള്ള Primary Health Centre - ൽ 93-94 -ൽ 11308 പേർ ചികിത്സക്ക് എത്തിയെങ്കിൽ 94-95 -ൽ 11074 ആയും 95-96 - ൽ 10256 ആയും ചുരുങ്ങുകയുണ്ടായി. രോഗം കുറഞ്ഞതുകൊണ്ടല്ല മറിച്ച് സ്വകാര്യമേഖലയിലുള്ള ചികിത്സ കേന്ദ്രങ്ങളോട് താല്പര്യം വർദ്ധിച്ചതാണ് ഇതിന് കാരണം. Primary Health Centre -ന്റെ നിലവാരം ഉയരാത്തതാണ് മറ്റൊരു കാരണം. സർക്കാർ ഉടമസ്ഥതയിലുള്ള Primary Health Centre ചേറങ്ങനാൽ കവലക്ക് സമീപം പ്രവർത്തിക്കുന്നു. ഒരേക്കറിലധികം സ്ഥലം ഹെൽത്ത് സെന്ററിന് ഉണ്ട് എങ്കിലും ആശുപത്രി സ്ഥാപിച്ചതിനുശേഷം നാളിതുവരെ യാതൊരു വിധത്തിലുള്ള വികസനവും ഉണ്ടായിട്ടില്ല.

പ്രൈമറി ഹെൽത്ത് സെന്ററിന്റെ മേൽനോട്ടത്തിൽ മുട്ടത്തുപാറ, തോളേലി, നാഗഞ്ചേരി, പ്ലാമുടി എന്നിവിടങ്ങളിൽ സബ്സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. കുട്ടികൾക്കുള്ള പ്രതിരോധകുത്തിവയ്പുകളും ഗർഭിണികൾക്കുള്ള വൈദ്യസഹായവും നിർദ്ദേശവും ലഭിക്കുന്നുണ്ട്. നാഗഞ്ചേരി സബ്സെന്റർ സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഇതുകൂടാതെ സ്വകാര്യമേഖലയിൽ അലോപ്പതി ക്ലിനിക്കും ആശുപത്രിയും ഇവിടെ പ്രവർത്തിക്കുന്നു. സെന്റ് ജോൺസ് ഹോസ്പിറ്റലിൽ നാല്പതോളം രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യം ഉണ്ട്. എങ്കിലും ആധുനിക സൗകര്യമുള്ള ആശുപത്രിയല്ലിത്. സെന്റ് ജോർജ്ജ് ക്ലിനിക് ഡിസ്പെൻസറി മാത്രമാണ്.

മൂന്ന് ആയുർവ്വേദ ചികിത്സാകേന്ദ്രങ്ങൾ ഇവിടെയുണ്ട് രണ്ട് ഹോമിയോ ക്ലിനിക്കുകളും ഉണ്ട്. ആരോഗ്യമേഖലയിൽ പ്രവർത്തിക്കുന്ന സന്നദ്ധസംഘടനകൾ ഒന്നും തന്നെയില്ല. എന്നാൽ പ്രകൃതി ചികിത്സ പ്രോത്സാഹിപ്പിക്കുന്ന പ്രകൃതിജീവന സമാജം കോട്ടപ്പടിയിൽ പ്രവർത്തിക്കുന്നുണ്ട്.

വിസർജ്ജന നിർമ്മാർജ്ജന സൗകര്യം

25% വീടുകൾക്ക് കക്കൂസ് ആവശ്യമാണ്. ഇതിൽ 5% -ത്തിൽ താഴെ വരുന്നവർക്ക് സ്വന്തമായി കക്കൂസ് നിർമ്മിക്കുവാൻ കഴിവുള്ളവരാണ്. കോട്ടപ്പടി ഹൈസ്ക്കൂൾ കവലയിൽ ഒരു പൊതു കക്കൂസ് ആവശ്യമാണ്.

മാലിന്യങ്ങൾ

മാലിന്യങ്ങളുടെ പ്രശ്നം കൂടുതലായി അനുഭവപ്പെടുന്നത് ചേറങ്ങനാൽ കവലയിലാണ്. ഹോട്ടലുകളിൽ നിന്നു വരുന്ന മാലിന്യങ്ങൾ ഓടകളിൽ കെട്ടികിടക്കുന്നു. ഓടകളുടെ പണി പൂർത്തിയായിട്ടുമില്ല.

അടുത്തകാലം വരെ കൊതുകുശല്യം ഈ പഞ്ചായത്തിൽ ഉണ്ടായിരുന്നില്ല. എന്നാൽ ഇന്ന് കൊതുക് ശല്യം രൂക്ഷമാണ്.

കുടിവെള്ളം

ഈ പഞ്ചായത്തിലെ അധികം ആളുകളും കുടിവെള്ളത്തിന് ഇന്നും ആശ്രയിക്കുന്നത് കിണറുകളെയാണ്. ഒമ്പത് പൊതു കിണറുകളാണുള്ളത്. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ശുദ്ധജലവിതരണപദ്ധതി ആവശ്യത്തിനു മതിയാവുന്നതല്ല. 59 പൊതു ടാപ്പുകളും 65 House Connection -നുകളും മാത്രമാണ് ഈ ശുദ്ധജല വിതരണ പദ്ധതിക്കുള്ളത്. ഈ പദ്ധതി പ്രയോജനപ്പെടുത്തുന്നവരുടെ എണ്ണം കണക്കുപ്രകാരം 3550 പേർ മാത്രമാണ്. കുഴൽ കിണറുകൾ ആറെണ്ണമുണ്ടെങ്കിലും ഉപയോഗത്തിലുള്ളവ നാലെണ്ണം മാത്രമാണ്. കുഴൽ കിണറുകളിലെ വെള്ളം ചില ലവണങ്ങളടങ്ങിയതായതുകൊണ്ട് രുചി വ്യത്യാസം അനുഭവപ്പെടുന്നു.

നിലവിലുള്ള ശുദ്ധജല വിതരണം വേനൽകാലത്ത് മതിയാവാറില്ല. പകൽ പമ്പുചെയ്യുന്നതു കൂടാതെ രാത്രികാലത്തും അഞ്ചു മണിക്കൂറെങ്കിലും വെള്ളം പമ്പുചെയ്യാറുണ്ട്.

ഇതുകൂടാതെ 1983 -ൽ L.I.C -യുടെ സഹായത്തോടെ ബൃഹത്തായ ഒരു പദ്ധതിക്ക് ആരംഭം കുറിച്ചിരുന്നു. 54 - 68ലക്ഷം രൂപാ അടങ്കൽ തുക വരുന്ന ഒരു ഗ്രാമീണ ശുദ്ധജലപദ്ധതിയാണിത്. 8 ലക്ഷം ലിറ്റർ ശേഷിയുള്ള ശുദ്ധീകരണ ശാലയും 40 കി.മീ. പൈപ്പ് ലൈനും 150-ഓളം പൊതു ടാപ്പുകളും ഈ പദ്ധതിക്ക് ഉണ്ട്.

ഈ പദ്ധതിയുടെ മർമ്മപ്രധാനമായ ഘടകങ്ങൾ വനംവകുപ്പിന്റെ സ്ഥലത്താണ് നിർമ്മിക്കേണ്ടിയിരുന്നത്. വനം വകുപ്പിൽ നിന്നും സ്ഥലം വിട്ടുകിട്ടാൻ താമസം നേരിട്ടതിനാൽ പദ്ധതി ദീർഘകാലമായി മുടങ്ങിക്കിടക്കുകയായിരുന്നു. എന്നാൽ പണി പുനരാരംഭിക്കുകയും 97 മാർച്ചിനു മുമ്പ് തീർക്കുന്നതിന് വാട്ടർ അതോറിറ്റി ശ്രമിക്കുകയും ചെയ്യുന്നു. 20,000 പേർക്ക് ഇതിന്റെ പ്രയോജനം കിട്ടും.

പ്രശ്നങ്ങൾ:

1. പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ ആവശ്യാനുസരണം മരുന്നില്ല.
2. സ്ഥിരമായി ഡോക്ടറില്ല.
3. കിടത്തി ചികിത്സിക്കുവാൻ സൗകര്യമില്ല.
4. ഉപ്പുകണ്ടം കവലയിലുള്ള കിണർ മൂടിപ്പോയിരിക്കുന്നു. ഉയർന്ന പ്രദേശമായതിനാൽ ഉപ്പുകണ്ടത്തിൽ ജലക്ഷാമമുണ്ട്.
5. കുട്ടംകുളം ലക്ഷംവീട് കോളനിയിലും രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നു.
6. ഒന്നാം വാർഡിൽ കുടിവെള്ളക്ഷാമം രൂക്ഷമാണ്.
7. പ്ലാവിൻചുവട് പ്രദേശത്ത് വെള്ളമില്ല.
8. വടാശ്ശേരി ലക്ഷം വീട് കോളനിയിലും ജലദൗർലഭ്യം അനുഭവപ്പെടുന്നു.
9. കുഴികണ്ടം - ഉറവുംപൊട്ട റോഡ് പ്രദേശത്ത് കുടിവെള്ളമില്ല.
10. കൊടിഞ്ഞാംകുഴി ഭാഗത്ത് കുടിവെള്ളക്ഷാമം.
11. മണ്ണൂർ മോളം, മുന്തൂർ ആയപ്പാറ, പൂമോളം, മുണ്ടയ്ക്കാപ്പടി പാനിപ്ര എന്നിവിടങ്ങളിൽ രൂക്ഷമായ ജലക്ഷാമം.
12. ആയപ്പാറ, പൊലിയേക്കുടിയുടെ പടിക്കൽ, നാഗഞ്ചേരി കനാൽ പാലത്തിനു കിഴക്കുവശത്ത്, പെരിയാർ വാലി മെയ്ൻ കനാലിനും മുന്തൂർ ചിറയിലും കുളിക്കടവ് നിർമ്മിക്കുക.
13. നാഗഞ്ചേരി സബ്സെന്ററിൽ സൗകര്യങ്ങൾ കുറവാണ്.
14. കോട്ടപ്പടിയിൽ ആയുർവ്വേദ - ഹോമിയോ ആശുപത്രികൾ സർക്കാർ ഉടമസ്ഥതയിലല്ല.
15. ആരോഗ്യരംഗത്ത് വേണ്ടത്ര ബോധവത്ക്കരണം നടക്കുന്നില്ല.
16. പാനിപ്ര വാർഡിൽ രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു.
17. P.H.C -യുടെ സ്ഥലം കൃത്യമായി നിർണ്ണയിച്ചിട്ടില്ല.
18. പോസ്റ്റുമോർട്ടത്തിനുള്ള സൗകര്യം ഉണ്ടായിരുന്നത് ഇന്നില്ല.
19. VII -ാം വാർഡിൽ കോലാലി, പാറച്ചാലിപ്പാറ, ചാപ്പൽ തുരുത്ത് എന്നിവിടങ്ങളിൽ ജലക്ഷാമം അനുഭവപ്പെടുന്നു.
20. 25% ആളുകൾക്ക് കക്കൂസില്ല.
21. പഞ്ചായത്തിന്റെ വാട്ടർ ടാങ്ക് ക്ലീനിംഗ് നടക്കുന്നില്ല. നൂൽ പാമ്പ് കാണുന്നു.
22. സിൻസിയർ കോളേജിൽ വടക്കോട്ടുള്ള കൈനിക്കുടി തൊണ്ട് ഉൾപ്പെടെയുള്ള ഭാഗത്ത് കുടിവെള്ളക്ഷാമം.
23. കുറ്റിക്കുഴി പ്ലാമുടി റോഡിന്റെ പരിസര പ്രദേശത്ത് കുടിവെള്ളക്ഷാമം.
24. 9-ാം വാർഡിൽ കുടിവെള്ളക്ഷാമം. (കല്ലുളി, കണ്ണടക്കട, കോലക്കാടൻ തണ്ട്, കുവക്കണ്ടം, കൈതപ്പാറ, പടിഞ്ഞാറെ കല്ലുമാല, കുത്തുകുഴി എന്നിവിടങ്ങളിൽ)
25. പ്ലാമുടിയിൽ അനുവദിച്ചിട്ടുള്ള സബ്സെന്ററിൽ പണി പൂർത്തിയായിട്ടില്ല.
26. അലഞ്ഞ് തിരിയുന്ന നായ്ക്കളുടെ ശല്യം വർദ്ധിച്ചു വരുന്നു.

സാധ്യതകൾ.

1. പേഴാട് പദ്ധതി നടപ്പാക്കുന്നതോടെ കോട്ടപ്പടി പഞ്ചായത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുവാൻ കഴിയും.
2. നിലവിലുള്ള കിണറുകളും കുളങ്ങളും ചിറകളും സംരക്ഷിക്കുക.
3. ചെറുകിട ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ നടപ്പാക്കിയാൽ ജലസേചനത്തോടൊപ്പം കുടിവെള്ളക്ഷാമവും പരിഹരിക്കുവാൻ കഴിയും.
4. നിലവിലുള്ള P.H.C. കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തുക.
5. P.H.C. യുടെ സ്ഥലം കൃത്യമായി തിട്ടപ്പെടുത്തുകയും കോമ്പൗണ്ട് വാൾ നിർമ്മിക്കുകയും ചെയ്യുക.
6. സബ്സെന്ററുകൾക്ക് സ്ഥലം ലഭ്യമാക്കി കെട്ടിടം നിർമ്മിക്കുക. സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.
7. കോട്ടപ്പടിയിൽ സർക്കാർ ഉടമസ്ഥതയിൽ ഹോമിയോ - ആയുർവ്വേദ ആശുപത്രികൾ സ്ഥാപിക്കുക.
8. ദുർബല വിഭാഗങ്ങൾക്ക് വിവിധ പദ്ധതികളിൽ പെടുത്തി സൗജന്യമായി കക്കൂസ് വച്ചു കൊടുക്കുക.



വിദ്യാഭ്യാസം

കോട്ടപ്പടി പഞ്ചായത്തിലെ ആദ്യത്തെ വിദ്യാഭ്യാസ സ്ഥാപനം സൗത്ത് കോട്ടപ്പടിയിലാണ് ആരംഭിച്ചത്. എന്നാണ് ആരംഭിച്ചത് എന്ന് കൃത്യമായി പറയാനാവില്ല. എങ്കിലും 150 വർഷങ്ങൾക്കുമുമ്പേ ആരംഭിച്ചിരുന്നു എന്നു പറയാനാവും. സവർണ്ണ ഹിന്ദുക്കൾക്കും ക്രിസ്ത്യാനികൾക്കും മാത്രമേ ആദ്യകാലത്ത് പ്രവേശനമുണ്ടായിരുന്നുള്ളു. 1910 -ൽ ആണ് ഈ സ്ഥാപനം സർക്കാർ ഉടമസ്ഥതയിൽ വന്നത്. സർക്കാർ ഉടമസ്ഥതയിൽ ആയെങ്കിലും സവർണ്ണ ഹിന്ദുക്കളുടേയും ഭൂവുടമകളായ ക്രിസ്ത്യാനികളുടേയും കുട്ടികളായിരുന്നു വിദ്യാർത്ഥികൾ. പ്രായോഗിക ജീവിതത്തിന് ആവശ്യമായ 'കണക്കും വായന'യും, 'അമരകോശ'വും, 'നീതിസാര'വും പഠിക്കുകയായിരുന്നു അന്ന് വിദ്യാഭ്യാസ ലക്ഷ്യം. ഇന്ന് ഈ സ്ഥാപനം ഗവ. സൗത്ത് L.P സ്കൂൾ എന്ന പേരിലാണ് അറിയപ്പെടുന്നത്.

80 വർഷങ്ങൾക്ക് മുമ്പും ബിരുദാനന്തരബിരുദം നേടിയവർ ചുരുക്കമായെങ്കിലും ഈ പഞ്ചായത്തിലുണ്ടായിരുന്നു. എങ്കിലും മറ്റൊരു വിദ്യാഭ്യാസസ്ഥാപനമായ M.T.L.P.S കോട്ടപ്പടിയിലുണ്ടാകുന്നത് 1927 -ലാണ്. പുതുക്കുന്നത്ത് മത്തായി വർക്കി സ്ഥാപിച്ച ഈ സ്കൂൾ മാർത്തോമ കോർപ്പറേറ്റ് മാനേജ്മെന്റിന്റെ കീഴിലാണ് ഇന്ന്. 1940 -ൽ മാർ ഏലിയാസ് യു. പി. സ്കൂൾ ആരംഭിച്ചു. 1957 -ൽ ഹൈസ്ക്കൂളായും പിന്നീട് ഹയർ സെക്കണ്ടറി സ്കൂളായും അപ്ഗ്രേഡ് ചെയ്യപ്പെട്ടു. ഈ സ്ഥാപനമാണ് ഈ പഞ്ചായത്തിലെ ഉന്നതവിദ്യാഭ്യാസ കേന്ദ്രം. മറ്റെല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും സ്വാതന്ത്ര്യസമ്പാദനത്തിന് ശേഷമുണ്ടായവയാണ്.

ഇന്ന് കോട്ടപ്പടി പഞ്ചായത്തിൽ സർക്കാർ ഉടമസ്ഥതയിൽ 2 L.P സ്കൂളുകളും ഒരു U.P. സ്കൂളും, സ്വകാര്യ മാനേജ്മെന്റിൽ 2 ഹൈസ്ക്കൂളുകളും, ഒരു U. P. സ്കൂളും, 3 L.P. സ്കൂളുകളും പ്രവർത്തിക്കുന്നു. കൂടാതെ അംഗീകൃത ഇംഗ്ലീഷ് മീഡിയം L.P. സ്കൂളുകളും ഇവിടെ പ്രവർത്തിക്കുന്നു. 1991 - മുതൽ സ്വകാര്യമേഖലയിൽ ഹൈയർ സെക്കണ്ടറി സ്കൂൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ രണ്ട് പാരലൽ കോളേജുകളും പ്രവർത്തിക്കുന്നുണ്ട്. സാങ്കേതിക വിദ്യാലയങ്ങൾ ഒന്നും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. സർക്കാർ ഉടമസ്ഥതയിൽ മൂന്ന് ബാലവാടികളും P.T.A. യുടെ നേതൃത്വത്തിൽ 2 നഴ്സറി സ്കൂളുകളും നടത്തുന്നുണ്ട്. ഇംഗ്ലീഷ് മീഡിയം സ്കൂളിനോട് അനുബന്ധിച്ച് ഒരു നഴ്സറിസ്കൂളും പ്രവർത്തിക്കുന്നുണ്ട്. മാർ ഏലിയാസ് ഹൈസ്കൂളിനോടനുബന്ധിച്ച് ഒരു ഹയർ സെക്കണ്ടറി സ്കൂൾ തുടങ്ങിയതല്ലാതെ മറ്റൊരു വിദ്യാഭ്യാസസ്ഥാപനങ്ങളും കഴിഞ്ഞ പത്തുവർഷത്തിനിടയിൽ ഇവിടെ തുടങ്ങിയിട്ടില്ല. 1649 ആൺകുട്ടികളും 1595 പെൺകുട്ടികളും ഉൾപ്പെടെ മൊത്തം 3244 വിദ്യാർത്ഥികൾ 1 മുതൽ 10 വരെ ക്ലാസുകളിൽ പഠിക്കുന്നുണ്ട്.

പൊതുവെ വിദ്യാലയങ്ങളിൽ കുട്ടികൾ കുറഞ്ഞു വരുന്നത് കാണപ്പെടുന്നു. എന്നാൽ സാമാന്യം ഭേദപ്പെട്ട അദ്ധ്യയന നിലവാരമുള്ള ചുരുക്കം ചില സ്കൂളുകളിൽ വിദ്യാർത്ഥികളുടെ എണ്ണത്തിൽ കുറവ് കാണുന്നില്ല. ഇംഗ്ലീഷ് മീഡിയം സ്കൂളിന്റെ കടന്നുകയറ്റം ഒരു പരിധി വരെ ഇതിനു കാരണമാണെങ്കിലും അദ്ധ്യയന നിലവാരത്തകർച്ച ഇതിനെ ബാധിച്ചിട്ടുണ്ടോ എന്നു പരിശോധിക്കേണ്ടിയിരിക്കുന്നു. ഇവിടെ പഠന സൗകര്യം ഉണ്ടായിട്ടുപോലും ധാരാളം കുട്ടികൾ പെരുമ്പാവൂർ, കോതമംഗലം പ്രദേശങ്ങളിലുള്ള സർക്കാർ എയ്ഡഡ് സ്കൂളുകളിൽ പോകുന്നുണ്ട്. അടുത്ത കുറെ കാലങ്ങളായി അദ്ധ്യാപകവൃത്തിയിൽ സ്ത്രീകളുടെ പങ്കാളിത്തം വളരെ കൂടുതലായി കണ്ടുവരുന്നു. പ്രൈമറി സ്കൂളുകളിൽ എല്ലാത്തിനും തന്നെ നാലാം ക്ലാസ്സു വരെയുള്ള കുട്ടികൾക്ക് എഴുതുന്നതിനുള്ള ഡസ്ക് സൗകര്യങ്ങളില്ല. രണ്ടു ഹൈസ്ക്കൂളിലും പാനിപ്ര U.P സ്കൂളിനും മാത്രമേ കളിസ്ഥലങ്ങളുള്ളു.

എല്ലാ സ്കൂളുകളിലും P.T.A യും മാതൃസംഗമങ്ങളും നിലവിലുണ്ടെങ്കിലും വടാശ്ശേരി U.P.S -ലെ P.T.A. യും ഗവൺമെന്റ് നോർത്ത് L.P.S -ലെ മാതൃസംഗമവും ഒഴിച്ച് മറ്റൊരിടത്തും P.T.A ശക്തമല്ല. P.T.A. യുടെ സഹായത്തോടെ മിക്ക സ്കൂളുകളിലും നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നുണ്ടെങ്കിലും കുട്ടികളുടെ അദ്ധ്യയനനിലവാരം ഉയർത്താൻ ഇതൊന്നും പ്രേരകഘടകങ്ങളായി പ്രവർത്തിക്കുന്നില്ല. മിക്ക സ്കൂളുകളിലും ലൈബ്രറിയും പഠനോപകരണങ്ങളും ഉണ്ടെങ്കിലും അതൊന്നും തന്നെ ഉപയോഗിക്കാറില്ല. പഠനോപകരണങ്ങളും പുസ്തകങ്ങളും ഒന്നും തന്നെയില്ലാത്തത് St. George E. M. L. P. സ്കൂളിലും വേണ്ടത്രയില്ലാത്തത് പാനിപ്ര M.T. L. P സ്കൂളിലുമാണ്.

S.S.L.C പരീക്ഷാഫലം 1995-96 വർഷത്തിൽ 85% ആയിരുന്നു. ഇത് സംസ്ഥാന ശരാശരിയേക്കാൾ വളരെ കൂടുതലാണെന്ന് അഭിമാനിക്കാമെങ്കിലും കുറേക്കൂടി മെച്ചപ്പെടുത്തുവാനുള്ള ശ്രമങ്ങൾ ഉണ്ടാകണം. കൂടാതെ വിജയശതമാനം തൃപ്തികരമാണെങ്കിലും മാർക്കിന്റെ അടിസ്ഥാനത്തിലുള്ള പൊതുനിലവാരം ഉയരേണ്ടിയിരിക്കുന്നു. കാരണം 65.5% -ത്തോളം ഹൈസ്ക്കൂൾ വിദ്യാർത്ഥികൾ 40% -ത്തിനും 60% -ത്തിനും ഇടക്ക് മാർക്ക് വാങ്ങുന്നവരാണ്. 13.76% വിദ്യാർത്ഥികൾ 40% -ത്തിന് താഴെ മാർക്ക് വാങ്ങുന്നവരാണെന്നുള്ളത് ഗൗരവമായി കാണേണ്ടതാണ്. 60% -ത്തിനു മുകളിൽ മാർക്കുവാങ്ങിക്കുന്ന ഹൈസ്ക്കൂൾ വിദ്യാർത്ഥികൾ 7.9% മാണ്. ഈ സ്ഥിതിയിൽ ഉന്നതവിദ്യാഭ്യാസരംഗത്ത് ഈ പഞ്ചായത്തിലെ വിദ്യാർത്ഥികൾ പുറംതള്ള

പ്പെടുമെന്നുള്ള വസ്തുത കണക്കിലെടുക്കേണ്ടതാണ്. L.P. സ്കൂളിൽ 54% -വും U.P. സ്കൂളിൽ 45.4 % - വും വിദ്യാർത്ഥികൾ 60% -ത്തിനു മുകളിൽ മാർക്ക് വാങ്ങിക്കുമ്പോൾ ഹൈസ്ക്കൂളിൽ ഈ വിഭാഗത്തിൽ 7.9% ആണെന്നുള്ളത് വിശദമായ പഠനത്തിന് വിധേയമാക്കേണ്ടതാണ്.

സാക്ഷരതാ പ്രവർത്തനത്തിന്റെ ഒന്നാം ഘട്ടം ഫലപ്രദമായി നടപ്പാക്കിയ ഒരു പഞ്ചായത്താണ് കോട്ടപ്പടി. എന്നാൽ രണ്ടാംഘട്ടത്തിൽ പ്രവർത്തനങ്ങൾ ഒന്നും തന്നെ നടന്നില്ല. ഇതിനു കാരണമായി ചൂണ്ടികാണിക്കപ്പെടുന്നത് രണ്ടാം ഘട്ട പ്രവർത്തനം സർക്കാർ ഏറ്റെടുത്തതുകൊണ്ടാണെന്നാണ്. ഒന്നാം ഘട്ട പ്രവർത്തനത്തിന്റെ ഭാഗമായി വടക്കുംഭാഗത്ത് സ്ഥാപിച്ച ജനവിദ്യാകേന്ദ്രം ഇപ്പോൾ പ്രവർത്തിക്കുന്നില്ല.

പ്രശ്നങ്ങൾ

വിദ്യാലയത്തിൽ കുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്നു. മിക്ക വിദ്യാലയങ്ങളിലും ഭൗതിക സാഹചര്യങ്ങൾ വേണ്ടത്രയില്ല. ഇംഗ്ലീഷ് മീഡിയം സ്കൂളുകളുടെ വർദ്ധനവ് പൊതു വിദ്യാലയങ്ങളുടെ ഭാവിയെ സാരമായി ബാധിക്കുന്നു. P.T.A മിക്ക വിദ്യാലയങ്ങളിലും ഫലപ്രദമല്ല. സാങ്കേതിക വിദ്യാഭ്യാസത്തിന് സൗകര്യമില്ല.

സാധ്യതകൾ

പഞ്ചായത്തുതലത്തിൽ സ്കൂൾ കോംപ്ലക്സുകൾ നിർമ്മിക്കുക. അദ്ധ്യയന വിഷയങ്ങളിൽ P.T.A. ഫലപ്രദമായി ഇടപെടുക. ആധുനിക ബോധനമാർഗ്ഗങ്ങൾ ഉപയോഗിച്ച് അദ്ധ്യയനം നടത്തുക.

പ്രാഥമിക വിദ്യാഭ്യാസം മാതൃഭാഷയിലാക്കുക. സ്കൂളുകളിൽ പ്രാഥമിക സൗകര്യങ്ങൾ ഏർപ്പെടുത്തുക. ഡസ്ക്ക് അടിയന്തിരപ്രാധാന്യം നല്കി സ്കൂളിൽ ഉണ്ടാക്കി കൊടുക്കുക. അംഗൻവാടി സബ്സെന്ററുകൾ, ബാലവാടി, ലൈബ്രറി തുടങ്ങിയ മേഖലകളെ കൂട്ടിയിണക്കി അനൗപചാരിക വിദ്യാഭ്യാസരംഗത്തെ പ്രവർത്തനം ചിട്ടപ്പെടുത്തുക. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുക.

അക്കാദമിക് നിലവാരം

വിദ്യാഭ്യാസം	കുട്ടികളുടെ പൊതുനിലവാരം				
	30% താഴെ മാർക്ക് നേടുന്നവർ	30-40% താഴെ മാർക്ക് നേടുന്നവർ	40-50% താഴെ മാർക്ക് നേടുന്നവർ	50-60% താഴെ മാർക്ക് നേടുന്നവർ	60% ത്തിന് മുകളിൽ മാർക്ക് നേടുന്നവർ
എൽ. പി	10.6	12.1	10.6	14	54
യു. പി	18.3	14.7	11.2	10.4	45.4
ഹൈസ്ക്കൂൾ	5.6	8.16	28.8	36.7	7.9


S.S.L.C വിജയശതമാനം

സ്കൂൾ	വിദ്യാഭ്യാസ വർഷം	
	94 - 95 %	95 - 96 %
മാർ ഏലിയാസ് ഹൈയർ സെക്കണ്ടറി സ്കൂൾ	78	75
എം. ഡി. എച്ച്. എസ്. തോളേലി	92.5	91.5

വിദ്യാലയ സൗകര്യങ്ങൾ

കോട്ടപ്പടി ഗ്രാമ പഞ്ചായത്ത്

ക്രമ നമ്പർ	സ്കൂളിന്റെ പേര്	ഹൈസ്കൂൾ/യു.പി/ എൽ.പി/ പ്രീ പ്രൈമറി	സർക്കാർ/എയ്ഡഡ്/ അൺ എയ്ഡഡ്	കുട്ടികളുടെ എണ്ണം			അദ്ധ്യാപകരുടെ എണ്ണം			ആകെ ഡിവിഷനുകൾ	സ്കൂൾ കാമ്പസിന്റെ ആകെ വിസ്തീർണ്ണം	കളിസ്ഥലം വിസ്തീർണ്ണം	ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലം	ആഫീസ് മുറി	സ്റ്റാഫ് മുറി	ലബോറട്ടറി	ലൈബ്രറി	പാചകപുര	മൂത്രപ്പുര എണ്ണം/ ഒരേ സമയം എത്ര പേർക്ക് ഉപയോഗിക്കാം	കക്കൂസ്	വൈദ്യുതി	കുടിവെള്ളം	ചുറ്റുമതിൽ	കെട്ടിടങ്ങൾ		
				ആൺ	പെൺ	ആകെ	ആകെ അനുവദിച്ചിട്ടുള്ള തസ്തിക	നിലവിലുള്ളവരുടെ എണ്ണം	ഒഴിവുകൾ																സ്വന്തം	അസ്വന്തം	തല്ക്കാലികം
1	മാർ ഏലിയാസ് ഹയർ സെക്കണ്ടറി സ്കൂൾ, കോട്ടപ്പടി	ഹയർ സെക്കണ്ടറി	എയ്ഡഡ്	457	467	924	21	21	--	21	മൂന്ന് ഏക്കർ 7 സെന്റ്	1 ഏക്കർ	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	3/20	4	ഉണ്ട്	കിണർ	ഉണ്ട്	3	1	--
2	എം. ഡി. ഹൈസ്കൂൾ തോളേലി	ഹൈസ്കൂൾ	എയ്ഡഡ്	229	198	427	19	19	--	11	മൂന്ന് ഏക്കർ	2 ഏക്കർ	40 സെന്റ്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	4/50	3	ഉണ്ട്	കിണർ	രോഗികമായിട്ടുണ്ട്	3	1	--
3	ഉപ്പുകണ്ടം യു. പി. സ്കൂൾ ഉപ്പുകണ്ടം	യു. പി.	എയ്ഡഡ്	196	203	399	16	16	--	13	1 ഏക്കർ 32 സെന്റ്	75 സെന്റ്	--	ഉണ്ട്	ഉണ്ട്	--	--	ഉണ്ട്	2/14	2	ഉണ്ട്	കിണർ	ഇല്ല	4	1	--
4	ഗവ. യു. പി. സ്കൂൾ പാനിപ്ര	യു. പി.	ഗവ.	272	245	517	15	15	--	13	1 ഏക്കർ 50 സെന്റ്	75 സെന്റ്	ഇല്ല	ഉണ്ട്	ഉണ്ട്	--	--	ഉണ്ട്	2/6	3	ഉണ്ട്	കിണർ	കളി സ്ഥലത്തിന് പുറമായി ഇല്ല.	1	2	--
5	ഗവ. എൽ. പി. സ്കൂൾ കോട്ടപ്പടി, തെക്ക്	എൽ. പി.	ഗവ.	82	90	172	6	6	--	9	18 സെന്റ്	ഇല്ല	--	ഉണ്ട്	ഉണ്ട്	--	--	ഉണ്ട്	2/30	1	ഉണ്ട്	കിണർ	ഉണ്ട്	2	1	--
6	ഗവ.എൽ. പി. സ്കൂൾ കോട്ടപ്പടി, വടക്ക്	എൽ. പി.	ഗവ.	146	118	264	9	9	--	5	53 സെന്റ്	ഇല്ല	--	ഉണ്ട്	ഉണ്ട്	--	--	ഉണ്ട്	1/10	1	ഉണ്ട്	കിണർ	ഉണ്ട്	2	1	--
7	എം. റ്റി. എൽ. പി. സ്കൂൾ പാനിപ്ര	എൽ. പി.	എയ്ഡഡ്	87	67	154	5	5	--	4	65 സെന്റ്	10 സെന്റ്	ഇല്ല	ഉണ്ട്	ഉണ്ട്	--	--	ഉണ്ട്	2/20	1	ഇല്ല	ടാങ്ക്	ഉണ്ട്	2	1	--
8	മുട്ടത്തുപാറ എൽ. പി. സ്കൂൾ	എൽ. പി.	എയ്ഡഡ്	63	40	103	4	5	--	4	1 ഏക്കർ	1500 ച. മീ	40 സെന്റ്	ഉണ്ട്	ഇല്ല	--	--	ഇല്ല	2/19	2	ഉണ്ട്	കിണർ	ഉണ്ട് പൂർണ്ണമല്ല	1	--	--
9	സെന്റ് മേരീസ് എൽ. പി. സ്കൂൾ പ്ലാമുടി	എൽ. പി.	എയ്ഡഡ്	67	97	164	5	5	--	5	1 ഏക്കർ	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	--	--	ഉണ്ട്	2/5	1	ഇല്ല	കിണർ ടാങ്ക്	ഉണ്ട്	1	1	--
10	സെന്റ് ജോർജ്ജ് ഇംഗ്ലിഷ് മീഡിയം സ്കൂൾ കോട്ടപ്പടി	എൽ. പി.	അൺ എയ്ഡഡ്	50	70	120	---	10	---	4	------	-----	-----	ഉണ്ട്	-----	--	--	-----	----	---	ഉണ്ട്	കിണർ	---	2	--	--
	ആകെ			1649	1595	3244																				



സംസ്ക്കാരം

കോട്ടപ്പടി പഞ്ചായത്തിൽ ക്രിസ്ത്യൻ, ഹിന്ദു, മുസ്ലീം മതങ്ങളാണുള്ളത്. 5 ക്രിസ്ത്യൻ പള്ളികളും 3 മുസ്ലീം ആരാധനാലയങ്ങളും 3 അമ്പലങ്ങളും 11-ഓളം കാവുകളും ഈ പഞ്ചായത്തിലുണ്ട്. പള്ളിപ്പെരുന്നാളുകളിലും അമ്പലത്തിലേയും കാവുകളിലേയും ഉത്സവങ്ങളിലും എല്ലാ മതവിഭാഗത്തിൽപ്പെട്ടവരും പങ്കെടുക്കുകയും സഹകരിക്കുകയും ചെയ്തുപോരുന്നു.

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള രണ്ട് വായനാശാലകൾ ഉൾപ്പെടെ എട്ട് വായനാശാലകളാണ് പഞ്ചായത്തിലുള്ളത്. ഇതിൽ ആദ്യം ആരംഭിച്ചത് നാഗഞ്ചേരിയിലുള്ള ബാപ്പൂജി സ്മാരക വായനശാലയാണ്. എല്ലാ ലൈബ്രറികളിലും ക്ലബ്ബുകൾ പ്രവർത്തിക്കുന്നു. വായനാശാലകൾ ഇന്ന് വായനാശാലകളായി പ്രവർത്തിക്കുന്നു എന്ന് പറയാനാവില്ല. ക്ലബ്ബുകളാണ് മുഖ്യം. പുസ്തകവിതരണം നാമമാത്രമാണ്. വായിക്കുന്നതിന് മുൻകാലത്ത് ഉണ്ടായിരുന്ന താല്പര്യം ഇന്ന് ഇല്ലാതായിരിക്കുന്നു. എല്ലാ വായനാശാലകളിലും T.V സെറ്റ് വന്നതോടെ T.V പരിപാടി കാണാനും കളികൾക്കും വേണ്ടിയാണ് അധികമാളുകളും വായനാശാലയിൽ എത്തുന്നത്. 10 ക്ലബ്ബുകളോളം ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. കൃത്യമായി ഗ്രന്റ് വാങ്ങുന്ന ലൈബ്രറികൾ നന്നേ ചുരുങ്ങും.

ഈ പഞ്ചായത്തിൽ മനോരമ, മാതൃഭൂമി, ദേശാഭിമാനി, ദീപിക, രാഷ്ട്രദീപിക എന്നീ ദിനപത്രവായനക്കാരുണ്ട്. 700 പത്രം മൊത്തം വിതരണം ചെയ്യപ്പെടുന്നു. മംഗളം, മനോരമ ആഴ്ചപ്പതിപ്പുകൾക്കാണ് ഏറ്റവും കൂടുതൽ പ്രചാരം. മലയാളത്തിൽ പ്രസിദ്ധീകരിക്കുന്ന എല്ലാ പ്രസിദ്ധീകരണങ്ങൾക്കും ഈ പഞ്ചായത്തിൽ വരിക്കാരുണ്ട്.

ഒരു കാലത്ത് നിരവധി നാടകസംഘങ്ങൾ ഈ പഞ്ചായത്തിൽ ഉണ്ടായിരുന്നു. പ്രൊഫഷണൽ നാടക സംഘങ്ങളുടെ രംഗപ്രവേശനത്തോടെ ഈ നാടൻ നാടക സംഘങ്ങൾ അപ്രത്യക്ഷമായി. ക്ഷേത്രകലയായ ഗരുഡൻ തൂക്കം അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. അരമനമുട്ട്, കോൽകളി എന്നീ നാടൻ കലകളും നാശോന്മുഖമാണ്. തിരുവാതിരകളി നിലച്ചമട്ടാണ്. ശാസ്താംപാട്ട്, ചിന്ത്, തൂക്കം എന്നിവ ഇന്നും നിലനില്ക്കുന്ന നാടൻകലകളാണ്. ചെണ്ടമേളം, ബാന്റ് സെറ്റ് എന്നീ കലകൾ തൊഴിലായി സ്വീകരിച്ചിട്ടുള്ള സംഘങ്ങൾ ഉണ്ട്. ചെണ്ട വാദ്യക്കാർ പരമ്പരാഗതമായി ഈ കല അഭ്യസിച്ചവരാണ്.

സിനിമാശാല ഒന്നുണ്ടായിരുന്നു. ഇന്ന് അതില്ല. T.V 10% വീടുകളിൽ ഉണ്ട് എന്നതാണ് ഏകദേശക്കണക്ക്. എങ്കിലും 90% ആളുകളും T.V പരിപാടി കാണുന്നവരാണ്. T.V വലിയ സ്വാധീനം ചെലുത്തിത്തുടങ്ങിയിരിക്കുന്നു. പല പൊതുപരിപാടികളും സംഘടിപ്പിക്കുന്നത് T.V പരിപാടിയെക്കൂടി പരിഗണിച്ചാണ്. ഞായറാഴ്ചകളിൽ ഉച്ചകഴിഞ്ഞ് പൊതുകാര്യത്തിന് ആളുകളെ കിട്ടുക പ്രയാസമാണ്.

മകരക്കൊയ്ത്ത് കഴിഞ്ഞാൽ വയലുകൾ കുറെക്കാലം മുമ്പ് ഈ പഞ്ചായത്തിൽ കളിക്കളങ്ങളായിരുന്നു. മൂപ്പുകൃഷി ആരംഭിച്ചതോടെ വയലുകൾ കളിക്കളങ്ങൾ അല്ലാതായി. ഫുട്ബോൾ കളിച്ചുകൊണ്ടിരുന്നവരുടെ എണ്ണം കുറഞ്ഞു. കളിക്കളങ്ങൾ ഇന്ന് വിദ്യാലയങ്ങളിൽ പോലും ഉണ്ടെന്ന് പറയാനാവില്ല. കോട്ടപ്പടി പഞ്ചായത്തിലെ രണ്ടു ഹൈസ്ക്കൂളുകൾക്കും പാനിപ്ര അപ്പർ പ്രൈമറി സ്കൂളിനും മാത്രമാണ് കളിസ്ഥലങ്ങൾ ഉള്ളത്. കോട്ടപ്പടി പഞ്ചായത്തിൽ രണ്ടു സ്റ്റേഡിയങ്ങളാണ് നിലവിലുള്ളത്. ഉപ്പുകണ്ടത്തിലും മൂന്നാം തോട്ടിലും. ഉപ്പുകണ്ടത്തിലുള്ള സ്റ്റേഡിയം മാത്രമാണ് ഇന്ന് ഉപയോഗപ്രദമായിട്ടുള്ളത്. പൊതുകളിക്കളങ്ങൾ പരിമിതമായ ഈ പഞ്ചായത്തിലെ രണ്ടു സ്റ്റേഡിയത്തിന്റേയും പൂർത്തീകരണം വളരെ പ്രധാനമാണ്.

കളരിയും കരാട്ടേയും പഠിപ്പിക്കുന്ന ഓരോ സ്ഥാപനങ്ങൾ ഈ പഞ്ചായത്തിലുണ്ട്. കേരളോത്സവവും, വടാശ്ശേരിയിൽ ഫുട്ബോൾ മത്സരവും നടക്കാറുണ്ട്. കേരളോത്സവം വിജയകരമായി നടത്തുന്നുവെന്നു പറയാനാവില്ല. ഓണാഘോഷക്കാലത്ത് ഓണാഘോഷ പരിപാടി എല്ലാ പ്രധാന ജംഗ്ഷനും കേന്ദ്രീകരിച്ച് നടത്തുന്ന ഒരു ജനകീയ പരിപാടിയാണ്.

കോട്ടപ്പടിയിലെ പ്രധാനപ്പെട്ട ഒരു കലാസാംക്കാരിക കേന്ദ്രമാണ് കൈരളി. ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന കൈരളിക്കു മാത്രമാണ് ഈ പഞ്ചായത്തിൽ ഓഡിറ്റോറിയം ഉള്ളത്.

മറ്റൊരു സാംസ്ക്കാരിക സംഘടനയാണ് സരിഗ. ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്താണ് ഈ സംഘടനയും പ്രവർത്തിക്കുന്നത്.

പ്രശ്നങ്ങൾ

1. മൂന്നാം തോട്ടിലുള്ള സ്റ്റേഡിയം ഉപയോഗ യോഗ്യമല്ല.
2. വായനശാല വേണ്ടത്ര പ്രയോജനപ്പെടുത്തുന്നില്ല.
3. പുസ്തക പാരായണം കുറയുന്നു.
4. പത്രങ്ങളുടേയും ആനുകാലിക പ്രസിദ്ധീകരണങ്ങളുടേയും അമിതമായ വിലവർദ്ധനവ്.
5. സ്കൂളുകളിൽ കളിസ്ഥലമില്ല.
6. എല്ലാ വാർഡുകളിലും പൊതു കളിസ്ഥലങ്ങൾ ഇല്ല.
7. ഉപ്പുകണ്ടത്തിൽ വായനശാല ഇല്ല.

   വടാശ്ശേരിയിൽ വായനശാല ഇല്ല.

   കൊള്ളിപറമ്പിൽ വായനശാല ഇല്ല.

8. ഉപ്പുകണ്ടത്തിൽ ആവശ്യത്തിന് പൊതു T.V ഇല്ല.
9. കോളനികൾ പലതിലും T.V ഇല്ല.
10. വടക്കുംഭാഗത്ത് സാംസ്ക്കാരിക നിലയവും വായന ശാലയും ഇല്ല.
11. VI-ാം വാർഡിൽ തുരങ്കം കവലയിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന സാംസ്ക്കാരിക നിലയത്തിന് വേണ്ടത്ര സൗകര്യമില്ല.
12. മൂന്നാംതോട് ക്ലബ്ബ് പ്രവർത്തനം ഇല്ല.
13. കൊള്ളിപറമ്പിൽ സാംസ്ക്കാരിക നിലയമില്ല.
14. പ്ലാമുടി ഹരിജൻ കോളനിയിൽ ലൈബ്രറിയും T.V സെറ്റും ഇല്ല.
15. പ്ലാമുടിയിൽ നിലവിലുള്ള വായനശാലയുടെ നില ശോചനീയമാണ്.
16. കലാകായിക രംഗത്തുള്ളവർക്ക് പ്രോത്സാഹനം കിട്ടുന്നില്ല.
17. കണ്ണക്കട ഭാഗത്ത് ലൈബ്രറിയും സ്പോർട്ട്സ് ക്ലബ്ബും ഇല്ല.
18. വ്യാജ വാറ്റും മദ്യവില്പനയും പ്ലാമുടി പ്രദേശത്ത് അസഹ്യത ഉണ്ടാക്കുന്നു.

പട്ടികജാതി പട്ടികവർഗം

ഈ പഞ്ചായത്തിൽ 1991-ലെ സെൻസ്സസ് അനുസരിച്ച് പട്ടികജാതി വിഭാഗത്തിൽ 1156 പുരുഷന്മാരും 1195 സ്ത്രീകളും ഉണ്ട്. പട്ടികവർഗ്ഗം 21 പുരുഷന്മാരും 14 സ്ത്രീകളും അടക്കം 35 പേർ മാത്രമാണ്. മൊത്തം ജനസംഖ്യയുടെ 15.3% പട്ടികജാതിയും 2% പട്ടികവർഗ്ഗവുമാണ്. പട്ടികവർഗ്ഗത്തിൽ പെട്ടവർക്ക് 2 കോളനികളും പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് 11 കോളനികളും നിലവിലുണ്ട്. സൗജന്യമായി വൈദ്യുതി എത്തിച്ചുകൊടുക്കുന്നതിനുള്ള സംവിധാനം സർക്കാർ തലത്തിൽ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും അധികം വീടുകൾക്കും വൈദ്യുതി എത്തിയിട്ടില്ല. കോളനികളിലെ അധികം വീടുകൾക്കും കക്കൂസ് സൗകര്യമില്ലാത്തത് പ്രധാന പ്രശ്നമാണ്. അധികം പേരും കർഷകതൊഴിലാളികളാണ്. മറ്റു മേഖലകളിൽ തൊഴിൽ കണ്ടെത്തിയവരും സർക്കാർ സർവ്വീസിൽ പ്രവേശിച്ചവരും അപൂർവ്വമാണ്. പട്ടികജാതി വിഭാഗത്തിലെ ചിലർ നടത്തിയിരുന്ന പരമ്പരാഗത തൊഴിലായ കുട്ട, വട്ടി, നിർമ്മാണം ഈറ്റയുടെ അഭാവം മൂലം നിലച്ച സ്ഥിതിയിലാണ്. സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള ആനുകൂല്യങ്ങൾ നേടിയെടുക്കുന്നതിലും ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിലും വേണ്ടത്ര വിജയിച്ചിട്ടുണ്ട് എന്നു പറയാനാവില്ല.

പ്രശ്നങ്ങൾ

1. വൈദ്യുതി ലഭിച്ചിട്ടില്ല, കുടിവെള്ളം ലഭ്യമല്ല.
2. മിനിമം ഗ്യാരന്റിയിൽ SC ST വീടുകളെ ഉൾപ്പെടുത്തിയിട്ടുണ്ട്.
3. S.C. S.T കുടുംബങ്ങൾ പലതും പുറമ്പോക്കിലാണ് താമസിക്കുന്നത്.
4. തൊഴിലില്ലായ്മ രൂക്ഷമാണ്.
5. നെല്ലിത്തണ്ട് കൈനിക്കുടിച്ചാൽ പ്രദേശത്ത് എല്ലാവർക്കും വീടുകളും കക്കൂസുകളും ഇല്ല.
6. പാറ ഗിരിജൻ കോളനിയിൽ വീടുകളും കക്കൂസുകളും ഇല്ല.
7. പട്ടികജാതി - പട്ടികവർഗ്ഗവിഭാഗത്തിൽ പെട്ട കുട്ടികൾക്ക് വീട്ടിൽ പഠനസൗകര്യമില്ല.
8. നാഗഞ്ചേരി - മൂന്തൂർ ശ്മശാനങ്ങൾക്ക് ചുറ്റുമതിലില്ല.
9. മൂന്തൂർ കോളനിയിൽ ചികിത്സാസൗകര്യം ഏർപ്പെടുത്തുക.
10. പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ആനുകൂല്യങ്ങൾ ഏതൊക്കെയാണ് എന്ന് അറിയുന്നില്ല.
11. മൂന്തൂർ കോളനിയിൽ T.V ഇല്ല.
12. പരമ്പരാഗതതൊഴിലായ കുട്ട, വട്ടി, പനമ്പ് നിർമ്മാണത്തിന് ഈറ്റ, മുള എന്നിവ ലഭിക്കുന്നില്ല.
13. മൂന്നാം വാർഡിലുള്ള 25 കുടുംബങ്ങൾക്കും വീടും കക്കൂസും ഇല്ല.
14. കോളിനികളിൽ ശുചിത്വം കുറവാണ്.
15. മിച്ചഭൂമി കോളനിയിൽ കുടിവെള്ളമില്ല.
16. 9-ാം വാർഡിലുള്ള പട്ടികവർഗ്ഗവിഭാഗത്തിൽ പെട്ട കുടുംബങ്ങൾക്ക് കുടിവെള്ളമില്ല.
17. 2-ാം വാർഡിലെ കോളനികളിൽ കുടിവെള്ളം, കക്കൂസ്, പാർപ്പിടം എന്നിവ മുഴുവൻ കുടുംബങ്ങൾ ലഭിച്ചിട്ടില്ല.
18. 1-ാം വാർഡിൽ എല്ലാവർക്കും വീടും കക്കൂസും ലഭിച്ചിട്ടില്ല.
19. സ്വയം തൊഴിൽ കണ്ടെത്തുന്നതിന് സഹായങ്ങളും നിർദ്ദേശങ്ങളും ലഭിക്കുന്നില്ല.

സാധ്യതകൾ.

1. എല്ലാ S.C. S.T. കുടുംബങ്ങൾക്കും വൈദ്യുതി, കുടിവെള്ളം, പാർപ്പിടം, കക്കൂസ് എന്നിവ ലഭ്യമാക്കുക.

2. മിനിമം ശ്യാരന്റിയിൽ നിന്നും S.C. S.T. വീടുകളെ ഒഴിവാക്കുക.
3. പുറംമ്പോക്കിലുള്ള കുടുംബങ്ങളെ പുനരധിവസിപ്പിക്കുകയോ, പട്ടയം കൊടുക്കുകയോ ചെയ്യാവുന്നതാണ്.
4. സ്വയംതൊഴിൽ കണ്ടെത്തുന്നതിന് സാമ്പത്തീക സഹായവും, ബോധവത്ക്കരണവും നടത്തുക. പരമ്പരാഗത തൊഴിലിന് ആവശ്യാമായ ഈറ്റ ലഭിക്കുന്നതിന് ബാംബൂ കോർപ്പറേന്റെ ഡിപ്പോ കോട്ടപ്പടിയിൽ ആരംഭിക്കുക. പുറമ്പോക്കു ഭൂമികളിൽ ഈറ്റ വച്ചുപിടിപ്പിക്കുക.
5. കുട്ടികളുടെ പഠനസൗകര്യത്തിന് മേശ, കസേര, ടേബിൾ ലാംബ് എന്നിവ നല്കുന്നതിന് സംവിധാന മേർപ്പെടുത്തുക.
6. ശ്മശാനങ്ങൾക്ക് ചുറ്റുമതിൽ നിർമ്മിക്കുക.
7. ശുചിത്വ ബോധം ഉണ്ടാക്കുന്നതിന് ബോധവത്ക്കരണം നടത്തുക.



വനിത

കോട്ടപ്പടി പഞ്ചായത്ത് 1991 -ലെ സെൻസസ് അനുസരിച്ച് 7677 സ്ത്രീകളും 7684 പുരുഷന്മാരും ഉണ്ട്. സ്ത്രീ പുരുഷ അനുപാതം സംസ്ഥാനത്തിൽ 1000 പുരുഷന്മാർക്ക് 1040 സ്ത്രീകൾ ആയിരിക്കുമ്പോൾ ഈ പഞ്ചായത്തിലെ സ്ഥിതി വ്യത്യസ്ഥമാണ് എന്നു പറയാം. പട്ടികജാതി വിഭാഗത്തിൽ 1158 പുരുഷന്മാരും 1195 സ്ത്രീകളും ഉണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽ 27 പുരുഷന്മാരും 14 സ്ത്രീകളും ആണ് ഉള്ളത്. സാക്ഷരതയുടെ കാര്യത്തിൽ പുരുഷന്മാരുടെ എണ്ണത്തേക്കാൾ സ്ത്രീകളുടെ എണ്ണം കുറവാണെന്ന് കണക്കുകൾ കാണിക്കുന്നു. 1 മുതൽ 10 വരെയുള്ള ക്ലാസ്സുകളിൽ 1649 ആൺകുട്ടികളും 1595 പെൺകുട്ടികളും പഠിക്കുന്നു. ഈ പഞ്ചായത്തിലെ സ്ത്രീ പുരുഷ അനുപാതം ഇപ്പോഴും 1:1 ആയിരിക്കെ വിദ്യാഭ്യാസം ഇടയ്ക്കുവച്ച് നിർത്തുന്ന പെൺകുട്ടികൾ കുറച്ചുപേരെങ്കിലും ഉണ്ടെന്ന് കരുതേണ്ടിയിരിക്കുന്നു.

തൊഴിൽ പങ്കാളിത്തം		
തൊഴിൽ മേഖല	പുരുഷന്മാർ	സ്ത്രീകൾ
കർഷകൻ	1031	97
കർഷകതൊഴിലാളി	1369	1078
മൃഗസംരക്ഷണം, വനവിഭവശേഖരണം, മത്സ്യബന്ധനം, നായാട്ട്	427	302
പുഷ്പഫല കൃഷി		
മൈനിംഗ് ആന്റ് ക്വാറി	56	10
കുടിൽ വ്യവസായം	45	14
മറ്റു വ്യവസായങ്ങൾ	159	28
കെട്ടിട നിർമ്മാണം	152	2
വാണിജ്യം	317	25
ഗതാഗതം, വാർത്താവിനിമയം	172	7
മറ്റു സേവന മേഖല	366	197
നാമമാത്ര തൊഴിൽ		
ചെയ്യുന്നവർ	127	239
തൊഴിലില്ലാത്തവർ	3463	5955

അവലംബം : സ്റ്റാറ്റസ് പേപ്പർ : 1994

ഇതിൽനിന്നും നാമമാത്രം തൊഴിൽ ചെയ്യുന്നവരും തൊഴിലില്ലാത്തവരുടേയും മേഖലയിലാണ് സ്ത്രീകളുടെ സ്ഥാനം എന്നു കാണാം.

മുമ്പ് കർഷകത്തൊഴിലാളികളായിരുന്നവരിൽ പലരും മറ്റുമേഖലകളിൽ തൊഴിൽ കണ്ടെത്തിയിട്ടുണ്ട്. തൊഴിൽ മേഖലയിലെ കൂലി നിലവാരം സാമാന്യം മെച്ചമാണ്. മെച്ചപ്പെട്ട കൂലി ലഭിക്കുന്ന പുരുഷന്മാർ, സ്ത്രീകൾ തൊഴിലിന് പോകുന്നതിനോട് താല്പര്യമുള്ളവരല്ല. ചെറിയ കുടുംബങ്ങളായതോടെ കുട്ടികളുടെ സംരക്ഷണം ഒരു പ്രധാന പ്രശ്നമാണ്. കുട്ടികളുടെ വിദ്യാഭ്യാസത്തിലും, വളർച്ചയിലും മാതാപിതാക്കൾ മുമ്പുള്ളതിനേക്കാൾ തല്പരരാണ്. കുട്ടികളുടേയും, കുടുംബത്തിന്റേയും സംരക്ഷണം പൂർണ്ണമായും സ്ത്രീകളെ ഏൽപ്പിക്കുന്ന സ്ഥിതിയിലേക്ക് കാര്യങ്ങൾ പോയത് വേതനം കിട്ടുന്ന തൊഴിലിൽ നിന്ന് പിന്മാറുന്നതിന് സ്ത്രീകളെ പ്രേരിപ്പിച്ചിരിക്കുന്നു. അതുകൊണ്ട് സ്ത്രീകൾ തൊഴിൽ ഒന്നും ചെയ്യുന്നില്ലായെന്നു പറയാനാവില്ല. വിറക് ശേഖരിക്കുക, ഭാഗീകമായി കൃഷിപ്പണികൾ ചെയ്യുക, തീറ്റ പുല്ല് ശേഖരിക്കുക ഇത്യാദി തൊഴിലുകൾ സ്ത്രീകൾ ചെയ്യുന്നുണ്ട്.

ഈ പഞ്ചായത്തിലുള്ള മഹിളാസമാജങ്ങളുടേയും ബാലവാടികളുടേയും ലിസ്റ്റ് താഴെ കൊടുക്കുന്നു.

1. ദീപാ മഹിളാ സമാജം വടക്കുംഭാഗം C.P.W.P. സെന്റർ (ബാലവാടി)
2. ജ്ഞാനോദയം മഹിളാസമാജം നെല്ലിത്തണ്ട് C.P.W.P. സെന്റർ (ബാലവാടി)
3. മൂന്തൂർ ഹരിജൻ ബാലവാടി ആയപ്പാറ (ഫീഡിംഗ് സെന്റർ)
4. ഉദയാ മഹിളാ സമാജം കൊള്ളിപ്പറമ്പ് (ഫീഡിംഗ് സെന്റർ)
5. സൂര്യാ മഹിളാ സമാജം ചേറങ്ങനാൽ (ഫീഡിംഗ് സെന്റർ)
6. സുപ്രഭ മഹിളാ സമാജം തോളേലി (ഫീഡിംഗ് സെന്റർ)

D.W.C.R.A. യൂണിറ്റുകൾ രണ്ടെണ്ണം മാത്രമാണ്. അതിലൊരെണ്ണം ആയപ്പാറയിലുള്ള ഈറ്റ നെയ്ത്തു സഹകരണസംഘമാണ്. ഇപ്പോൾ ഈ സ്ഥാപനത്തിൽ പത്തുപേർ ഉണ്ട്. കുറച്ചു ആളുകൾ പൊഴിഞ്ഞു പോയിരിക്കുന്നു. പ്രവർത്തനം മന്ദീഭവിച്ചിരിക്കുന്നുവെന്നു വേണം പറയാൻ. മറ്റൊന്ന് കൊള്ളിപ്പറമ്പിലുള്ള റെഡിമെയ്ഡ് യൂണിറ്റ് ആണ്. അതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടേയുള്ളു.

സാമൂഹ്യ രാഷ്ട്രീയ സംഘടനകളിൽ സ്ത്രീ പങ്കാളിത്തം വളരെ പരിമിതമാണ്. കുടുംബത്തിന്റെ ഉത്തരവാദിത്വം മുഴുവൻ സ്ത്രീകളെ ഏല്പിച്ച അവസ്ഥയാണ് ഇപ്പോഴും ഉള്ളത്. സ്ത്രീകൾ പൊതുരംഗത്ത് കൂടുതലായി വരാത്തതിന്റെ കാരണം ഇതായിരിക്കാം. ഈ പഞ്ചായത്തിൽ സ്ത്രീകൾ നാഥകളായിട്ടുള്ള കുടുംബങ്ങൾ മുന്നൂറിലേറെ വരും.

പ്രശ്നങ്ങൾ.

1. സ്വയംതൊഴിൽ കണ്ടെത്താനുള്ള പരിശീലനം ലഭിക്കുന്നില്ല.
2. വനിത വ്യവസായ യൂണിറ്റുകൾ നാമമാത്രമാണ്.
3. സ്ത്രീകൾ അസംഘടിതരാണ്.
4. ന്യായമായ കൂലി ലഭിക്കുന്നില്ല.
5. തൊഴിൽ അവസരങ്ങൾ കുറവാണ്.
6. ചാരായ നിരോധനം നിലവിലുണ്ടെങ്കിലും വ്യാജ ചാരായ വില്പനയുണ്ട്.
7. എല്ലാ വിധവകൾക്കും പെൻഷൻ ലഭിക്കുന്നില്ല.
8. നിർദ്ധനരായ കുടുംബങ്ങളിലെ പെൺകുട്ടികളെ വിവാഹം ചെയ്തയയ്ക്കാൻ പ്രയാസം നേരിടുന്നു.

സാധ്യതകൾ.

1. സ്വയം തൊഴിൽ പരിശീലനം നല്കാനുള്ള സംവിധാനം ഏർപ്പെടുത്തുക.
2. വനിതാ വ്യവസായ യൂണിറ്റ് ആരംഭിക്കുക.
3. നിർദ്ധനരായ പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം നല്കുക.

സാമൂഹ്യക്ഷേമം

ഈ പഞ്ചായത്തിലെ I.R.D.P സർവ്വെ പ്രകാരം 1230 കുടുംബങ്ങൾ ദാരിദ്ര്യ രേഖയ്ക്ക് താഴെയാണെന്ന് കാണുന്നു. ഇതിൽ 132 കുടുംബങ്ങൾ പട്ടികജാതി പട്ടികവർഗ്ഗത്തിൽപെടുന്നു. നാളിതുവരെ 241 കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ട്. അതിൽത്തന്നെ 128 കുടുംബങ്ങൾ പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടതാകുന്നു. 989 കുടുംബങ്ങൾക്ക് ഇതുവരെ സഹായങ്ങളൊന്നും ലഭിച്ചിട്ടി ല്ലെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. സാമ്പത്തിക സഹായം കൊണ്ട് മേൽപ്പറഞ്ഞ കുടുംബങ്ങളുടെ സാമ്പത്തിക വളർച്ച വലുതായിട്ടൊന്നും സാക്ഷാത്ക്കരിക്കപ്പെട്ടതായി അധികൃതർക്ക് അനുഭവപ്പെട്ടിട്ടില്ലെന്ന് റിപ്പോർട്ട് ചെയ്യപ്പെടുന്നു. ട്രൈസം തൊഴിൽ പരിശീലനം നേടിയവരുടെ എണ്ണം 31 ആണ്. പരിശീലനത്തിനു ശേഷം സ്വയംതൊഴിൽ കണ്ടെത്തിയവരുടെ എണ്ണം 11 ആണെന്ന് റിപ്പോർട്ട് ചെയ്യപ്പെടുന്നു. D.W.C.R.A പ്രകാരം ഒരു ഈറ്റ നെയ്ത്തു യൂണിറ്റ് മാത്രമേ ഉള്ളു. അതുതന്നെ പ്രവർത്തനം മന്ദീഭവിച്ചിരിക്കയാണ്. പുതിയതായി റെഡിമെയ്ഡ് ഡ്രസ്സ് നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നതിനുള്ള പ്രാഥമിക നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈറ്റ നെയ്ത്ത് യൂണിറ്റിൽ ഇപ്പോൾ 10 അംഗങ്ങളാണ് നിലവിലുള്ളത്. കുറെ ആളുകൾ ഈ യൂണിറ്റിൽ നിന്നും പൊഴിഞ്ഞുപോയിട്ടുണ്ട്. പ്രശ്നത്തിന്റെ ആഴം കണക്കിലെടുത്താൽ ഈ പദ്ധതി പ്രകാരം ആനുകൂല്യം കിട്ടിയവർ വളരെ കുറവാണെന്ന് കാണാം. സാമൂഹ്യക്ഷേമ വകുപ്പുവഴി 44 പേർക്ക് വിധവാ പെൻഷനും, 47 പേർക്ക് വികലാംഗ പെൻഷനും 10 പേർക്ക് വാർദ്ധക്യപെൻഷനും നല്കുന്നുണ്ട്. അനർഹരായവർക്ക് പെൻഷൻ കിട്ടുന്നുണ്ടോ എന്ന് അറിവില്ല. എങ്കിലും അർഹരായിട്ടുള്ള എല്ലാവർക്കും കിട്ടുന്നില്ലെന്ന് ഒരു സാധാരണ നിരീക്ഷണത്തിൽ മനസിലാകും.

പ്രശ്നങ്ങൾ.

1. ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ വളരെ കുറച്ചു കുടുംബങ്ങൾക്കേ പ്രയോജനപ്പെടുന്നുള്ളു.
2. I.R.D.P. ലിസ്റ്റിൽ അനർഹമായ കുടുംബങ്ങൾ ഉൾപ്പെട്ടിരിക്കാനുള്ള സാധ്യത ഉണ്ട്.
3. ഇടത്തട്ടു ചൂഷണവും, അഴിമതിയും ഈ രംഗത്ത് ഉണ്ടായിരിക്കുവാൻ സാധ്യതയുണ്ട്.
4. കിട്ടുന്ന ആനുകൂല്യങ്ങൾ തന്നെ യഥാസമയം കിട്ടുന്നില്ല.

സാധ്യതകൾ

1. I.R.D.P പദ്ധതി യുദ്ധകാലാടിസ്ഥാനത്തിൽതന്നെ നടപ്പിൽ വരുത്തണം.
2. അനർഹമായ കുടുംബങ്ങൾക്ക് I.R.D.P. പദ്ധതി ആനുകൂല്യം ലഭിക്കുന്നുണ്ടോയെന്ന് പരിശോധിക്കാനും അർഹരായവരെ ലിസ്റ്റിൽപ്പെടുത്തുവാനും ഓരോ വാർഡിലും പഞ്ചായത്ത് മെമ്പറുടെ നേതൃത്വത്തിൽ ഒരു ശുപാർശ കമ്മിറ്റി ഉണ്ടാക്കുക.
3. പഞ്ചായത്ത് കമ്മിറ്റിക്ക് നേരിട്ടുള്ള മേൽനോട്ടം കൊടുക്കുക.
4. ആനുകൂല്യങ്ങൾ യഥാസമയം കിട്ടുന്നതിനുള്ള നടപടി ക്രമങ്ങൾ ലഘൂകരിക്കുക.

സഹകരണം



കോട്ടപ്പടി പഞ്ചായത്തിലെ സഹകരണപ്രസ്ഥാനം 1964 മുതലാണ് ആരംഭിക്കുന്നത്. കോട്ടപ്പടി സർവ്വീസ് സഹകരണം ബാങ്ക് E. 155 -ഉം, കോട്ടപ്പടി ഈസ്റ്റ് സർവ്വീസ് ബാങ്ക് E. 152 -ഉം 1964 -ൽ ആണ് പ്രവർത്തനം ആരംഭിക്കുന്നത്.

E. 152 ഈസ്റ്റ് സർവ്വീസ് സഹകരണബാങ്കിന്റെ പ്രവർത്തന പരിധി കോട്ടപ്പടി പഞ്ചായത്തിലെ അയിരൂർ വടാശ്ശേരി, നാഗഞ്ചേരി കരകളും പിണ്ടിമന പഞ്ചായത്തിലെ അയിരൂർപാടം കരയുമാണ്. E. 155 സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രവർത്തന പരിധി കോട്ടപ്പടി പഞ്ചായത്തിലെ നാഗഞ്ചേരി, വടാശ്ശേരി, അയിരൂർ ഒഴിച്ചുള്ള കരകളാണ്. ഈ രണ്ടു ബാങ്കിനും ചേരങ്ങനാൽ കവലയിൽ കൗണ്ടർ പ്രവർത്തിക്കുന്നു. E. 155 - ൽ 5570 മെമ്പർമാരും, E. 152 -ൽ 3417 മെമ്പർമാരും ഉണ്ട്. E. 155 തൻവർഷം 6 കോടി 82 ലക്ഷം രൂപ വായ്പ നല്കിയിട്ടുണ്ട്. 3 കോടി 4 ലക്ഷം രൂപ നിക്ഷേപമുണ്ട്. 1 കോടി 21 ലക്ഷത്തിനുമേൽ നിക്ഷേപമുള്ള E. 152 സഹകരണ ബാങ്ക് 2 കോടിയോളം രൂപ വായ്പ നല്കിയിട്ടുണ്ട്.

ഈ പഞ്ചായത്തിലെ സഹകരണസംഘങ്ങൾ

1. E.155 കോട്ടപ്പടി സർവ്വീസ് സഹകരണബാങ്ക് - ക്രെഡിറ്റ് സംഘം.
2. E. 152 കോട്ടപ്പടി സർവ്വീസ് സഹകരണബാങ്ക് - ക്രെഡിറ്റ് സംഘം.
3. കോട്ടപ്പടി മൾട്ടി പർപ്പസ് ഹരിജൻ സഹകരണസംഘം - ക്രെഡിറ്റ് സംഘം.
4. കൺസ്യൂമർ സഹകരണസംഘം - നോൺ ക്രെഡിറ്റ്
5. ചേലക്കാപ്പിള്ളി ക്ഷീരോല്പാദക സഹകരണ സംഘം - നോൺ ക്രെഡിറ്റ്.
6. വടാശ്ശേരി ക്ഷീരോല്പാദക സഹകരണസംഘം - നോൺ ക്രെഡിറ്റ്.
7. കോട്ടപ്പടി ക്ഷീരോല്പാദക സഹകരണസംഘം - നോൺ ക്രെഡിറ്റ്.
8. P.D.D.P., കോട്ടപ്പടി - നോൺ ക്രെഡിറ്റ്.
9. നിർമ്മൽ ഗ്രാം, തോളേലി - നോൺ ക്രെഡിറ്റ്.
10. നിർമ്മൽ ഗ്രാം, തൈക്കാവും പടി - നോൺ ക്രെഡിറ്റ്.

ഇതിൽ കൺസ്യൂമർ സഹകരണ സംഘത്തിന്റേയും ഹരിജൻ സഹകരണസംഘത്തിന്റേയും പ്രവർത്തനം സുഗമമായി നടക്കുന്നു എന്നു പറയാനാവില്ല. ഹരിജൻസഹകരണ സംഘത്തിൽ പ്രസ്സ് ഉണ്ടെങ്കിലും ഇപ്പോൾ പ്രവർത്തിക്കുന്നില്ല.

ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ ഒരു മധ്യവർത്തിയുടെ തൊഴിൽ മാത്രമാണ് ചെയ്യുന്നത്. പാലുല്പാദകർക്ക് കൊടുക്കുന്നതിനേക്കാൾ കൂടുതൽ വിലക്ക് കേന്ദ്ര സഹകരണസംഘത്തിൽ എത്തിച്ചുകൊടുക്കുന്ന ക്ഷീരോല്പാദക സഹകരണ സംഘങ്ങൾക്ക് നഷ്ടമുണ്ടാകുകയില്ലല്ലോ.

സഹകരണ സംഘങ്ങളുടെ പ്രവർത്തനം തൃപ്തികരമല്ലാതെ പോവുന്നതിന് പ്രധാന കാരണം സംഘങ്ങളുടെ ഗുണഭോക്താക്കളല്ലാത്തവർക്ക് വോട്ടവകാശം നല്കുന്നു എന്നതാണ്. സഹകരണ മാനേജുമെന്റിൽ വരുന്ന ജനപ്രതിനിധികൾക്ക് സഹകരണ മേഖലയെപ്പറ്റി കൂടുതലായ അറിവില്ലാത്തതും ഒരു പ്രശ്നമാണ്. സോഷ്യൽ ഓഡിറ്റിംഗ് നടപ്പാക്കുന്നതും ഗുണകരമായിരിക്കും.

പ്രശ്നങ്ങൾ

1. കാർഷിക സഹകരണ സംഘങ്ങൾ ബാങ്കിംഗ് മേഖലക്ക് മാത്രമാണ് പ്രാധാന്യം നല്കുന്നത്.
2. കൃഷി നശിച്ചാലും കൃഷിക്കാരൻ സഹകരണ ബാങ്കിൽ വായ്പ തിരിച്ചടയ്ക്കേണ്ടി വരുന്നു.

സാധ്യതകൾ.

1. കൃഷിക്കാരുടെ ഉല്പന്നങ്ങൾ ശേഖരിക്കുന്നതിനും നല്ല വിലക്ക് വില്ക്കുന്നതിനും സഹായിക്കുക.
2. കാർഷിക വായ്പകൾക്ക് സഹകരണസംഘം വിള ഇൻഷുറൻസ് ഏർപ്പെടുത്തുക.

വിഭവസമാഹരണം

കോട്ടപ്പടി ഗ്രാമ പഞ്ചായത്ത് ഒരു മലയോര പഞ്ചായത്താണ്. പഞ്ചായത്തിന്റെ തനതായ വരുമാനത്തിൽ നിന്ന് ഭരണ ചെലവുകൾ കിഴിച്ചാൽ വികസന പ്രവർത്തനങ്ങൾക്ക് നീക്കി വയ്ക്കാൻ ഫണ്ട് മിച്ചമുണ്ടാവുകയില്ല. പഞ്ചായത്തിന്റെ വരവും, ചെലവും സംബന്ധിച്ച പട്ടിക താഴെ ചേർക്കാന്നു.

ക്രമ നമ്പർ	ഇനം	വരുമാനം
1.	കെട്ടിടനികുതി	97,263.00
2.	തൊഴിൽ കരം	67,005.00
3.	വിനോദ നികുതി	3,173.00
4.	അഡീഷണൽ വിനോദ നികുതി	1,911.50
5.	ഷോ ടാക്സ്	998.00
6.	ഷോ ടാക്സ് സർചാർജ്ജ്	296.00
7.	മാർക്കറ്റ്	372.00
8.	ലൈസൻസ്	843.00
9.	വില്ലേജ് B.T വിഹിതം	64,176.00
10.	വസ്തു കൈമാറ്റ നികുതി 75%	1,15,463.00
11.	പലവക	34,656.60
12.	വസ്തുകൈമാറ്റ നികുതി 25%	1,07, 267.00
13.	നിക്ഷേപം	6,026.00
	ആകെ	4,98,850.10

ക്രമ നമ്പർ	ഇനം	ചെലവ്
1.	എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജ്	45,966.50
2.	വിദ്യാഭ്യാസം	1,650.00
3.	ജലവിതരണം, ഓടകൾ പൊതുജനാരോഗ്യം	1,450.00
4.	തെരുവുവിളക്കുകൾ	29,952.00
5.	മറ്റു ചിലവുകൾ	1,98,945.50
	ആകെ	4,77,964.00

പഞ്ചായത്തിന്റെ വരുമാനത്തിന്റെ 95.8% വും ദൈനം ദിന ഭരണ ചിലവുകൾക്കും മറ്റുമായി ചെലവിടുന്നതായി മേൽപറഞ്ഞ പട്ടികകളിൽ കാണുന്നു. പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി പൂർണ്ണമായും വിവിധ ഗ്രാന്റുകളെ ആശ്രയിക്കേണ്ടതായി വരുന്നു.

വിനോദ നികുതി ഇനത്തിൽ കിട്ടികൊണ്ടിരിക്കുന്ന വരുമാനം ഈ പഞ്ചായത്തിലെ തിയേറ്ററിൽ നിന്നുമായിരുന്നു. ടി തീയേറ്റർ ഇപ്പോൾ പ്രവർത്തനരഹിതമായിരിക്കുന്നതു കൊണ്ട് നടപ്പുവർഷം മുതൽ ആ ഇനത്തിൽ വരുമാനം ഉണ്ടാകുന്നതല്ല.

ക്രമ നമ്പർ	ഇനം	ചെലവ്
1.	മൈനർ ഇറിഗേഷൻ ഗ്രാന്റ്	2,030.00
2.	അൺടൈഡ് ഫണ്ട് S.C.P	77,000.00
3.	അൺടൈഡ് ഫണ്ട് ജനറൽ	2,35,000.00
4.	V.R.M. ഗ്രാന്റ്	38,242.00
5.	J.R.Y	2,90,886.00
	ആകെ	6,43,158.00

ഈ പഞ്ചായത്തിൽ രണ്ടു സഹകരണബാങ്കും ഫെഡറൽ ബാങ്കിന്റെ ഒരു ബ്രാഞ്ചും പ്രവർത്തിക്കുന്നു. ഈ സ്ഥാപനങ്ങളിലെ മൊത്തം നിക്ഷേപം 350,00,000/- ആണ്. ഫെഡറൽ ബാങ്കിലെ നിക്ഷേപത്തിന്റെ 71.4% വായ്പ കൊടുക്കുന്നതായ് ബാങ്ക് അധികൃതർ അവകാശപ്പെടുന്നു. എന്നാൽ ലോണിന്റെ നടപടി ക്രമങ്ങൾ അതീവ സങ്കീർണ്ണവും ലോൺ കിട്ടാനുള്ള ബുദ്ധിമുട്ടുകൾ വളരെ കൂടുതലുമാണെന്ന് സാധാരണ ജനങ്ങൾ സ്ഥിരമായി പരാതിപ്പെടുന്നു. ഇവിടെ വ്യവസായിക യൂണിറ്റുകൾ അത്യപൂർവ്വമാണെന്നുള്ള വസ്തുത നിലനിൽക്കെ ജനങ്ങളുടെ പരാതിയിൽ കഴമ്പുണ്ടെന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു. ഒരു പക്ഷേ ലോണുകൾ കൊടുക്കുന്നത് കച്ചവടക്കാർക്കും വൻകിട കൃഷിക്കാർക്കും ആയിരിക്കാം. കൂടാതെ, വ്യവസായ സംരംഭകർ മുന്നോട്ടു വരാത്തതാണ് വായ്പാവിതരണത്തിന് തടസ്സമാകുന്നതെന്ന് ടി ബാങ്ക് അധികൃതർ ആരോപിക്കുന്നു. ഈ ആരോപണത്തിന്റെ വെളിച്ചത്തിൽ ചിന്തിച്ചാലും വ്യവസായ യൂണിറ്റുകൾക്ക് വായ്പ വിതരണം ചെയ്യുന്നില്ലെന്ന് കാണുന്നു. എന്തായാലും വ്യവസായ സംരംഭത്തിന് ആളുകളെ സജ്ജമാക്കുന്നതിന് സംഘടിതമായ പ്രവർത്തനങ്ങൾ നടക്കുന്നില്ലെന്നുള്ളത് ഒരു പ്രശ്നമാണെന്ന് തോന്നുന്നു.

പഞ്ചായത്തിന് നിലവിലുള്ള ധനകാര്യാവകാശങ്ങൾ പരിമിതമാണ്. പഞ്ചായത്തിന്റെ സാഹചര്യങ്ങൾക്കനുസൃതമായ വികസന പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള പദ്ധതികൾ സ്വതന്ത്രമായി നടപ്പാക്കുന്നതിനു വേണ്ടി അൺടൈഡ് കൂടുതലായി അനുവദിക്കേണ്ടതാണ്.

ഗൾഫിൽ ജോലി ചെയ്യുന്നവരുടെ എണ്ണം ലഭ്യമല്ല. വിഭവസമാഹരണത്തെ സംബന്ധിച്ചിടത്തോളം ഈ മേഖലയുടെ സംഭാവന അത്ര വലുതല്ല. ഈ മേഖലയിലുള്ള ആളുകൾ മിക്കവാറും മുന്തിയ വേതനം കിട്ടുന്നവരല്ലാത്തതു കൊണ്ട് വിഭവസമാഹരണ രംഗത്ത് ഈ മേഖല ഫലപ്രദമായി ഉപയോഗപ്പെടുത്താൻ കഴിയുമെന്ന് തോന്നുന്നില്ല. വികസന പ്രവർത്തനങ്ങൾക്കും പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി നടപ്പാക്കുന്ന പദ്ധതികളിൽ മനുഷ്യദ്ധ്വാനം സംഭാവന ചെയ്യാനുള്ള സാദ്ധ്യതകൾ പഞ്ചായത്തിലുണ്ട്. വിദ്യാലയങ്ങളിൽ P.T.A -യുടെ നേതൃത്വത്തിൽ പല വികസന പ്രവർത്തനങ്ങളും നടപ്പാക്കിയിട്ടുണ്ട്. ഇതൊഴിച്ചാൽ മറ്റു സന്നദ്ധസംഘടനകൾ കാര്യമായ പ്രവർത്തനങ്ങളൊന്നും നടപ്പാക്കുന്നില്ല.

പ്രശ്നങ്ങൾ.

1. ഭരണച്ചെലവ് നാൾക്കുനാൾ വർദ്ധിക്കുന്നു.
2. നോമിനിയായി ചെയ്യേണ്ട മരാമത്തു ജോലികൾ കോൺട്രാക്ടർമാർ ഏറ്റെടുത്തു നടത്തുന്നതുകൊണ്ട് ധനച്ചോർച്ച ഉണ്ടാകുന്നുണ്ട്.
3. ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭിക്കുന്നതിനുള്ള നിബന്ധനകളും നടപടി ക്രമങ്ങളും സങ്കീർണ്ണമാണ്.
4. പ്രാദേശിക ആവശ്യങ്ങൾക്കനുസരിച്ചുള്ള സ്കീമുകൾ തയ്യാറാക്കി നടപ്പാക്കുന്നതിന് നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും നടപടിക്രമങ്ങളും തടസ്സമാകുന്നു.
5. സന്നദ്ധ പ്രവർത്തനങ്ങളിലെ താല്പര്യക്കുറവ് വികസനത്തിന് തടസ്സം സൃഷ്ടിക്കുന്നു.

സാധ്യതകൾ

1. ഭരണച്ചെലവുകൾ നിയന്ത്രാധീനമാക്കുക എളുപ്പമല്ല. വിഭവ സമാഹരണം വർദ്ധിപ്പിക്കുന്നതിലൂടെ മാത്രമേ ഭരണച്ചെലവുകൾ നമ്മളിലേല്പിക്കുന്ന ആഘാതം കുറയ്ക്കാൻ കഴിയൂ.
2. ഓരോ വാർഡിലും നടപ്പാക്കുന്ന മരാമത്തു പണികളും മറ്റു പദ്ധതികളും അവകളുടെ യഥാർത്ഥ ഉപഭോക്താക്കളായ ആളുകളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള സമിതിയുടെ മേൽനോട്ടത്തിൽ ഒരു നിശ്ചിത % അദ്ധ്വാനം സംഭാവനയായി വാങ്ങിക്കൊണ്ട് നടപ്പാക്കുക.
3. വായ്പാ വ്യവസ്ഥകൾ ലളിതവത്ക്കരിക്കുക.
4. നിയമങ്ങളും നടപടി ക്രമങ്ങളും സുതാര്യമാക്കുകയും പഞ്ചായത്തിന് കൂടുതൽ ഭരണാധികാരവും ഫണ്ടിന്റെ വിനിയോഗത്തിൽ വിവേചനാധികാരവും കൊടുക്കുക.
5. സന്നദ്ധസംഘടനകളെ വികസന രംഗത്ത് കർമ്മനിരതമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

സംസ്കാരം

സാധ്യതകൾ

1. സാംസ്കാരിക രംഗത്തെ നവോത്ഥാന പ്രസ്ഥാനങ്ങൾ ജനങ്ങളുടെ ഇടയിൽ നിന്നുതന്നെ ഉയർന്നുവരേണ്ടതാണ്. അതിനുവേണ്ട പ്രോത്സാഹനങ്ങൾ നല്കുവാനെ ഗവൺമെന്റിനും മറ്റ് ഏജൻസികൾക്കും കഴിയൂ. കലാകായിക രംഗങ്ങളിൽ പരിശീലനത്തിനു വേണ്ട സൗകര്യങ്ങൾ ഒരുക്കിയാൽ ഈ രംഗത്ത് വളർച്ചയുണ്ടാക്കാൻ കഴിയും. വിവിധ പ്രദേശങ്ങളിൽ വായനശാലകൾ സ്ഥാപിക്കുന്നതിന് ജനങ്ങളുടെ ഭാഗത്തുനിന്നും സംഘടിത ശ്രമം വേണം. ഇതിനായി ഗ്രന്ഥശാലാ കൗൺസിലിന്റെ സഹായങ്ങൾ പ്രയോജനപ്പെടുത്തണം.
2. കലാ-കായിക രംഗത്തെ പ്രതിഭകളെ ചെറുപ്പത്തിലെ കണ്ടെത്തി പരിശീലനം നല്കണം. കളിസ്ഥലങ്ങൾ ഇല്ലാത്ത സ്കൂളുകളിൽ അവ ഉണ്ടാക്കണം.
3. പഠിക്കാത്തവർക്കും മുതിർന്നവർക്കും കലാ-കായിക രംഗത്ത് പ്രവർത്തിക്കുവാൻ സാഹചര്യം സൃഷ്ടിക്കണം. കേരളോത്സവം പോലുള്ള മത്സരങ്ങൾ കൂടുതൽ ജനകീയമാക്കണം. കഴിയുന്നത്ര വാർഡുകളിൽ പൊതുകളിസ്ഥലം ഉണ്ടാക്കണം.
4. പഞ്ചായത്ത് ഉടമസ്ഥതയിലുള്ള വായനാശാലകളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം.
5. മൂന്നാം തോട്ടിലെ സ്റ്റേഡിയം പണി പൂർത്തീകരിക്കണം.
6. വൃജവാറ്റിനും വില്പനക്കും എതിരെ ജനമുന്നേറ്റം ഉയരണം.